2025 APRIL 19

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

## ജൂബിലി നിറവിൽ കെഎച്ച്എൻഎ കൺവൻഷൻ

## ആഗസ്ത് 17 – 19 വരെ അറ്റ്ലാന്റിക് സിറ്റിയിൽ

KHNA™

KERALA HINDUS OF NORTH AMERICA



## അമേരിക്കയിലെ പൂരത്തിനു കേളികൊട്ടുയരുന്നു

## പ്രാണനഷ്ടങ്ങളുടെ





## തീരാനൊമ്പരം...

## കൂട്ട ആത്മഹത്യകൾ


HAPPY
Akshaya Tritiya
Joyalukkas
Golden Prosperity
24K
FREE
500 MG
24K GOLD BAR
ON PURCHASE OF DIAMOND & PRECIOUS STONE JEWELLERY WORTH USD 1,000
24K
FREE
1 GM
24K GOLD BAR
OR LAKSHMI IDOL
ON PURCHASE OF DIAMOND & PRECIOUS STONE JEWELLERY WORTH USD 1,750 & GOLD JEWELLERY PURCHASE WORTH USD 5,500
24K
FREE
10 GM
24K GOLD BAR
ON PURCHASE OF DIAMOND & PRECIOUS STONE JEWELLERY WORTH USD 14,000
NO MAKING CHARGES ON 8GM GOLD COINS
PAY 10% IN ADVANCE AND GET GUARANTEED GOLD RATE PROTECTION
(Untill 30th April 2025)
0% DEDUCTION ON OLD GOLD EXCHANGE
SCAN FOR LATEST JEWELLERY COLLECTION
OFFER VALID FROM 18TH APRIL TO 4TH MAY 2025
*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936

# ജൂബിലി നിറവിൽ കെഎച്ച്എൻഎ കൺവൻഷൻ ആഗസ്ത് 17 – 19 വരെ അറ്റ്ലാന്റിക് സിറ്റിയിൽ;

# അമേരിക്കയിലെ പൂരത്തിനു കേളികൊട്ടുയരുന്നു




ന്യൂയോർക്ക്: കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെഎച്ച് എൻഎ) ഫാമിലി കൺവൻഷനും, രജത ജൂബിലി വിരാട് 25 ആഘോഷവും ആഗസ്റ് 17,18,19 തീയതികളിൽ (ഞായർ, തിങ്കൾ, ചൊവ്വാ) ന്യൂജേഴ്‌സിയിലെ അറ്റ്ലാൻറ്റിക് സിറ്റിയിലെ എം. ജി.എം. റിസോർട്ടിൽ വർണ്ണാഭമായി നടക്കുമെന്ന് പ്രസിഡന്റ് ഡോ.നിഷ പിള്ളയും മറ്റു ഭാരവാഹികളും അറിയിച്ചു. ഇൻഡ്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂ യോർക്ക് ചാപ്റ്ററയുമായി സൂമിലൂടെ നടത്തിയ വാർത്ത സമ്മേളനത്തിലാണ് കൺവൻഷന്റെ വിശദാംശങ്ങൾ അറിയിച്ചത്.

കെഎച്ച്എൻ.എ വൈസ് പ്രസിഡൻറെ സുരേഷ് നായർ, ജനറൽ സെക്രട്ടറി മധു ചെറിയേടത്തു, ട്രഷറർ രഘുവരൻ നായർ, ട്രസ്റ്റി ബോർഡ് ചെയർമാൻ ഗോപിനാഥ കുറുപ്പ്, കൺവൻഷൻ ചെയർമാൻ സുനിൽ പൈങ്കോൽ എന്നിവർ വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.

മൂന്നു ദിവസങ്ങളിയായി നടക്കുന്ന കൺവൻഷൻ വൻ വിജയമാക്കുന്നതിനു അതിവിപുലമായ ഒരുക്കങ്ങളാണ് നടന്നുവരുന്നത്. രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്നു ഭാരവാഹികൾ പറഞ്ഞു. ഏതാണ് 400-450 കുടുംബങ്ങളിൽ നിന്നുമായി 1400 മുതൽ 1500 ആളുകൾ ഈ കൺവൻഷനിൽ പങ്കെടുക്കുമെന്നാണ് കരുതുന്നത്. അമേരിക്ക, കാനഡ, മെക്സിക്കോ എന്നിവിടങ്ങളിൽ നിന്നുള്ള ഹിന്ദുസമൂഹം എത്തിച്ചേരും.

നാട്ടിലെ തൃശൂർ പൂരം പോലെ അമേരിക്കയിലെ ഹൈന്ദവ സമൂഹം ഏറ്റെടുക്കുന്ന ആഘോഷമാണ് കെഎച്ച്എൻഎ കൺവൻഷൻ. ഈ വര്ഷം ഇന്ത്യയിൽ നിന്നും അമേരിക്കയിൽ നിന്നുമായി വളരെ വിശിഷ്ട വ്യക്തികൾ പങ്കെടുക്കും. സ്വാമി ചിദാനന്ദപുരി, സ്വാമി സർവപ്രിയാനന്ദ, മുൻ കേന്ദ്രമന്ത്രിമാരായ സ്മൃതി ഇറാനി, രാജീവ് ചന്ദ്രശേഖരൻ, സാഹിത്യകാരനായ ജെ. നന്ദകുമാർ, ടിവി ചർച്ചകളിലൂടെ ശ്രദ്ധേയരായ ശ്രീജിത്ത് പണിക്കർ,












390+
SHOWROOMS
13 COUNTRIES
MALABAR
GOLD & DIAMONDS
EMBRACE THE GIFT OF GOLD
FREE GOLD COINS
on Diamond & Precious Gem Jewellery worth USD 1,500 and above
NO PRICE HIKE
Due to Tariff, at Malabar Gold & Diamonds
0%
Zero deduction
on old gold (916) exchange
100% value
on diamond exchange
Offers valid till 30th April, 2025
*T&C Apply.

അഡ്വ. ജയശങ്കർ, പരസ്യ സംവിധായകൻ ശരത് എ. ഹരിദാസൻ, അഭിനേതാക്കളായ ധ്യാൻ ശ്രീനിവാസൻ, ഗോവിന്ദ് പത്മസൂര്യ, ശിവദ, അഭിലാഷ് പിള്ള (സംവിധായകൻ-മാളികപ്പുറം) രഞ്ജൻ രാജ് (സംഗീത സംവിധായകൻ), കേരള കലാമണ്ഡലത്തിലെ കലാകാരന്മാർ എന്നിവർ ഇന്ത്യയിൽ നിന്ന് എത്തും. കൂടാതെ ശ്രീകാന്ത് പ്രധാൻ (കോൺസൽ ജനറൽ, ന്യൂയോർക്ക്), ജഡ്ജ് രാജരാജേശ്വരി (ന്യുയോർക്ക് സുപ്രീം കോടതി), ന്യു ജേഴ്സി സെനറ്റർ വിൻ ഗോപാൽ എന്നിവരും കൺവൻഷന്റെ ഭാഗമാകും.

പരിപാടികൾ ഒറ്റനോട്ടത്തിൽ:

തൃശൂർ പൂരത്തെ അനുസ്മരിക്കുന്ന തരത്തിൽ ഘോഷയാത്രയോടെ ആയിരിക്കും പരിപാടിയുടെ തുടക്കം. സംഗീതജ്ഞൻ രമേശ് നാരായണനും മകൾ മധുശ്രീയും ഒരുക്കുന്ന ഹിന്ദുസ്ഥാനി സംഗീതവിരുന്ന്, കലാമണ്ഡലത്തിലെ കലാകാരമ്മാർ അവതരിപ്പിക്കുന്ന ക്ഷേത്ര കലകൾ കോർത്തിണക്കിയ വിവിധ കലാ പരിപാടികൾ , പകൽപ്പൂരം, ഗായകൻ ഹരീഷ് ശിവരാമകൃഷ്ണന്റെ നേതൃത്വത്തിൽ 'അഗം' എന്ന മ്യൂസിക്കൽ ബാൻഡ് ഷോ, ആത്മീയനേതാക്കളുടെ പ്രഭാഷണം, യൂത്ത് ഫോറം നയിക്കുന്ന 'യൂത്ത് ഫോർ ട്രൂത്ത് ' എന്ന സംവാദം, സെലിബ്രിറ്റി നൈറ്റ്, സമഷ്ടി എന്ന തീം ബേസ്ഡ് പ്രോഗ്രാം, 'അരങ്ങ്' എന്ന പേരിൽ യൂത്ത് ഫെസ്റ്റിവൽ, ഫാൻസി ഡ്രസ് മത്സരം,വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ 'ലീല' എന്ന് നാമകരണം ചെയ്തിട്ടുള്ള ഫാഷൻ ഷോ, മെഗാ തിരുവാതിര, മോഹിനിയാട്ടം, സർവൈശ്വരീ പൂജ, ബിസിനസ് ഫോറത്തിന്റെ ആഭിമുഖ്യത്തിലുള്ള ചർച്ചകൾ, ഭക്തിമഞ്ജരി (കുരുന്നുകൾ ആലപിക്കുന്ന ഭജൻ), കളരിപ്പയറ്റ് ആസ്പദമാക്കിയുള്ള പരിപാടികൾ എന്നിങ്ങനെ ഒട്ടനവധി പ്രോഗ്രാമുകൾ മൂന്നു ദിവസം നീണ്ടു നിൽക്കുന്ന കൺവൻഷന്റെ ഭാഗമായി ഉണ്ടായിരിക്കും.

എടുത്തുപറയേണ്ട മറ്റൊരു കാര്യം, ഭക്ഷണം തയ്യാറാക്കുന്നത് പാചക കുലപതി പഴയിടം മോഹനൻ നമ്പൂതിരിയുടെയും മകൻ യദുവിന്റേയും മേൽനോട്ടത്തിലായിരിക്കുമെന്നതാണ്. കൂടാതെ ന്യൂജേഴ്‌സിയിലെ പ്രശസ്തമായ ബി.എ.പി.എസ് . ടെമ്പിൾ സന്ദേർശിക്കുന്നതിനുള്ള അവസരവും ഉണ്ടാകും. കൺവൻഷനോടനുബന്ധിച്ചു മീഡിയ സെമിനാറും നടത്തും .

നാലാമത് ആർഷദർശന പുരസ്കാരം ഡോ.എം.ലീലാവതി ടീച്ചറിന് 'കെഎച്ച്എൻഎ ഫോർ കേരള' എന്ന പരിപാടിയിൽ വച്ച് സമ്മാനിച്ചിരുന്നു. ഒരു ലക്ഷം രൂപയും ഫലകവുമാണ് പുരസ്കാരമെങ്കിലും ടീച്ചർ തുക സ്നേഹത്തോടെ നിരസിക്കുകയും, ആ പണം ചാരിറ്റിയിലേക്ക് വകയിരുത്തുകയും ചെയ്തുവെന്ന് പ്രസിഡൻമാറ് ഡോ നിഷ പിള്ള പറഞ്ഞു. ആദിവാസി മേഖലയ്ക്കും വിദ്യാഭ്യാസ രംഗത്തും ഒരു കോടി രൂപയുടെ ചാരിറ്റി സഹായം എത്തിച്ചു . ചലച്ചിത്ര പുരസ്കാരം നടൻ ശ്രീനിവാസന് നൽകി.

പതിവ് പോലെ കൺവൻഷന് അനുബന്ധമായി പുതിയ ഭരണസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കും. ലൈഫ് മെമ്പേഴ്സ്, കൺവൻഷനിൽ പങ്കെടുക്കുന്ന 18 കഴിഞ്ഞവർ തുടങ്ങിയവരാണ് വോട്ടർമാർ. ഡോ. അനിത മേനോനിലൂടെ (മേരിലാൻഡ്) കെഎച്ച്എൻഎയ്ക്ക് ആദ്യമായൊരു വനിതാ ഇലക്ഷൻ കമ്മീഷണറെ ലഭിക്കുന്ന വിവരവും പ്രസിഡന്റ് അറിയിച്ചു. ശ്യാംകുമാർ (പെൻസിൽവേനിയ), ഡോ രശ്മി മേനോൻ (അരിസോണ) എന്നിവരാണ് കമ്മീഷനിലെ മറ്റു അംഗങ്ങൾ.

രജിസ്ട്രേഷൻ, അമേരിക്കയ്ക്ക് അകത്തും പുറത്തുനിന്നുമുള്ള സ്പോൺസർഷിപ്പ് ,സൂവനീർ എന്നിങ്ങനെയുള്ള രീതിയിലാണ് പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എത്തുന്നത്. സ്കോളർഷിപ്പ് വിതരണം, നവീനമാക്കിയ മാട്രിമോണിയൽ വെബ്സൈറ്റ് ഉദ്ഘാടനം എന്നിവക്ക് പുറമെ മണ്ണാറശ്ശാലയിലെ സാവിത്രി അന്തർജ്ജനത്തിന് അദ്വൈത പുരസ്കാരം സമ്മാനിക്കുമെന്നും ട്രസ്റ്റ് ബോർഡ് ചെയർ ഗോപിനാഥ കുറുപ്പ് അറിയിച്ചു.

ഹിന്ദുമത യഥാർത്ഥത്തിൽ മനസിലാക്കാത്തതാണ് ഹിന്ദു സമൂഹം അമേരിക്കയിൽ നേരിടുന്ന ഹിന്ദുഫോബിയ പോലുള്ള പ്രശ്നങ്ങളുടെ കാരണം എന്നും കെഎച്ച്എൻഎ പോലുള്ള സംഘടന പ്രസക്തമാകുന്നത് അതുകൊണ്ടാണെന്നും പ്രസിഡന്റ് അഭിപ്രായപ്പെട്ടു. ജാതിസമ്പ്രദായമാണ് ഹിന്ദുമതമെന്നും മറ്റുമാണ് പഠിപ്പിക്കുന്നതും പലരും കരുതുന്നതും. ഹിന്ദുമതം എന്തെന്ന് അറിയാത്തതു കൊണ്ടാണിത് സംഭവിക്കുന്നത്. സനാതന സംസ്കാരത്തെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അവർ സംസാരിച്ചു. അത് നീ തന്നെയാണ് എന്ന് കണ്ടെത്തുന്ന അദ്വൈത ദർശനമാണ് ഹിന്ദുമതത്തിന്റെ കാതൽ. അവിടെ എത്തിപ്പെടുക എളുപ്പമല്ല. ഹിന്ദുക്കൾക്ക് പോലും അവയെപ്പറ്റി ഗ്രാഹ്യം പോരാ. അപ്പോൾ മറ്റുള്ളവർക്ക് മനസിലാകാത്തതിൽ അതിശയമില്ല.

മുൻകാലങ്ങളിൽ പലതും സംഭവിച്ചിരിക്കാമെന്നും അത് വച്ച് ഇന്ന് ഹൈന്ദവ വിശ്വാസത്തെ വിലയിരുത്തുന്നതിൽ അർത്ഥമില്ല എന്നും വൈസ് പ്രസിഡന്റ് സുരേഷ് നായർ ചൂണ്ടിക്കാട്ടി.

സംഘടനാ രമഗത്തെ വിവാദങ്ങൾ സാധാരണക്കാരിലേക്ക് എത്താതെ ഇരിക്കുന്നിടത്താണ് നേതൃത്വത്തിന്റെ വിജയമെന്നും നിഷ പിള്ള അഭിപ്രായപ്പെട്ടു. സംഘടനയിൽ ഭിന്നതയൊന്നുമില്ല. ഏതാനും ചിലർക്ക് ചില മാറ്റങ്ങൾ അംഗീകരിക്കാനാവുന്നില്ല എന്നതാണ് പ്രശനം. 'മന്ത്ര'യുടെ പ്രവർത്തനത്തോടും എതിർപ്പില്ല. ഒരേ ആശയമുള്ള ഒരു സംഘടന കൂടി ഉണ്ടാവാൻ മാത്രം ഹിന്ദു ജനസംഖ്യ ഇപ്പോഴുണ്ട്. ട്രസ്റ്റി ബോർഡിനല്ല, എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ് സംഘടനയുടെ അധികാരമെന്നും അവർ വ്യക്തമാക്കി. ട്രസ്റ്റി ബോർഡ് ചില കാര്യങ്ങൾക്ക് ചുമതലയുള്ള അഡ്വൈസറി ബോർഡ് മാത്രമാണ്. അധികാര കൈമാറ്റം, മാട്രിമോണിയും സ്കോളർഷിപ്പും കൈകാര്യം ചെയ്യുക എന്നിങ്ങനെയുള്ള ഉത്തരവാദിത്തങ്ങളാണ് ട്രസ്റ്റി ബോർഡിനുള്ളത് .

'നീ തന്നെ ഈശ്വരനായിട്ട് വരണം' എന്ന തത്വമസിയിൽ ഉൾക്കൊള്ളുന്ന ആശയം ഉൾക്കൊണ്ട് ജീവിക്കാൻ ബുദ്ധിമുട്ടാണെങ്കിലും അതിനായി ശ്രമിക്കണമെന്നും അവർ ഓർമ്മിപ്പിച്ചു. വേരുകളിൽ നിന്ന് അകന്നുപോകാതെ രണ്ടാം തലമുറയെ മുന്നോട്ടുകൊണ്ടുപോകുകയും മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് അവരെ ആനയിക്കുന്നതും ഉൾപ്പെടെ നിരവധി ലക്ഷ്യങ്ങൾ കെഎച്ച്എൻഎ യ്ക്ക് ഉണ്ടെന്നും ഭാരവാഹികൾ അറിയിച്ചു. നമ്മുടെ യുവതലമുറയെ ഹൈന്ദവ വിശ്വാസത്തിലും പാരമ്പര്യത്തിലും നിലനിർത്താൻ കഴിഞ്ഞു എന്നാതാണ് കാൽ നൂറ്റാണ്ട് കൊണ്ട് കെ.എച്ച്.എൻ.എ കൈവരിച്ച നേട്ടം. ഇപ്പോൾ പുതിയ തലമുറ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്നവരായി. ഇതിനു വഴിയൊരുക്കിയ മുൻ ഭാരവാഹികളെ ആദരിക്കുന്നു.

ഐ.പി.സി.എൻ.എ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി ആയിരുന്നു കോ-ഓർഡിനേറ്റർ. പ്രസ് ക്ലബ്ബിനെ പ്രതിനിധീകരിച്ച് നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ ജനറൽ സെക്രട്ടറി ഷിജോ പൗലോസ്, ന്യൂയോർക്ക് ചാപ്റ്റർ സെക്രട്ടറി ജോജോ കൊട്ടാരക്കര, ട്രഷറർ ബിനു തോമസ് , ജെ.മാത്യു, സജി എബ്രഹാം ,ബിജു കൊട്ടാരക്കര, മാത്തുക്കുട്ടി ഈശോ, രാജു പള്ളത്ത്, മുൻ പ്രസിഡന്റുമാരായ ജോർജ്ജ് ജോസഫ്, മധു കൊട്ടാരക്കര തുടങ്ങിയവർ പങ്കെടുത്തു.

# കേരളത്തിൽ അമ്പരപ്പിക്കുംവിധം കൂട്ട ആത്മഹത്യകൾ വർധിക്കുന്നു; പരിഹാരം അകലെയല്ല




**എ.എസ് ശ്രീകുമാർ**

അടുത്ത കാലത്തായി കേരളത്തിൽ കൂട്ട ആത്മഹത്യകൾ വർധിക്കുന്നത് അമ്പരപ്പിക്കുന്ന ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്നു. കുടുംബം ഒന്നടങ്കമുള്ള ആത്മഹത്യയേക്കാൾ, കുട്ടികളെയും നിർബന്ധിച്ചു കൊണ്ടുള്ള അമ്മമാരുടെ ആത്മഹത്യകളാണ് നമ്മെ വല്ലാതെ ഞെട്ടിച്ചിരിക്കുന്നത്. കഴിഞ്ഞ 15-ാം തീയതി കോട്ടയം, ഏറ്റുമാനൂർ പുളിങ്കുന്ന് കടവിൽ സ്കൂട്ടറിൽ എത്തിയ അമ്മയും രണ്ട് മക്കളും ആറ്റിൽ ചാടി മരിച്ചത് ഈ പട്ടികയിലെ അവസാനത്തേതായി കരുതാനാവില്ല. ഹൈക്കോടതിയിലെ അഭിഭാഷകയും അയർക്കുന്നം സ്വദേശിനിയുമായ ജിസ് മോൾ തോമസ് (34), നാല് വയസ്സുള്ള മകൻ നോഹ, രണ്ട് വയസ്സുള്ള മകൾ നോറ എന്നിവരാണ് മരിച്ചത്.

മുത്തോലി പഞ്ചായത്ത് മുൻ അംഗമായിരുന്ന ജിസ് മോൾ 2019-2020 കാലയളവിൽ പഞ്ചായത്ത് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഇതിനു മുൻപ് വീട്ടിൽവെച്ച് കൈത്തണ്ട മുറിച്ചും മക്കൾക്ക് വിഷം നൽകിയും ജീവനൊടുക്കാൻ ജിസ്മോൾ ശ്രമിച്ചിട്ടുണ്ട്. ജിസ്മോളും ഭർത്തൃമാതാവും തമ്മിൽ ചില അസ്വാരസ്യങ്ങൾ ഉണ്ടായിരുന്നതായും പറയപ്പെടുന്നു. മരിക്കുന്നതിന് മുമ്പ് ജിസ് മോൾ അച്ഛനെ വിളിച്ചിരുന്നു. മക്കളെയും കൂട്ടി ജീവനൊടുക്കാൻ പോകുകയാണെന്ന് പറഞ്ഞ് ജിസ്മോൾ ഫോൺ വച്ച ഉടൻ അച്ഛൻ ജിസ്മോളുടെ ഭർത്താവ് ജിമ്മിയെ വിളിച്ച് കാര്യം പറഞ്ഞു. ജിമ്മി എത്തിയപ്പോൾ കണ്ടത് പൂട്ടിക്കിടക്കുന്ന വീടാണ്. കാൻസർ ബാധിതയായ അമ്മയ്ക്കൊപ്പം ആശുപത്രിയിലായിരുന്നു ജിമ്മി.

സമാനമായ ഒരു സംഭവമാണ് ഇക്കഴിഞ്ഞ ഫെബ്രുവരി 28-ന് ഏറ്റുമാനൂരിൽ തന്നെ ഉണ്ടായത്. ഭർത്താവുമായി അകന്ന് ഏറ്റുമാനൂരിലെ പറോലിക്കലിലെ സ്വന്തം വീട്ടിൽ കഴിയുകയായിരുന്ന ഷൈനി (43) മക്കളായ അലീന എലിസബത്ത് (11), ഇവാന മരിയ (10) എന്നിവരെ കൂട്ടി ട്രെയിനിന് മുന്നിൽ ചാടി ആത്മഹത്യ ചെയ്തസംഭവം നാടിന്റെ നൊമ്പരമായി. കടുത്ത മദ്യപാനിയായ ഭർത്താവ് തൊടുപുഴ ചുങ്കം ചേരിയിൽ വലിയപറമ്പിൽ നോബി ലൂക്കോസിന്റെ നിരന്തരമായ മർദനത്തിൽ സഹികെട്ടാണ് ഷൈനി ഈ കടുംകൈ ചെയ്തത്. സംഭവത്തിന്റെ തലേന്ന് നോബി ഫോൺ വിളിച്ച് ഷൈനിയോട് ''കുഞ്ഞുങ്ങളെയും കൊണ്ട് ഇരിക്കാതെ പോയി മരിച്ചൂടേ...''



**ഒരു വ്യക്തി ജീവനൊടുക്കുമ്പോൾ ഇല്ലാതാവുന്നത് ആ ഒരാൾ മാത്രമല്ല. മരിച്ചയാളുമായി ബന്ധപ്പെട്ട ഓരോരുത്തരെയും ആ മരണം പലവിധത്തിലാണ് ബാധിക്കുക. ആത്മഹത്യ ചെയ്യുന്നവർ തങ്ങളുടെ പ്രിയപ്പെട്ടവർക്കു തീരാസങ്കടം നൽകിയാണ് കടന്നുപോകുന്നത്. ഒരു മുഴം കയറിലോ ഒരിറ്റ് വിഷത്തിലോ റെയിൽവേ ട്രാക്കിലോ പുഴയിലോ ജീവിതം അവസാനിപ്പിച്ചേക്കാം എന്ന അറ്റകൈ തീരുമാനങ്ങളെടുക്കുംമുമ്പ്, തങ്ങൾ നേരിടുന്ന വേദനയെക്കുറിച്ച് പറയാൻ ആ വ്യക്തികളും, അതു കേൾക്കാനും പരിഹരിക്കാനും ഉറ്റവരും കൂടി തയ്യാറായാൽ വിലപ്പെട്ട ജീവനുകൾ പൊലിയാതെ കാത്തുസൂക്ഷിക്കാനാവും.**

എന്ന് ചോദിച്ചുവെന്ന് ഷൈനിയുടെ പിതാവ് കുര്യാക്കോസ് വെളിപ്പെടുത്തിയിരുന്നു. നോബി ഇപ്പോൾ ജാമ്യത്തിലിറങ്ങിയിട്ടുണ്ട്.

ഇതിന് പുറമെ വിവിധ കാരണങ്ങളാൽ നിത്യേനെയുള്ള ആത്മഹത്യകൾ മാധ്യമങ്ങളിൽ ഇടംപിടിക്കുകയും ചെയ്യുന്നു. ഒരാൾ അനുഭവിക്കുന്ന മാനസികവും ശാരീരികവുമായ പീഢനങ്ങളുടെ പേരിൽ ഒന്നുമറിയാത്ത നിരപരാധികളും നിഷ്കളങ്കരുമായ പിഞ്ചു കുഞ്ഞുങ്ങളുടെ ജീവനുകൾ കൂടി ഹോമിക്കപ്പെടുന്നത് കൊലപാതകമാണ്, കൊടും ക്രൂരതയാണ്. നാളെ മാതൃകയായി നമ്മുടെ നാട്ടിൽ വളർന്ന് വലുതായു സമൂഹത്തിന്റെ സ്വത്തായി ജീവിക്കേണ്ടവരെയാണ് ഒരു നിമിഷത്തെ വികാര വിക്ഷോഭത്തിൽ തല്ലിക്കെടുത്തുന്നത്.

കേരളത്തിൽ വർഷം തോറും കൂട്ടമായും അല്ലാതെയുമുള്ള ആത്മഹത്യകൾ കൂടിവരികയാണെന്ന് സ്റ്റേറ്റ് ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കുകൾ വ്യക്തമാക്കുന്നു. കൂടുതൽ ആത്മഹത്യകളും കുടുംബപ്രശ്നത്തിന്റെ പേരിലാണ്. ആത്മഹത്യയുടെ കാര്യത്തിൽ കേരളം അപകടകരമായ സാഹചര്യത്തെ അഭിമുഖീകരിക്കുകയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ അവിവാഹിതരിൽ ആത്മഹത്യ കൂടുതലായി കാണുന്ന പ്രവണതയാണുള്ളത്.

എന്നാൽ കേരളത്തിൽ മറിച്ചാണ് സംഭവിക്കുന്നത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തത് തിരുവനന്തപുരത്താണ്–1,611. വയനാട്ടിലാണ് ഏറ്റവും കുറവ്–354.

സാധാരണഗതിയിൽ വിഷാദരോഗം, ബൈപോളാർ ഡിസോർഡർ, സ്കീസോഫ്രീനിയ, അമിത മദ്യപാനം, മയക്കുമരുന്നുപയോഗം തുടങ്ങിയ മാനസിക രോഗങ്ങൾ കാരണമുണ്ടാകുന്ന നിരാശയാണ് ആത്മഹത്യയിലേയ്ക്ക് നയിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ, തൊഴിൽ നഷ്ടപ്പെടുക, രോഗം, കുടുംബ പ്രശ്നങ്ങൾ, മനുഷ്യ ബന്ധങ്ങളിലെ പാകപ്പിഴകൾ, കലഹം, കുറ്റബോധം, പ്രണയനൈരാശ്യം, ബ്ലാക്ക്മെയിലിങ്, പരീക്ഷയിലെ പരാജയം, അടുത്ത ബന്ധുവിന്റെ മരണം, ബലാത്സംഗം, മാനസികാരോഗ്യ സേവനങ്ങളുടെ ലഭ്യതക്കുറവ് തുടങ്ങിയവ മൂലമുണ്ടാകുന്ന സംഘർഷങ്ങൾ തുടങ്ങി പല കാരണങ്ങളും ആത്മഹത്യകൾക്കു പിന്നിലുണ്ട്.

ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നവർ തീവ്രമായ മാനസിക വേദനയും വിഷാദവും അനുഭവിക്കുന്നു. ഇത് പെട്ടെന്നുണ്ടാകുന്ന പ്രതിഭാസമല്ല. ചെറിയ വിഷാദത്തിൽ തുടങ്ങി, കാലക്രമേണ അത് കൂടുതൽ തീവ്രമാകുന്നു. ഈ വിഷാദം ക്രമേണ ഗുരുതര മാനസികാവസ്ഥയിലേക്ക് വളരുകയും അവസാനം ആത്മഹത്യാ ചിന്തകൾ ഉണ്ടാവുകയും ചെയ്യുന്നു.

തങ്ങളുടെ പ്രശ്നങ്ങൾക്ക് മറ്റു പരിഹാര മാർഗങ്ങൾ ഒന്നുംതന്നെ ഇല്ലെന്ന് വിശ്വസിക്കുകയും ജീവിതത്തിൽനിന്ന് രക്ഷപ്പെടുക എന്നതാണ് ഏക മാർഗമെന്ന് അവർ കരുതുന്നു. നിസ്സഹായത, ഏകാന്തത, ഉയർന്ന തോതിലുള്ള അപകർഷബോധം, മൂല്യമില്ലായ്മ, സങ്കടം എന്നീ വികാരങ്ങൾ അവരെ അലട്ടുന്നു. നിരന്തര മാനസിക സമ്മർദം, വിഷാദരോഗം, ഉത്കണ്ഠ, കടുത്ത ലഹരി ഉപയോഗം തുടങ്ങിയവ ആത്മഹത്യയിലേക്ക് നയിക്കുന്നു.

ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നവരും വലിയ സമ്പത്തിൽ ജീവിക്കുന്നവരും ഒരുപോലെ അത്മഹത്യയിൽ അഭയം തേടുമ്പോൾ അതിന്റെ കാരണം കണ്ടെത്തുക പ്രയാസമാണ്.

ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിലുണ്ടാവുന്ന, പരിഹരിക്കാനോ അഭിമുകീകരിക്കാനോ കഴിയില്ലെന്ന് ഉറച്ച് വിശ്വസിക്കുന്ന പ്രശ്നങ്ങളാവാം ആത്മഹത്യയുടെ കാരണം. എന്നാൽ അതിനേക്കാളൊക്കെ ഗുരുതരമായ പ്രതിസന്ധികളിലൂടെ കടന്നുപോകുന്നവരുടെ ചിന്തയിൽ ആത്മഹത്യയില്ല എന്നതും യാഥാർത്ഥ്യമാണ്.

ഒരു വ്യക്തി ജീവനൊടുക്കുമ്പോൾ ഇല്ലാതാവുന്നത് ആ ഒരാൾ മാത്രമല്ല. മരിച്ചയാളുമായി ബന്ധപ്പെട്ട ഓരോരുത്തരെയും ആ മരണം പലവിധത്തിലാണ് ബാധിക്കുക. ആത്മഹത്യ ചെയ്യുന്നവർ തങ്ങളുടെ പ്രിയപ്പെട്ടവർക്കു തീരാസങ്കടം നൽകിയാണ് കടന്നുപോകുന്നത്. ഒരു മുഴം കയറിലോ ഒരിറ്റ് വിഷത്തിലോ റെയിൽവേ ട്രാക്കിലോ പുഴയിലോ ജീവിതം അവസാനിപ്പിച്ചേക്കാം എന്ന അറ്റകൈ തീരുമാനങ്ങളെടുക്കുംമുമ്പ്, തങ്ങൾ നേരിടുന്ന വേദനയെക്കുറിച്ച് പറയാൻ ആ വ്യക്തികളും, അതു കേൾക്കാനും പരിഹരിക്കാനും ഉറ്റവരും കൂടി തയ്യാറായാൽ വിലപ്പെട്ട ജീവനുകൾ പൊലിയാതെ കാത്തുസൂക്ഷിക്കാനാവും.

**ശ്രദ്ധിക്കുക:** ആത്മഹത്യ ഒന്നിനും പരിഹാരമല്ല, മാനസികാരോഗ്യ വിദഗ്ധരുടെ സഹായം തേടുക, അതിജീവിക്കാൻ ശ്രമിക്കുക. അത്തരം ചിന്തകളുള്ളപ്പോൾ 'ദിശ' ഹെൽപ് ലൈനിൽ വിളിക്കുക. ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ: 1056, 0471-2552056. ഇത് കേരള സർക്കാരിന്റെ ഒരു മുന്നറിയിപ്പാണ്.


Investment Opportunity:
Premium Villa
& High-Rise
Development in Prime Location
Unlock a Lucrative Real Estate Venture in Kerala
Prime 3-acre property facing the newly developed NH 66, near Neendakara Bridge.
For detailed investment plans and partnership opportunities, Please Contact:
Jaikumar (India): 91-9447060606
Paul Morris (USA): 1-626-390-9490
Email: Paul.Morris82@yahoo.com

# നടി വിൻസയെ അപമാനിച്ച നടൻ ഷൈൻ ടോം ചാക്കോ കഞ്ചാവ് കേസിൽ കുടുങ്ങും




**എ.എസ് ശ്രീകുമാർ**

മലയാള സിനിമാ നടൻമാർക്കിടയിലെ മോശമല്ലാത്ത 'ഡ്രഗ് അഡിക്ട്' എന്ന് പേരെടുത്ത ഷൈൻ ടോം ചാക്കോ താമസിയാതെ അറസ്റ്റിലാവും. അതിന് തക്കതായ തെളിവുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ട് എന്നാണ് വിവരം. നടി വിൻസി അലോഷ്യസിനെ അപമാനിച്ചതും ആലപ്പുഴയിലെ ഹൈബ്രിഡ് കഞ്ചാവ് വേട്ടയുമാണ് ഇപ്പോൾ നടന് കുരുക്കായിരിക്കുന്നത്. കഴിഞ്ഞ ദിവസം കൊച്ചി കലൂരിലെ ഹോട്ടലിൽ നിന്നും തനിഴ്നാട്ടിലേയ്ക്ക് മുങ്ങിയിരിക്കുകയാണ് ഷൈൻ ചാക്കോ.

ലഹരി ഉപയോഗം പരിശോധിക്കാനെത്തിയ ഡാൻസാഫ് (ഡിസ്ട്രിക്ട് ആന്റി നാർകോട്ടിക് സ്പെഷൽ ആക്ഷൻ ഫോഴ്സ് -DANSAF) ഉദ്യോഗസ്ഥരെ വെട്ടിച്ച് അതിസാഹസികമായാണ് ഷൈൻ ടോം ചാക്കോ രക്ഷപ്പെട്ടത്. കഴിഞ്ഞ 16-ാം തീയതി ബുധനാഴ്ച രാത്രി 10.40-നാണ് കലൂരിലെ പി.ജി.എസ് വേദാന്ത ഹോട്ടലിൽ ലഹരി പരിശോധനയ്ക്കായി ഡാൻസാഫ് ഉദ്യോസ്ഥർ എത്തിയത്. ഹോട്ടലിൽ മയക്കുമരുന്ന് ഉപയോഗം നടക്കുന്നുണ്ടെന്നും ഒരു ഡ്രഗ് ഡീലർ അവിടെ താമസിക്കുന്നുണ്ടെന്നുമുള്ള വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഡാൻസാഫ് സംഘം എത്തിയത്.

ഷൈൻ ടോം ചാക്കോയും മേക്കപ്പ്മാനായ മുർഷിദും അനന്തകൃഷ്ണൻ എന്നൊരാളും മൂന്നാം നിലയിലെ 314-ാം നമ്പർ മുറിയിൽ അപ്പോൾ ഉണ്ടായിരുന്നു. ഡാൻസാഫ് സംഘം വാതിലിൽ മുട്ടിയപ്പോൾ തുറന്നത് മുർഷിദാണ്. ഷൈൻ മുറിയിലുണ്ടായിരുന്നുവെന്ന് മുർഷിദും അനന്തകൃഷ്ണനും സമ്മതിച്ചു. പരിശോധനയിൽ മദ്യക്കുപ്പികളല്ലാതെ ലഹരി വസ്തുക്കളൊന്നും കണ്ടെത്തിയില്ല. ഇതിനിടെ ജനൽ വഴി രണ്ടാം നിലയിലെ ഷീറ്റിലേക്കാണ് ഒരു സർക്കസുകാരന്റെ മെയ്വഴക്കത്തോടെ ഷൈൻ ചാടിയത്. ചാട്ടത്തിന്റെ ആഘാതത്തിൽ ഷീറ്റ് പൊട്ടുകയും ചെയ്തു. അവിടെനിന്ന് രണ്ടാം നിലയിലുള്ള സ്വിമ്മിങ് പൂളിലേക്ക് ചാടിയ ഷൈൻ സ്റ്റെയർകെയ്സിലൂടെ ലോബിയിലെത്തി ഓടിപ്പോവുകയായിരുന്നു.

ഇതിന്റെ സി.സി.ടി.വി ദൃശ്യങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്നുണ്ട്. ഹോട്ടലിന്റെ പുറത്തുകടന്ന ഷൈൻ തന്റെ ടൂവീലറിൽ ബോൾഗാട്ടി പാലസിലെത്തി മുറിയെടുക്കുകയും വെളുപ്പിന് മൂന്ന് മണിയോടെ അവിടെനിന്ന് ഒരു വെള്ള അംബാസിഡർ കാറിൽ സ്ഥലം വിടുകയുമായിരുന്നു. പിന്നെ ഇയാളെപ്പറ്റി വിവരങ്ങളൊന്നും കിട്ടിയില്ല. മൊബൈൽ ലൊക്കേഷൻ തമിഴ്നാടാണ് സൂചിപ്പിച്ചത്. എന്നാൽ പിന്നെ ഫോൺ ഓഫായി. ഹോട്ടലിൽ നിന്ന് രക്ഷപ്പെട്ട ശേഷം പോലീസിനെയും എക്സൈസിനെയും പരിഹസിച്ചു കൊണ്ട് ഷൈൻ സോഷ്യൽ മീഡിയയിൽ പോസ്റ്റിട്ടിരുന്നു.

ഏതായാലും ചോദ്യം ചെയ്യലിന് ഹാജരാവാൻ ആവശ്യപ്പെട്ട് നടൻ ഷൈൻ ടോം ചാക്കോയ്ക്ക് പോലീസ് നോട്ടീസ് നൽകിയിട്ടുണ്ട്. തൃശ്ശൂർ മുണ്ടൂരിലെ വീട്ടിലെത്തി നൽകിയ നോട്ടീസിൽ ശനിയാഴ്ച രാവിലെ പത്തുമണിക്ക് എറണാകുളം നോർത്ത് എസ്.ഐക്ക് മുമ്പിൽ ഹാജരാവാനാണ് നിർദേശം. അന്വേഷണവുമായി നടൻ ഷൈൻ

**അടുത്തയിടെ, ആലപ്പുഴയിൽ നിന്ന് രണ്ട് കോടി രൂപയുടെ ഹൈബ്രിഡ് കഞ്ചാവുമായാണ് സിനിമാ ബന്ധമുള്ള യുവതിയെ എക്സൈസ് പിടികൂടിയിരുന്നു. നടന്മാരായ ഷൈൻ ടോം ചാക്കോയ്ക്കും ശ്രീനാഥ് ഭാസിക്കും കഞ്ചാവ് കൈമാറിയെന്നാണ് ചെന്നൈ സ്വദേശിനി ക്രിസ്റ്റീന എന്ന തസ്ലിമ സുൽത്താന പറഞ്ഞത്.**



ടോം ചാക്കോ സഹകരിക്കുമെന്ന് ഷൈനിന്റെ പിതാവ് സി.പി ചാക്കോ വ്യക്തമാക്കിയിട്ടുണ്ട്. താരസംഘടനയായ 'അമ്മ'യുടെ നോട്ടീസിന് മറുപടി നൽകുമെന്നും കുടുംബത്തിന് ഇതേവരെ ഷൈനുമായി ബന്ധപ്പെടാൻ കഴിഞ്ഞിട്ടില്ലെന്നുമാണ് ചാക്കോ പറയുന്നത്. തിങ്കളാഴ്ചക്കുള്ളിൽ വിശദീകരണം നൽകിയില്ലെങ്കിൽ ഷൈനിനെ പുറത്താക്കണമെന്ന് ആവശ്യപ്പെടുമെന്നാണ് അമ്മ ഭാരവാഹികൾ സൂചിപ്പിച്ചത്.

യുവ നടി വിൻസി അലോഷ്യസ് താരസംഘടനയ്ക്കും മറ്റും നൽകിയ ഒരു പരാതിയാണ് ഷൈൻ ചാക്കോയുമായി ബന്ധപ്പെട്ട ഇപ്പോഴത്തെ വിവാദങ്ങൾക്ക് കാരണമായത്. 'സൂത്രവാക്യം' എന്ന സിനിമയുടെ ലൊക്കേഷനിൽ വച്ച് നടൻ തന്നോട് മോശമായി പെരുമാറിയെന്നായിരുന്നു പരാതി. നടന്റെ പേര് വെളിപ്പെടുത്തരുതെന്ന് വിൻസി ആവശ്യപ്പെട്ടിരുന്നെങ്കിലും ഷൈന്റെ പേര് ചോർന്നു. ലൊക്കേഷനിൽ വച്ച് വെളുത്ത പൊടി വായിലിട്ട് ചവച്ച ശേഷം തുപ്പിക്കളഞ്ഞ ഷൈൻ താൻ ഡ്രസ് മാറാൻ പോയപ്പോൾ, കൂടെ വരാമെന്നും ഡ്രസ് മാറാൻ സഹായിക്കാമെന്നുമാണ് ഷൈൻ പറഞ്ഞതെന്നാണ് വിൻസിയുടെ പരാതി.

ഷൈന്റെ പേര് പുറത്തായതോടെ നടൻ കൂടുതൽ കുരുക്കിലാവുകയായിരുന്നു. എന്നാൽ നടനെതിരെ പോലീസിൽ പരാതി കൊടുക്കാൻ താത്പര്യമില്ലെന്നാണ് വിൻസിയുടെ നിലപാട്. ഷൈനിനെതിരായ വെളിപ്പെടുത്തലിനെ പറ്റി മൊഴി നൽകണമെന്നാവശ്യപ്പെട്ട് എക്സൈസ് ഉദ്യോഗസ്ഥർ വിൻസിയുടെ കുടുംബത്തെ സമീപിച്ചെങ്കിലും അന്വേഷണവുമായി സഹകരിക്കാനില്ലെന്ന നിലപാട് നടി ആവർത്തിച്ചു. വിൻസി പരാതി നൽകാതെ കേസ് എടുക്കാനാവില്ലെന്ന നിലപാടിലാണ് പൊലീസും.

ആ നടന്റെ പേരും സിനിമയുടെ പേരും പുറത്തു പറയരുതെന്ന് പരാതിയിൽ പ്രത്യേകം പറഞ്ഞിരുന്നുവെന്നും അത് എങ്ങനെയാണ് മാധ്യമങ്ങൾക്ക് മുന്നിൽ എത്തിയതെന്ന് അറിയില്ലെന്നുമാണ് വിൻസി പ്രതികരിച്ചത്. ഒരാളുടെ മോശം പെരുമാറ്റം കാരണം ഒരു സിനിമ മുഴുവൻ അതിന്റെ പ്രശ്നങ്ങൾ അനുഭവിക്കരുതെന്നും അദ്ദേഹം അഭിനയിച്ച പുറത്തിറങ്ങാനുള്ള സിനിമകളുടെ ജയപരാജയങ്ങളെ ബാധിക്കരുതെന്നും കരുതിയാണ് പേര് വെളിപ്പെടുത്താതിരുന്നതെന്നും വിൻസി വ്യക്തമാക്കി.

വിൻസി നിയമ നടപടികളെടുത്തില്ലെങ്കിലും പോലീസിന് സ്വമേധയാ കേസെടുക്കാവുന്നതാണ്. സ്ത്രീത്വത്തെ അപമാനിച്ചതിന് ഐ.പി.സി 354 എ, ബി, സി, ഡി വകുപ്പു പ്രകാരം പരാതിയുണ്ടെങ്കിൽ പോലീസിന് കേസെടുക്കാം. ലഹരി ഉപയോഗിച്ചതായുള്ള വിൻസിയുടെ സ്റ്റേറ്റ്മെന്റ് ഷൈൻ ചാക്കോയെ സംബന്ധിച്ചിടത്തോളം വലിയ ഒഫൻസാണ്. എന്നാൽ ഹോട്ടലിൽ നിന്ന് ചാടി രക്ഷപ്പെട്ടത് ഒരു കുറ്റകൃത്യമായി കണക്കാക്കാനാകില്ല.

അമ്മയും പ്രൊഡ്യൂസേഴ്സ് അസോസിയേഷനും ഫെഫ്കയും ഫിലിം ചേംബറും ഷൈനിനെതിരെ അവരുടേതായ നടപടികളെടുക്കുമത്രേ. ഷൈനിനെ ഫോണിൽ കിട്ടാത്തതിനാൽ താരസംഘടനയുടെ അന്വേഷണ റിപ്പോർട്ടും വൈകുകയാണ്. പരമാവധി ഒരു ദിവസം കൂടി കാത്തിരുന്ന ശേഷം ഷൈൻ വിശദീകരണം നൽകിയാലും ഇല്ലെങ്കിലും കടുത്ത നടപടി എടുക്കാനുള്ള തീരുമാനത്തിലാണ് താരസംഘടന.

എന്നാൽ സിനിമാ ലൊക്കേഷനിൽ ഇരുന്ന് മയക്കുമരുന്ന് കഴിക്കുക എന്നത് ഗുരുതരമായ കുറ്റകൃത്യമാണ്. ഷൈനിനെതിരെ ഇതിന് മുമ്പും മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് നിരവധി പരാതികലും കേസും ഉണ്ടായിട്ടുണ്ട്. 2015-ൽ ഷൈനിന്റെ കൊച്ചിയിലുള്ള ഫ്ളാറ്റിൽ നിന്ന് മയക്കുമരുന്ന് പിടിച്ചെടുത്തിരുന്നു. ഇവിടെ മൂന്ന് യുവതികൾക്കൊപ്പമാണ് ഷൈൻ താമസിച്ചിരുന്നത്. ഈ കേസ് ശക്തമായി മുന്നോട്ട് പോകേണ്ടതായിരുന്നു. പോലീസ് അന്വേഷണത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കാത്തതിനാൽ ഹൈക്കോടതിയുടെ രൂക്ഷമായ വിമർശനം ഉണ്ടായി.

പോലീസിന് സാങ്കേതികമായ പിഴവുകൾ സംഭവിക്കുകയുണ്ടായി. മയക്കുമരുന്നുമായി ഷൈനിനെയും പെൺകുട്ടികളെയും കസ്റ്റഡിയിലെടുക്കുമ്പോൾ ഒരു ഗസറ്റഡ് ഓഫീസറുടെ സാന്നിധ്യം വേണം. സ്ത്രീകളും ഉൾപ്പെട്ടതിനാൽ ഒരു വനിതാ ഗസറ്റഡ് ഓഫീസറുടെ സാന്നിധ്യം അനിവാര്യമായിരുന്നു. എന്നാൽ ഒരു പുരുഷ ഗസറ്റഡ് ഓഫീസർ മാത്രമേ ആ സമയത്ത് സന്നിഹിതനായിരുന്നുള്ളു. കേസിന്റെ വിചാരണ സമയത്ത് പല സാക്ഷികളും കൂറ് മാറി. കുറ്റപത്രം കൊടുത്ത ഉദ്യോഗസ്ഥനും കോടതിയിലെത്തി പ്രോസിക്യൂഷനെ സഹായിക്കണമെന്നിരിക്കെ അക്കാര്യത്തിലും കുറ്റകരമായ പിഴവുണ്ടായി.

അടുത്തയിടെ, ആലപ്പുഴയിൽ നിന്ന് രണ്ട് കോടി രൂപയുടെ ഹൈബ്രിഡ് കഞ്ചാവുമായാണ് സിനിമാ ബന്ധമുള്ള യുവതിയെ എക്സൈസ് പിടികൂടിയിരുന്നു. നടന്മാരായ ഷൈൻ ടോം ചാക്കോയ്ക്കും ശ്രീനാഥ് ഭാസിക്കും കഞ്ചാവ് കൈമാറിയെന്നാണ് ചെന്നൈ സ്വദേശിനി ക്രിസ്റ്റീന എന്ന തസ്ലിമ സുൽത്താന പറഞ്ഞത്. മണ്ണഞ്ചേരി സ്വദേശി ഫിറോസുമായി ചേർന്ന് വില്പന നടത്താനായാണ്, സെക്സ് റാക്കറ്റ് കേസിൽ ഒരു തവണ പിടിയിലായ തസ്ലിമ ആലപ്പുഴയിൽ മുന്തിയ ഇനം കഞ്ചാവുമായി എത്തിയത്. തസ്ലീമയുടെ വെളിപ്പെടുത്തലിൽ അതുവ



രെ പോലീസ് ഷൈനിനും ശ്രീനാഥ് ഭാസിക്കുമെതിരെ നടപടിയെടുത്തിട്ടില്ല. 2015-ൽ കൊക്കെയ്ൻ കേസിൽ പിടിയിലായ ഷൈൻ തെളിവുകളുടെ അഭാവത്തിൽ ആ കേസിൽ നിന്ന് രക്ഷപ്പെട്ടു. എന്നാൽ ഇത്തവണ ഷൈൻ ടോം ചാക്കോയുടെ കാര്യത്തിൽ അത്തരം രക്ഷപ്പെടൽ സാധ്യമാവില്ല എന്നാണ് സൂചന. ആലപ്പുഴ ഹൈബ്രിഡ് കഞ്ചാവ് കേസ് അത്ര നിസാരമല്ല. ഷൈനടക്കം എട്ട് പ്രതികൾ കുറ്റവിമുക്തരാക്കപ്പെട്ട കൊക്കെയ്ൻ കേസിൽ ഹൈക്കോടതിയിൽ അപ്പീൽ നൽകാനുള്ള നടപടികൾ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസും തുടങ്ങിയിട്ടുണ്ട്.



# ദേ സലീം കൊമ്പത്ത്



സുനിൽ വല്ലാത്തറ
ഫ്ലോറിഡാ

പ്രശസ്ത മിമിക്രി പാരഡി ഗാനങ്ങളുടെ ഉസ്താതും സിനിമ സംവിധായകനും നടനുമായ നാദിർഷായുടെ ഓണക്കാല ഹാസ്യ വിരുന്നായ ദേ മാവേലി കൊമ്പത്ത് എന്ന പരിപാടിയിൽ കൂടി മലയാളികൾക്ക് പരിചിതനായ അനുഗ്രഹീത കലാകാരൻ ആണ് നടൻ സലിംകുമാർ

എൺപതുകളുടെ മദ്ധ്യത്തിൽ ആരംഭിച്ച ഈ മുഴുനീള കോമഡി പ്രോഗ്രാം ആദ്യ കാലത്ത് ഓഡിയോ കാസറ്റുകളിൽ കൂടി ആണ് ലോകം മുഴുവൻ ഉള്ള ശ്രോതാക്കൾ ശ്രവിച്ചത് എങ്കിൽ പിന്നീട് സി ഡി ഇറങ്ങി തുടങ്ങിയ കാലത്ത് അതിലൂടെയും അതിന് ശേഷം ഏഷ്യാനെറ്റ് പോലുള്ള ചാനലുകൾ ഉടലെടുത്തപ്പോൾ ഈ ഓണക്കാല ഹിറ്റ് പ്രോഗ്രാം ജനകീയം ആവുകയും ചെയ്തു

മുൻനിര സിനിമ താരങ്ങൾ ആയ ദിലീപും ഇന്നസെന്റും കൂടാതെ കേരളത്തിലെ മിമിക്രി കലാകാരന്മാരുടെ തറവാടായ എറണാകുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കലാഭവനിലെയും ഒരു പറ്റം കലാകാരന്മാർ അണിനിരന്ന ഈ ഹിറ്റ് പ്രോഗ്രാമിൽ ഏറെ കയ്യടി നേടിയത് സലിംകുമാർ ആയിരുന്നു

പിന്നീട് ദിലീപിന്റെയും നാദിർഷായുടെയും ശിങ്കിടിയായി തൊണ്ണൂറുകളുടെ ഒടുവിൽ മലയാള സിനിമയിൽ അരങ്ങേറ്റം കുറിച്ച സലിംകുമാർ രണ്ടായിരത്തിൽ റാഫി മെക്കാർട്ടിൻ സംവിധാനം ചെയ്തു സുരേഷ് ഗോപിയും ലാലും നായകന്മാർ ആയി അഭിനയിച്ച സൂപ്പർ ഹിറ്റ് കോമഡി മൂവി തെങ്കാശി പട്ടണത്തിൽ മുഴുനീള ഹാസ്യ കഥാപാത്രത്തെ അവതരിപ്പിച്ചാണ് ശ്രദ്ധേയൻ ആകുന്നത്

രണ്ടായിരത്തിരണ്ടിൽ ലാൽജോസ് സംവിധാനം ചെയ്തു ദിലീപും കാവ്യാമാധവനും നായികാ നായകന്മാർ ആയ ബോക്സ്ഓഫീസ് ഹിറ്റ് മീശമാധവനിലെ വക്കീൽ വേഷം ചെയ്തതോടെ സലിംകുമാർ മലയാള സിനിമയിലെ അവിഭാജ്യ ഘടകം ആയി മാറി. പഴയകാല ഹാസ്യതാരങ്ങൾ ആയ കുതിരവട്ടം പപ്പുവും ശങ്കരാടിയും മൺമറയുകയും ഹാസ്യ വേഷങ്ങൾക്ക് പുതിയ ജാതകം എഴുതി മലയാളികളെ കുടു കൂടാ ചിരിപ്പിക്കുകയും ചെയ്ത ജഗതി ആക്സിഡന്റിൽ പെട്ടു അഭിനയ രംഗത്തു നിന്നും മാറിയതോടെ സലിംകുമാറിന്റെ ശുക്രൻ തെളിഞ്ഞു

സിദ്ധിക്ക്ലാൽ, ലാൽജോസ്. റാഫി മെക്കാർട്ടിൻ തുടങ്ങിയ ഹിറ്റ് സംവിധായകരുടെ ഹിറ്റ് സിനിമകളിൽ കൂടി മുന്നേറിയ സലിംകുമാറിനെ തേടി രണ്ടായിരത്തിപത്തിൽ ആദാമിന്റെ മകൻ അബു എന്ന സിനിമയിലൂടെ മികച്ച നടനുള്ള ദേശീയ പുരസ്കാരവും എത്തി

മോഹൻലാൽ സൂപ്പർസ്റ്റാർ ആയ കാലം മുതൽ അദ്ദേഹത്തിന്റെ ബാല്യകാലത്തും പിന്നീട് സിനിമയിലും സുഹൃത്തുക്കൾ ആയ ജി സുരേഷ് കുമാർ, പ്രിയദർശൻ, സനൽകുമാർ, മണിയൻപിള്ള രാജു, എം ജി ശ്രീകുമാർ ഇവർ തുടക്കത്തിലും ഷാജി കൈലാസ്, നന്ദു തുടങ്ങിയവർ പിന്നീടും കൂടി മലയാള സിനിമയിൽ ഒരു തിരുവനന്തപുരം ലോബി രൂപീകരിച്ചു. ഇവരായിരുന്നു ഏതാണ്ട് ഇരുപതു വർഷത്തോളം മലയാള സിനിമയെ നിയന്ത്രിച്ചിരുന്നത്

**ഇപ്പോൾ കുറച്ചു കാലമായി യുവ തലമുറയെ ആക്ഷേപിച്ചും അവഹേളിച്ചും രംഗത്തു ഇറങ്ങിയിരിക്കുകയാണ് ഇദ്ദേഹം കഴിഞ്ഞ ആഴ്ച്ച കാറിൽ കോഴിക്കോടിനു യാത്ര ചെയ്യുമ്പോൾ ടീനേജേഴ്സ് മൊബൈൽ ഫോണിൽ സംസാരിക്കുന്നതു കണ്ടെന്നാണ് ഈ വിദ്ധ്വാന്റെ പുതിയ കണ്ടെത്തൽ**

ദിലീപിന്റ മീശമാധവൻ ഹിറ്റും കടന്നു സൂപ്പർ ഹിറ്റായി ബോക്സ്ഓഫീസ് തരംഗം ആയി ജനകീയ നായകൻ എന്ന പേര് ദിലീപിന് ചാർത്തപ്പെട്ടതിനു ശേഷം തിരുവനന്തപുരം ലോബിയെ ചെറുക്കുവാൻ എറണാകുളത്തും ഒരു മലയാള സിനിമ ലോബി ഉടലെടുത്തു. അതിന് നേതൃത്വം കൊടുത്തത് ദിലീപ്, നാദിർഷാ, സലിംകുമാർ, ഹരിശ്രീ അശോകൻ സംവിധായകർ ആയ സിദ്ധിക്ക്, റാഫി മെക്കാർട്ടിൻ, ലാൽജോസ് എന്നിവർ ആയിരുന്നു. മഹാനടൻ മമ്മൂട്ടിയുടെ മൗന സമ്മതവും ഈ ലോബിക്കു ഉണ്ടായിരുന്നു എന്നാണ് പറഞ്ഞു കേൾക്കുന്നത്

ഈ എറണാകുളം ലോബിയുടെ മുഖ്യ വക്താവ് സലിംകുമാർ ആയിരുന്നു. ഇദ്ദേഹം വളരെ പാവവും സാധുവും ആത്മാർത്ഥതയും സ്നേഹവും ഉള്ള ആളാണെങ്കിലും ഒരു കുഴപ്പം ഉള്ളത് വേണ്ടിടത്തും വേണ്ടാത്തിടത്തും കയറി അഭിപ്രായം പറയും. ഒരു കുഴപ്പം ഉള്ളതെ അബദ്ധങ്ങൾ മാത്രമേ പറയൂ എന്നുള്ളതാണ്

രണ്ടായിരത്തിപതിനേഴിൽ നടിയെ അക്രമിച്ച കേസ് കൊടുംബിരി കൊണ്ടിരിക്കുമ്പോൾ ഇദ്ദേഹം പരസ്യ പ്രസ്താവന നടത്തിയത് നടി ദിലീപിന് കുടുക്കിയതാണെന്നായിരുന്നു. ഉടൻ തന്നെ വീട്ടിൽ പാഞ്ഞെത്തിയ കളമശേരി പോലീസ് ഇദ്ദേഹത്തിനെതിരെ കേസ് എടുത്തു പറഞ്ഞയച്ചു

എറണാകുളത്തു തമ്മനം കവലയിൽ മീൻ കച്ചവടം നടത്തി പോപ്പുലറായ കോളേജു വിദ്യാർത്ഥിനിയും ഇപ്പോൾ സി പി എം സഹയാത്രികയും ആയ ഹനാൻ പോപ്പുലരിറ്റി കിട്ടി സിനിമയിൽ ഒക്കെ അഭിനയിക്കാൻ പോയി വീണ്ടും ഒരു മീൻകട തമ്മനത്തു തുടങ്ങിയപ്പോൾ ഉദ്ഘാടനം ചെയ്യിച്ചത് സലിംകുമാറിനെ കൊണ്ടാണ്. ഉദ്ഘടന പ്രസംഗത്തിൽ ഇദ്ദേഹം പറഞ്ഞു ഈ ബാലികയ്ക്കു കോളേജിൽ പോയി പഠിച്ചാൽ പോരേ എന്തിന്റെ കേടിനാണ് മീൻ കച്ചവടം നടത്തുന്നതെന്നു

പൊതുവെ കോൺഗ്രസ് അനുഭാവിയായ സലിംകുമാർ മറ്റു പാർട്ടികളിലെ ചില നേതാക്കളും ആയി വ്യക്തി ബന്ധം നിലനിർത്തുന്നുണ്ട് അങ്ങനെ ഒരാളാണ് കണ്ണൂരിലെ സി പി എം നേതാവ് പി ജയരാജൻ രണ്ടായിരത്തിപത്തൊൻപതിലെ ലോക്സഭ തെരഞ്ഞെടുപ്പിൽ വടകരയിൽ മത്സരിച്ച ജയരാജനെ വിജയിപ്പിക്കണമെന്ന് സമൂഹ മാധ്യമങ്ങളിൽ കൂടി പ്രസ്താവിച്ച സലിംകുമാർ കെ മുരളീധരൻ ജയരാജന് എതിരെ മത്സരിക്കുവാൻ വന്നപ്പോൾ പറഞ്ഞു രണ്ടു പേരെയും ജയിപ്പിക്കണമെന്ന്

ഇപ്പോൾ കുറച്ചു കാലമായി യുവ തലമുറയെ ആക്ഷേപിച്ചും അവഹേളിച്ചും രംഗത്തു ഇറങ്ങിയിരിക്കുകയാണ് ഇദ്ദേഹം കഴിഞ്ഞ ആഴ്ച്ച കാറിൽ കോഴിക്കോടിനു യാത്ര ചെയ്യുമ്പോൾ ടീനേജേഴ്സ് മൊബൈൽ ഫോണിൽ സംസാരിക്കുന്നതു കണ്ടെന്നാണ് ഈ വിദ്ധ്വാന്റെ പുതിയ കണ്ടെത്തൽ

അഞ്ചു വർഷം മുൻപ് ചിരിച്ചും കളിച്ചും നോർത്തു പറവൂരിലെ വീട്ടിൽ ഊണ് കഴിക്കുകയായിരുന്ന ഇദ്ദേഹം മരിച്ചു എന്ന് പറഞ്ഞു സോഷ്യൽ മീഡിയ മുഴുവൻ വൈറൽ ആയതാണ് ന്യൂ ജനറേഷനെ കുത്താൻ പോയി ഇനിയും അതുപോലെ ഒരു വാർത്ത നമ്മൾ കേൾക്കേണ്ടി വരുമോ


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# JOYFUL HOME CARE

Caring for your loved ones with a joyful spirit

**With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us**

24/7 Service Available

631-737-1000

MAIN OFFICE:
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com www.joyfulhomecare.com

QUEENS OFFICE:
201-16 Hillside Ave, Hollis, NY 11423

*Joy Mekkatte, CEO*

SERVING SUFFOLK NASSAU AND QUEENS COUNTY

Joyful Career Center

# JOYFUL CAREER CENTER

Joyful Career Center is a DOE-licensed school

**Do you want to change your Caregiver from PA to PCA?**

Apply Online or Call Today!

www.joyfulcareercenter.com
info@joyfulcareercenter.com

*PCA, HHA & CNA CERTIFICATION PROGRAM*

631-935-0440
1344 Middle Country Rd
Centereach, NY 11720

# ഒരു ഷൂട്ടിങ്ങ് യാത്രയുടെ ഓർമകൾ

‘നതിംഗ് ബട്ട് ലൈഫ്’ എന്ന ഇംഗ്ലീഷ് സിനിമയുടെ ഷൂട്ടിംഗിനു പോകുമ്പോൾ കാലിഫോർണിയയിലെ ഓക്ലൻഡ് എയർപോർട്ടിൻറെ ലോബിയിൽവച്ചാണ് ഞാൻ ട്രീസയെ ആദ്യമായി കാണുന്നത്. പ്രത്യേകിച്ചൊരു കാരണവുമില്ലാതെ അവളെത്തന്നെ ഞാൻ സാകൂതം വീക്ഷിച്ചുകൊണ്ടിരുന്നു. പ്രായംകുറഞ്ഞ വേറെയും കോളേജ് പെൺകുട്ടികളുടെ ഒരു സംഘമവിടെയുണ്ടായിരുന്നു. എങ്കിലും എൻറെ ശ്രദ്ധ മുഴുവനും പിടിച്ചുപറ്റിയത് ട്രീസയും അവളുടെ, ചുവപ്പിച്ച ചുരുണ്ട മുടിയുമായിരുന്നു. പിന്നെ, പല നിറങ്ങളടുക്കിയ പൂക്കളും ചെടികളും നിറഞ്ഞ ഡിസൈനുള്ള ടോപ്പും അവിടവിടെ കീറിപ്പറിഞ്ഞ ന്യൂജെൻ ജീൻസും. ഒറ്റനോട്ടത്തിൽ ഒരു കോമാളിയെന്നു തോന്നും. ഒന്നു പരിചയപ്പെടണമെന്ന വിചാരമുപേക്ഷിച്ചു.

നമ്മളൊക്കെ പല യാത്രകളിലായി ആരെയെല്ലാം പരിചയപ്പെടുന്നു! അതൊക്കെ അൽപ്പായുസ്സുകളായി അസ്തമിക്കുമെന്നാണനുഭവം. അതുകൊണ്ട്, ആകാംക്ഷകളൊക്കെ കൈവെടിഞ്ഞ്, ഞാൻ വിമാനങ്ങളുടെ പറക്കലുകളും നീക്കങ്ങളും കാണാൻപാകത്തിന് വലിയ ഗ്ലാസ്സ്ഡോറിനഭിമുഖമായിരുന്നു. അറിയാതെ ശ്രദ്ധ മുഖപുസ്തകത്തിലേക്കു തിരിഞ്ഞു. മറ്റുള്ള യാത്രക്കാരും മുഖങ്ങൾ മൊബൈൽഫോണിലേക്കു കുമ്പിട്ടിരിക്കുകയാണ്. അവൾ മാത്രം ഏതോ പുസ്തകം തുറന്ന് അവളുടെ ലോകത്തിൽ മുഴുകിയിരുന്നു.

ആൽബുക്കർക്കിയിലേക്കുള്ള വിമാനം അന്ന് ഒരുമണിക്കൂർ ലേറ്റായിരുന്നെന്നാണോർമ.

കുറെനേരം സുഹൃത്തുക്കളുമായി ചാറ്റ് ചെയ്യാൻ ശ്രമിച്ചെങ്കിലും മനസ്സു വീണ്ടും അവളിലേക്കുതന്നെ സഞ്ചരിച്ചുകൊണ്ടിരുന്നു. അവളിൽനിന്നു സാംസ്കാരികമായും ശാരീരികമായും വളരെ ദൂരത്തു നിൽക്കുന്ന എനിക്ക് അവളെ പരിചയപ്പെടുന്നതിൽ സാധുതയോ ആവശ്യകതയോ ഇല്ല. എങ്കിലും ആ വർണപ്രപഞ്ചത്തെ അറിയാനുള്ളൊരാകാംക്ഷ! ഇങ്ങനെ കളർഫുള്ളായ വസ്ത്രങ്ങൾ പ്രദർശനപരതയോടെ അണിയുന്നവർ അതീവദുഃഖിതരായിരിക്കുമെന്ന് ഏതോ മനശ്ശാസ്ത്രജ്ഞൻറെ പുസ്തകത്തിൽ വായിച്ചതോർത്തു. വിചിത്രമായ വസ്ത്രധാരണം തന്നെയാണിത്. എങ്കിലും ഒരു ഫാഷൻഷോയിൽ പങ്കെടുക്കുന്ന മോഡലിനെപ്പോലെയുള്ള മെലിഞ്ഞ ശരീരപ്രകൃതി ആരെയും ഭ്രമിപ്പിക്കുന്നതായിരുന്നു.

ചില സ്ത്രീകളങ്ങനെയാണ്. എത്ര ഒരുങ്ങിയില്ലെങ്കിലും കുപ്പയിലെ മാണിക്യംപോലെ തിളങ്ങും. കുറഞ്ഞത് ഒരു മുപ്പതു മുപ്പത്തിയഞ്ചെങ്കിലും വയസ്സു കാണുമെന്നു കണക്കുകൂട്ടി. അങ്ങനെ ഇടയ്ക്കിടെ അവളെയും ശ്രദ്ധിച്ചിരുന്നപ്പോഴാണ് എയർപോർട്ട് അനൗൺസ്മെൻറ് വന്നത്. ആൽബുക്കർക്കിയിലേക്കുള്ള ഫ്ളൈറ്റിൽ ബോർഡ് ചെയ്യാനാണ്. അതു കേട്ടപ്പോൾത്തന്നെ അവൾ ആരെയും ഗൗനിക്കാതെ പുസ്തകം മടക്കി, ലഗേജുമുരുട്ടി ക്യൂവിലേക്കു നടന്നു. ഞാൻ അൽപ്പനേരംകൂടി അവിടെയിരുന്നിട്ടാണു കയറിയത്.

പിന്നീടാണ് അപ്രതീക്ഷിതമായി പലതും സംഭവിച്ചത്. ജീവിതത്തിൽ എല്ലാം സംഭവിക്കുന്നതിന് ഒരു കാരണമുണ്ടാവുമെന്ന് അന്നാണെനിക്കു വിശ്വാസമായത്! ഫ്ളൈറ്റിൽ കയറിയപ്പോൾ, ദേ, അവളെൻറെ തൊട്ടടുത്ത സീറ്റിൽ! ലഗേജ് മുകളിൽ വച്ചിട്ടു മുഖത്തു നോക്കിയപ്പോഴേക്കും അവൾ ’ഹായ്’ എന്നുപറഞ്ഞു ചിരിച്ചു. അതിൽനിന്ന് അവൾ ഫ്രണ്ട്ലിയാണെന്നും സംസാരിക്കാനിഷ്ടപ്പെടുന്നവളാണെന്നും ഞാനൂഹിച്ചു.

’ഹായ്, അയാം ആൻറണി തെക്കേക്ക്... യു കാൻ കാൾ മി ആൻറണി.’

'ഐ ആം ട്രീസ ട്രസ്സൽ. നൈസ് റ്റു മീറ്റ് യു. വാട്ട് എ നൈസ് ലാസ്റ്റ് നെയിം... തെക്കേക്ക്!'

അവൾ ഒരു പ്രത്യേകട്യൂണിൽ മുറിച്ചുമുറിച്ചു പറഞ്ഞു. അതൊക്കെയെങ്ങനെ വിശദീകരിക്കുമെന്നോർത്ത് ഞാൻ നിശ്ശബ്ദത പാലിച്ചു. അവൾക്കു വിടാൻ പ്ലാനില്ല. ഉടൻ ചോദിച്ചു:

'വാട്ട് ഈസ് ദ മീനിംഗ്?'

അവളുടെ ചോദ്യം കേട്ടപ്പോൾ ഉള്ളിലൊന്നു പൊട്ടിച്ചിരിച്ചെങ്കിലും അതു പുറത്തുവരാതിരിക്കാൻ ശ്രദ്ധിച്ചു.

അമേരിക്കയിൽ വന്നപ്പോൾ ഒരു 'ലാസ്റ്റ് നെയിം' വേണമായിരുന്നു. അതുകൊണ്ടു വീട്ടുപേരു കൂടിച്ചേർത്തതാണ്. സായിപ്പിനു പറയാൻ ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ തെക്കേക്കൂറ്റ് ഒന്നു മുറിച്ചുണ്ടാക്കിയതാണ്, 'തെക്കേക്ക്!' അതൊക്കെ വെളുമ്പത്തിയോടു പറഞ്ഞിട്ടെന്തു കാര്യം! അതുകൊണ്ട്, 'സൗത്ത് പ്ലെയിസ്' എന്നു ഞാൻ പറഞ്ഞു.

'വൗ! വാട്ട് എ ഫൻറാസ്റ്റിക് മീനിംഗ്!'

വിമാനത്തിന് ഇടയ്ക്കു സ്റ്റോപ്പില്ലാത്തതിനാൽ അവളും ആൽബുക്കർക്കിയിലെവിടെയോ ആണെന്നു മനസ്സിലായി. എങ്കിലും എങ്ങനെ തുടങ്ങണം, എന്തു പറയണമെന്നു ചിന്തിച്ചു. അപ്രതീക്ഷിതമായി അടുത്തുകിട്ടിയ അവസരമായതുകൊണ്ട് കാര്യങ്ങളൊക്കെ സാവകാശം ചോദിച്ചു മനസ്സിലാക്കാമെന്നു തീരുമാനിച്ചു. ആൽബുക്കർക്കിവരെ മൂന്നു മണിക്കൂറിലധികമുണ്ട്. സ്ത്രീകളോട് ആവശ്യമില്ലാത്ത ചോദ്യങ്ങൾ പെട്ടെന്നുകയറി ചോദിച്ചാൽ ആകെ കുളമാകുമെന്നറിയാം. ഒന്നും മിണ്ടാതെ, സീറ്റ് പോക്കറ്റിൽനിന്ന് ഒരു ട്രാവൽ മാഗസിനെടുത്ത്, വായിക്കുന്നുവെന്ന വ്യാജേന വെറുതെ പേജുകൾ മറിച്ചുകൊണ്ടിരുന്നു. അൽപ്പസമയത്തിനകം ടേക്കോഫ് ചെയ്യാനുള്ള അനൗൺസ്മെൻറ് കേട്ടു. അധികം താമസിയാതെ വിമാനം മേഘങ്ങൾക്കുമുകളിലേക്കു പറന്നു.

അവൾ ഉറങ്ങാനുള്ള പുറപ്പാടിലാണെന്നു മനസ്സിലായി. അതെങ്ങനെയെങ്കിലും തടയാനുള്ള കുതന്ത്രങ്ങളെപ്പറ്റിയാലോചിച്ചു! ആ സമയത്താണ് ബിവറേജ് കാർട്ടുമായി എയർഹോസ്റ്റസ് വന്നത്. ഞാനൊരു റെഡ് വൈൻ ഓർഡർ ചെയ്തിട്ട്, അവൾക്കും ഓഫർ ചെയ്തു. അവൾ സന്തോഷപൂർവം, 'യെസ്, ഒഫ്കോഴ്സ്' എന്നു പറഞ്ഞു. അതുപിന്നെ വെളുത്ത വർഗമല്ലേ! വൈൻ വേണോ എന്നു ചോദിച്ചാൽ വേണ്ടെന്നു പറയില്ലല്ലോ! ഞാൻതന്നെ ക്രെഡിറ്റ് കാർഡും കൊടുത്തു. അവൾ അത്ഭുതപരതന്ത്രയായി നന്ദി പറഞ്ഞു.

അവൾ കുപ്പിയിൽനിന്നു ഗ്ലാസ്സിലേക്കു വൈൻ പകർന്നു. എന്നിട്ട് എനിക്കായി കാത്തിരുന്നു. ഞാൻ ഗ്ലാസ്സിലേക്കു വൈനൊഴിച്ചപ്പോൾ, അവളാണ് ആദ്യം ചിയേഴ്സ് പറഞ്ഞത്.



'ആർ യു ഫ്രം ഇന്ത്യ?'

'യെസ്. ഐ ആം ഫ്രം എ സ്മോൾ സതേൺ സ്റ്റേറ്റ് കോൾഡ് കേരള.'

'ഓക്കേ... കേരളാ... മലയാളം' എന്നു നീട്ടിപ്പറഞ്ഞിട്ട് എന്നോടൊരു ചോദ്യം:

'യു നോ ആമ?'

ആദ്യം ഞാനൊന്നു പകച്ചു. അപ്പോൾ കൈ കൂപ്പിക്കൊണ്ട് അവൾ രണ്ടു പ്രാവശ്യം 'ആമ... ആമ' എന്നു പറഞ്ഞു. അപ്പോഴാണു കാര്യം മനസ്സിലായത്. ഉടനെ ഞാൻ വ്യക്തമാക്കി:

'ആമയല്ല, അമ്മ. അമൃതാനന്ദമയി.'

അവൾ തലകുലുക്കി ഒന്നിളകിച്ചിരിച്ചു. ഉടൻതന്നെ ഞാൻ കിട്ടിയ തുറുപ്പുചീട്ടിൽ കയറിപ്പിടിച്ചു:

'യു നോ, ഐ ആം ഫ്രം ദ സെയിം പ്ലെയ്സ് ഇൻ ഇന്ത്യ, സ്പീക് സെയിം ലാംഗ്വേജ്.'

അതു കേട്ടപാടെ, അവളെൻറെ കൈയിൽ അമർത്തിയൊരു പിടി. പിന്നെ, തലകുനിച്ച് 'ഓ മൈ ഗോഡ്' എന്ന് ഉച്ചത്തിലൊരലർച്ച. അടുത്തിരുന്ന സായിപ്പുപോലും ഞെട്ടിപ്പോയി. അവൾ അവളുടെ ദൈവത്തിൻറെ നാട്ടുകാരനെ കണ്ടിട്ടാണെന്ന കാര്യം അയാൾക്കറിയില്ലല്ലോ!

സത്യത്തിൽ എനിക്കങ്ങനെ ആരിലും വിശ്വാസമില്ല. ഞാൻ അമ്മയെപ്പറ്റി കേട്ടിട്ടേയുള്ളൂ. പക്ഷേ അതവളോടു പറയേണ്ടെന്നു തീരുമാനിച്ചു. വീണുകിട്ടിയ വീണയല്ലേ, ഒന്നു നന്നായി മീട്ടിയേക്കാമെന്നു കരുതി! അമ്മയുടെ ഏറ്റവുമടുത്ത സ്വന്തക്കാരനായി അങ്ങഭിനയിച്ചു. ഇനിയിപ്പോൾ ബന്ധക്കാരനാണെന്നു പറഞ്ഞാലും അവൾ വിശ്വസിക്കുമെന്നുറപ്പായി.

തല കുനിച്ചതും ഞാനവളുടെ തലയിൽ കൈവച്ചു. അവൾ താഴ്മയോടെ കണ്ണടച്ചു കുനിഞ്ഞിരിക്കുന്നു. ഏതാനും നിമിഷം അങ്ങനെയിരുന്നപ്പോൾ ഞാനാലോചിച്ചത്, ഈ വെളുമ്പരിത്ര നിഷ്കളങ്കരാണോ എന്നാണ്! ചുമ്മാതല്ല ആൾദൈവങ്ങളെല്ലാം അമേരിക്കയിലേക്കു നുഴഞ്ഞുകയറുന്നത്!

അവൾ കണ്ണു തുറന്നപ്പോൾ ഞാൻ വേറൊരു നമ്പറിട്ടു:

'ഐ നോ യു ഹാവ് എ ലോട്ട് ഓഫ് പ്രോബ്ലംസ് ഇൻ യുവർ ലൈഫ് ട്രീസാ...'

ജീവിതത്തിൽ പ്രശ്നങ്ങളില്ലാത്ത ആരെങ്കിലുമുണ്ടോ?! അതോർത്തുകൊണ്ട് ഞാൻ

ചുമ്മാതെ തട്ടിവിട്ടതാണ്. സംഗതിയേറ്റു. അവൾ കണ്ണുതുടച്ചു പൊട്ടിക്കരയാൻ തുടങ്ങി. എന്നിട്ടും ഞാൻ ഗൗരവം വിടാതെ പിടിച്ചുനിന്നു. അപ്പോഴവൾ കഥ പറഞ്ഞു തുടങ്ങി. അഞ്ചു വർഷങ്ങൾക്കുമുമ്പ് അവളുടെ രണ്ടര വയസ്സുള്ള പെൺകുട്ടി ഒരപകടത്തിൽ മരണപ്പെട്ടു. ബാഗിൽനിന്ന് അവളൊരു കൊച്ചു പെൺകുട്ടിയുടെ ഫോട്ടെയെടുത്തു കാണിച്ചു. ആ സുന്ദരിക്കുട്ടി മരണപ്പെട്ടത് ഭർത്താവിൻറെ അശ്രദ്ധമൂലമാണത്രേ!

ഞാൻ വിശദമായി കാര്യങ്ങൾ ചോദിച്ചു. ഭർത്താവ് അബി ഒരു കൺസ്ട്രക്ഷൻ കോൺട്രാക്ടറായിരുന്നു. ഒരിക്കൽ മോളെയുംകൊണ്ടു വർക്ക് സൈറ്റിൽ പോയപ്പോഴായിരുന്നു അപകടം. കുഞ്ഞ് പിക്കപ്പ് ട്രക്കിനു വെളിയിലിറങ്ങി ഓടിക്കളിക്കുകയായിരുന്നു. അതറിയാതെ അയാൾ വണ്ടി പിന്നോട്ടെടുത്തപ്പോൾ ടയർ കയറിയിറങ്ങി.

അതു കേട്ടപ്പോൾ ഞാനും വിഷമിച്ചുപോയി. ലോകത്തിൽ ഒരമ്മപോലും അതു സഹിക്കുമെന്നു തോന്നുന്നില്ല. അതോടുകൂടി അവൾ അബിയിൽനിന്നു വിവാഹമോചനം നേടി. ആറു വയസ്സുള്ള ആൺകുട്ടിയുമായി പടിയിറങ്ങി. ഇപ്പോഴവൾ ബെർക്കിലി യൂണിവേഴ്സിറ്റിയിൽ ജോലിയുള്ള ബോയ്ഫ്രണ്ടിനെ കാണാൻ വന്നതാണത്രേ! അതു കേട്ടപ്പോൾ ചെറുതായൊന്നു ഞെട്ടി. ആൾ ഫ്രീയല്ല! പുതിയ ബോയ്ഫ്രണ്ടിനെക്കാണാൻ ഇത്രദൂരം വരണമെങ്കിൽ അവനൊരു ഒന്നൊന്നര ഫ്രണ്ടായിരിക്കും!

ഇതൊക്കെ പറയുമ്പോളും അവൾ വിതുമ്പിക്കരയുകയായിരുന്നു. ഒരേയൊരു മകനുള്ളതു മിഡിൽ സ്കൂളിൽ പഠിക്കുകയാണ്.

ഈ കണ്ടുമുട്ടലിനുശേഷം അവൾ മൂവിയുടെ ലൊക്കേഷനിൽ വരികയും ജീവിതത്തെപ്പറ്റി ഒരുപാടു സംസാരിക്കുകയും ചെയ്തു. ഇന്ത്യയിലേക്കു വരണമെന്നും അമ്മയുടെ ആശ്രമത്തിൽ പോകണമെന്നു മൊക്കെ നിർബന്ധം പിടിച്ചിരുന്നു. അതിനെയൊന്നും ഞാൻ പ്രോത്സാഹിപ്പിച്ചില്ല. അങ്ങനെ ഒറ്റയ്ക്കുള്ള യാത്രകളൊന്നും സുരക്ഷിതമല്ലെന്നുപറഞ്ഞു പിന്തിരിപ്പിച്ചു. അതായിരുന്നു ശരിയെന്നു പിന്നീടു മനസ്സിലാവുകയും ചെയ്തു. അമ്മയുടെ ആശ്രമത്തിൽനിന്നു രക്ഷപ്പെട്ടു പുസ്തകമെഴുതിയ ഗെയ്ൽ ട്രെഡ്വെല്ലിനെപ്പറ്റിയൊക്കെ പിന്നീടവളറിഞ്ഞിരിക്കണം. അതുകൊണ്ട് അവളുടെ യാത്രകളധികവും നേപ്പാളിലെ പാവങ്ങളുടെയിടയിലേക്കായിരുന്നു. ഇപ്പോഴുമതു തുടരുന്നു.

വർഷങ്ങൾ കഴിഞ്ഞെങ്കിലും അന്നത്തെ യാത്രയിൽ അപ്രതീക്ഷിതമായുണ്ടായ ആ അനുഭവം വല്ലാത്തൊരു മാനസികാഘാതമായിരുന്നു. ആ കൊച്ചുസുന്ദരിയുടെ മരണമിനി എൻറെ ജീവിതത്തെയും വേട്ടയാടിക്കൊണ്ടിരിക്കും. അതങ്ങനെയാണ്. പരിചയങ്ങൾ കൂടുന്തോറും പ്രശ്നങ്ങളും കൂടും. പലപ്പോഴും അവരുടെ പ്രശ്നങ്ങൾ നമ്മുടേതുകൂടിയാകും.

ന്യൂ മെക്സിക്കോയിൽ വരുമ്പോൾ മിക്കപ്പോഴും അവൾ വിളിക്കാറുണ്ട്. എൻറെകൂടെ ഇന്ത്യയിലേക്കൊന്നു വരണമെന്നതാണ് ഇനിയുള്ള ഏകസ്വപ്നമെന്നു പറഞ്ഞിരുന്നു. ഇപ്പോൾ ഒറ്റയ്ക്കാണു താമസവും യാത്രകളുമൊക്കെ. ഏകമകൻറെ പഠിത്തമൊക്കെക്കഴിഞ്ഞു ജോലിയായി. അവൾ എല്ലാബന്ധങ്ങളുമുപേക്ഷിച്ചു ഭൂട്ടാനിലും ബർമ്മയിലും ആഫ്രിക്കയിലുമൊക്കെയുള്ള പാവങ്ങളുടെയിടയിൽ കർമ്മനിരതയാണ്. ഞാനും ഇടയ്ക്കിടെ ചെറിയ സംഭാവനകൾ കൊടുക്കാറുണ്ട്. നമ്മുടെ തിരക്കുകൾക്കിടയിൽ അത്രയൊക്കെയല്ലേ നമുക്കു ചെയ്യാൻ പറ്റൂ!

നമ്മുടെയൊക്കെ ഹ്രസ്വജീവിതത്തിലെ യാദൃച്ഛികതകളിലൊന്നായിരുന്നു ആ യാത്രയും കണ്ടുമുട്ടലുമെന്നു തോന്നുന്നു.

19. പൊക: പൊതുജനം കഴുത!

'പൊ ക' എന്നാൽ പൊളിറ്റിക്കൽ കറക്ട്നസ്സ് എന്നാണ് നടൻ രമേഷ് പിഷാരടി വിശേഷിപ്പിച്ചതെങ്കിലും 'പൊതുജനം കഴുത' എന്ന വിപുലീകരണമാണ് ശരിയെന്നു തോന്നുന്നു. അത്രയ്ക്ക് അസഹനീയമായിരുന്നു, ബ്രഹ്മപുരത്തെ പുക!

പുകയുടെ മൂർദ്ധന്യാവസ്ഥയിൽ, കൊച്ചിയിലെ പുകയെപ്പറ്റി ഒന്നുമെഴുതിയില്ലല്ലോ എന്നു ചോദിച്ചുകൊണ്ട് എനിക്കും മെസ്സേജുകൾ വന്നിരുന്നു. എന്തായാലും അനുഭവിക്കുന്നവരുടെ വിഷമകൾ അതേ തീവ്രതയോടെ പുറത്തുനിന്നു കേൾക്കുന്നവർക്കുണ്ടാകില്ല. അനുഭവിച്ചതധികവും വീട്ടിൽ ഏ സി യോ ഫാൻ പോലുമോ ഇല്ലാത്ത സാധാരണക്കാരായിരുന്നു. അവരും എല്ലാവരെയുംപോലെ നികുതി കൊടുക്കുന്നവരാണ്. പണമുള്ളവർക്ക് മറ്റു നഗരങ്ങളിലേക്കോ സ്വന്തക്കാരുടെ വീടുകളിലേക്കോ കുറച്ചുനാളത്തെക്കെങ്കിലും മാറിനിൽക്കാൻ സാധിക്കും. അല്ലാത്തവരെന്തുചെയ്യും!

'പണ്ടേ ദുർബ്ബല, പിന്നെ ഗർഭിണിയും' എന്നു പറഞ്ഞതുപോലെ, അതികഠിനമായ ചൂടുണ്ടായതാണ് മറ്റൊരു ദുരന്തം. ചൂടൊരു പ്രകൃതിദുരന്തമാണെങ്കിൽ, പുകമലിനീകരണം മാറിമാറി നമ്മെ ഭരിക്കുന്ന രാഷ്ട്രീയപ്പാർട്ടികളുടെ ദീർഘവീക്ഷണമില്ലാത്ത പദ്ധതികൾതന്നെയാണ്. അതിന് 'പൊളിറ്റിക്കൽ കറക്ട്നസ്സ്' ഉണ്ടാക്കുകയല്ലാതെ മറ്റു മാർഗങ്ങളൊന്നുമില്ല. അഴിമതിയെ തുടച്ചുമാറ്റുക എന്ന പ്രക്രിയകൂടി അതിലുൾപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

തീയുള്ളിടത്തേ പുകയുണ്ടാകൂ എന്നതു പഴമൊഴി. ഇവിടത്തെ തീയും പുകയും മനുഷ്യനിർമിതമാണെന്ന വ്യത്യാസമുണ്ട്. വീണ്ടും പുകയുണ്ടാകാതിരിക്കാനുള്ള വഴികളാണ് ഇനി സ്വീകരിക്കേണ്ടത്. വികസിതരാജ്യങ്ങളിൽ,എങ്ങനെയാണ് ഓരോ നഗരത്തിലെയും മാലിന്യസംസ്കരണസംവിധാനം പ്രവർത്തിക്കുന്നതെന്നു മനസ്സിലാക്കാൻ, ഒന്നു ഗൂഗിൾ ചെയ്തുനോക്കിയാൽ മതിയാകും. കഴിഞ്ഞ എഴുപത്തഞ്ചിലധികം വർഷങ്ങളായി അവിടങ്ങളിൽ വിജയകരമായി നടപ്പാക്കിവരുന്നതാണ് ഈ പദ്ധതികൾ. ഈ ഡിജിറ്റൽ യുഗത്തിൽ അവ മനസ്സിലാക്കാൻ അവിടെയൊക്കെപ്പോയി നേരിട്ടു കണ്ടുപഠിക്കേണ്ടതില്ല. വീഴ്ചകൾ ഇവിടെ അക്കമിട്ടുനിരത്തുന്നില്ല. അതെല്ലാം ഏതെങ്കിലും ഒരു പാർട്ടിയുടെയോ സർക്കാരിൻറെയോ തലയിൽവച്ച് ജനങ്ങളെ കബളിപ്പിക്കാമെന്ന് ആരും കരുതേണ്ട. നാടിൻറെ നൻമയ്ക്കായി എല്ലാ ജനങ്ങളും പാർട്ടികളും ഒന്നിച്ചുനിൽക്കണം. ഒത്തുപിടിച്ചാൽ പോരാത്ത ഒരു മലയുമില്ല. പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ടിരുന്നാൽ അതിനുമാത്രമേ നേരം കാണുകയുള്ളൂ.

എന്തുതന്നെയായാലും ബ്രഹ്മപുരം പ്ലാൻറിൽനിന്നു വരുന്ന പുകയെ നിസ്സാരമായി കാണരുത്. അതിൻറെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന ബോധ്യമുണ്ടായിരിക്കണം; പൗരൻമാരെ ബോധവാൻമാരാക്കുകയും വേണം. ഇത്തരം ദുരന്തങ്ങൾ ഒരിടത്തും ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

ഇതുപോലെതന്നെയാണ് എക്സ്പ്രസ്സ് ഹൈവേയുടെ കാര്യവും. ഓരോ ലൈൻ കൂട്ടുമ്പോഴും പ്രതിപക്ഷത്തിൻറെ പ്രതിഷേധജാഥകളാണ്. അപ്പോൾപ്പിന്നെ പുതിയ തലമുറ നാടുവിടുന്നതിനെപ്പറ്റി പരിതപിച്ചിട്ടു കാര്യമില്ല. അവരൊക്കെ തിരിച്ചുവരാത്തത് അവരുടെ മക്കളെങ്കിലും ശുദ്ധവായു ശ്വസിച്ചു ജീവിക്കട്ടെയെന്നു വിചാരിച്ചായിരിക്കാം. അതിന് അവരെ കുറ്റപ്പെടുത്തിയിട്ട് ഒരു കാര്യവുമില്ല.

അവസാനം, കേരളത്തിൽ ലൈൻ ട്രാഫിക് വരുന്നു എന്നറിഞ്ഞതിൽ സന്തോഷം. ഇനി, അതെങ്ങനെ നടപ്പാക്കും എന്നതാണു പ്രധാനപ്രശ്നം. ഇപ്പോൾ നടക്കുന്നതു ബോധവൽക്കരണമാണ്. കുറഞ്ഞപക്ഷം, കാൽനടക്കാർക്കു സുരക്ഷിതരായി വഴി മുറിച്ചുകടക്കാവുന്ന വിധത്തിൽ,സീബ്രാലൈനിലെങ്കിലും വണ്ടി നിർത്തിക്കൊടുത്താൽ മതിയായിരുന്നു.

എല്ലാറ്റിനും തമ്മിൽത്തമ്മിൽ കുറ്റപ്പെടുത്തുന്ന രാഷ്ട്രീയക്കാർ; എല്ലാം സഹിക്കുന്ന പൊതുജനം! 'പൊതുജനം കഴുത'യാണെന്ന പഴഞ്ചൊല്ലു പതിരാക്കാൻ അവരിഷ്ടപ്പെടുന്നില്ല. ആ കഴുത ആരുടെ പക്ഷത്താണെന്നാണ് ഇനിയറിയേണ്ടത്!

# ദൈവത്തിന്റെ പൊതിച്ചോറ്

## കഥാസമാഹാരം – അവലോകനം




ഡോ. മാത്യു ജോയിസ്
ലാസ് വേഗാസ്

ഏപ്രിൽ 19 ന് ന്യൂയോർക്കിൽ പ്രകാശനം ചെയ്ത 'ദൈവത്തിന്റെ പൊതിച്ചോറ് ' എന്ന കഥാസമാഹാരത്തിനും, അതിന്റെ എഴുത്തുകാരനായ രാജു ചിറമണ്ണിലിനും ആശംസകൾ.

അമേരിക്കയെന്ന കുടിയേറ്റഭൂമിയിൽ മലയാളി സാഹിത്യകാരന്മാരുടെ തനതായ സാഹിത്യ ചരിത്രം എഴുതി ചേർക്കുവാനുള്ള ശ്രമത്തിൽ, കഴിഞ്ഞ നാല് പതിറ്റാണ്ടുകളിൽ ഏറ്റവും ശ്രദ്ധേയനായ എഴുത്തുകാരനാണ് ശ്രീ. രാജു ചിറമണ്ണിൽ.

കാലത്തെ അതിജീവിക്കുന്ന വേറിട്ട സ്വന്തമായ ശൈലിയുടെ ഉടമയാണ് ശ്രീ. രാജു ചിറമണ്ണിൽ. അദ്ദേഹത്തിന്റെ കഥകൾ, മലയാള വായനക്കാർ നിരന്തരം വായിച്ചു കൊണ്ടിരിക്കയാണ്. അതിൽ വിശിഷ്ടമായ ഇരുപതു കഥകളുടെ സമാഹാരം പ്രസിദ്ധീകരിക്കുമ്പോൾ, അതിലെ ചില സുപ്രധാന ഭാവുകത്വത്തിന്റെ മികവുകൾ ചൂണ്ടിക്കാട്ടാൻ എനിക്കും ഭാഗഭാക്കാകാൻ തന്ന അവസരത്തിന് പ്രത്യേക നന്ദി സൂചിപ്പിക്കട്ടെ.

സഹജീവികളോടുള്ള സ്നേഹത്തിലും കരുണയിലും മാത്രമേ ഒരു യഥാർത്ഥ മനുഷ്യൻ രൂപപ്പെടുന്നുള്ളൂ. നിങ്ങൾ ഒരു തിരിച്ചറിവുള്ള മനുഷ്യനാണെങ്കിൽ തീർച്ചയായും നിങ്ങൾ ഒരു നന്മയുള്ള മനുഷ്യനായിരിക്കും. പരിഹസിച്ചു ചിരിക്കുന്നതിലും നല്ലതല്ലേ, മറ്റുള്ളവരുടെ നേരെ കരുണയോടെ നോക്കി ചിരിക്കുന്നത്? എന്നൊരു ചോദ്യം പലപ്പോഴും ഈ കഥകൾ വായിക്കുമ്പോൾ തോന്നിയിട്ടുണ്ട്. ഈ കരുണയും ചിരിയും സമന്വയിപ്പിച്ച രാജു ചിറമണ്ണിലിന്റെ ഓരോ കഥകളും വ്യത്യസ്ത ജീവിതാനുഭവങ്ങൾ വരച്ചുകാട്ടിയിരിക്കുന്നു. വിവിധ രാജ്യങ്ങളിലും സ്ഥലങ്ങളിലും ജീവിച്ചതിന്റെ പരിചയവും സ്ഥലവിവരണങ്ങളും കഥകൾക്ക് സാങ്കല്പിതയെക്കാൾ, നൈസ്സർഗ്ഗികതയും അതിഭാവുകത്വവും ചേരുംപടി ലയിപ്പിക്കുന്നതിൽ

എഴുത്തുകാരൻ തന്റെ നൈപുണ്യം തെളിയിച്ച തെരഞ്ഞെടുക്കപ്പെട്ട കഥകളുടെ സമാഹാരം പരിചയപ്പെടുത്തന്നതിൽ സന്തോഷമുണ്ട്.

1. ഗാലൊസ്

ഇരുട്ട് നിഴൽ പരത്തുന്ന ജയിൽമുറിയിലെ കമ്പിയഴികളിൽ മുഖമമർത്തി, തന്റെ മരണം പ്രതീക്ഷിച്ചു നിന്നുകൊണ്ട് തേങ്ങുന്ന കുറ്റവാളിയുടെ ഗതകാല സ്മരണകൾ, ഒരു സിനിമപോലെ കണ്ടുകൊണ്ടു ഓരോ പാരഗ്രാഫും വായിച്ചു പോകുന്ന കഥയാണ് ഗാലോസ് .

മനസ്സറിയാത്ത കുറ്റത്തിന് ആദ്യശിക്ഷ ഏറ്റുവാങ്ങിയതുമുതൽ, വിധി തന്നെ ഒരു ഗ്യാങ്സ്റ്റർ ആക്കിയപ്പോഴും, സമൂഹം തന്റെ കുടുംബത്തിന് ചാർത്തിയ പഴിയും പരിഹാസവും അക്ഷന്തവ്യമായിരിക്കാം. മദ്യവും കൂട്ടത്തിൽ റിവോൾവറും ചേർന്നാൽ, ചേർത്തുപിടിക്കേണ്ട ജസ്സീനയെ പോലും ഒരു നൊടിയിൽ മരണത്തിലേക്ക് തള്ളിവിടുമ്പോൾ

കഥാകൃത്ത്, വഴിതെറ്റിപ്പോകുന്ന യുവജനതയുടെ നേരെ ജാഗ്രതയുടെ ചൂണ്ടുവിരൽ നീട്ടിനിൽക്കുന്നത് കാണാതെ പോകരുത്.

2* 'അബ്രാമും ഏഴു കൂടപ്പിറപ്പുകളും' – പൗരാണികതയും ആധുനികതയും സമന്വയിപ്പിച്ച മനോഹരമായ

ഇതിവൃത്തം, വിശുദ്ധ ബൈബിളിലെ വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ യഹോവയോടുള്ള സംവാദത്തിൽ ഉരുത്തിരിഞ്ഞതാണ്. പഴയനിയമകാലത്തെ സോദോം ഗോമോറ പട്ടണങ്ങളിലെ അതിരുവിട്ട വഷളതയിൽ രോഷാകുലനായ യഹോവ ആ നഗരങ്ങളെ നശിപ്പിക്കാൻ ഒരുങ്ങുമ്പോൾ, തന്റെ പ്രിയപ്പവട്ടവരെ രക്ഷിക്കാൻ നന്മയുള്ള അഞ്ചുപേരെയെങ്കിലും കാണിച്ചുകൊടുക്കാൻ അബ്രഹാം കഷ്ടപ്പെടുന്നു.

ഇന്നത്തെ യുഗത്തിൽ ലോകം എത്രയോ അധഃപതിച്ചിരിക്കുന്നു. അബ്രഹാമിനെപ്പോലെ എഴുത്തുകാരൻ അനുഭവിക്കുന്ന വ്യഥയിൽ, സ്വന്തക്കാരെപോലും, താനെന്ന നന്മമരത്തിന്റെ ചുവട്ടിൽ നിർത്താൻ അസാധ്യമെന്നു വ്യക്തമാക്കുന്ന കഥാഖ്യാനം മികവാർന്ന ശൈലി തന്നെ.

4.* പടിഞ്ഞാറോട്ട് ചായുന്ന സൂര്യൻ

കണ്ണ് തുറക്കാനോ സംസാരിക്കാനോ

വയ്യാതെ ഏതു നിമിഷവും വെൻറ്റിലെറ്റർ വിച്ഛേദിക്കപ്പെടാമെങ്കിലും, താനെല്ലാം കേൾക്കുന്നുണ്ട്, കഴിഞ്ഞതെല്ലാം നേരിയ ഓർമ്മയിലുണ്ടെന്ന് വായനക്കാരനെ ഒരു ഫ്ളാഷ്ബാക്കിലൂടെ പറഞ്ഞുപോകുമ്പോൾ, അസ്തമിക്കുന്ന സൂര്യന്റെ ശോകഭാവങ്ങൾ ഈറനണിയിച്ചേക്കാം.

5. 'വീണുറങ്ങുന്ന വെയിൽ നാളങ്ങൾ'

രാത്രിയും പകലും ജോലിത്തിരക്കിന്റെ തടവറയിൽ കഴിയുന്ന ദാസേട്ടന് തന്റെ മോഹങ്ങളെയും അതിൽ വിരിയുന്ന സ്വപ്നങ്ങളെയും കണ്ടെത്തുവാൻ എവിടെ സമയം? കഥയും കവിതയും ആസ്വദിക്കുന്നത് പോയിട്ട്, തന്റെ വികാരങ്ങളുടെ തന്ത്രിയിൽ ഒന്ന് വിരലോടിക്കാൻ പോലും സമയം കണ്ടെത്താറില്ല. പലപ്പോഴും-.' എന്ന് പറഞ്ഞുകൊണ്ട് ഏകാന്തതയുടെ സമാധിയിൽ അടക്കിപ്പിടിച്ചു തേങ്ങുന്ന നിർമ്മലയെ വായനക്കാരന് മറക്കാൻ സാധിക്കില്ല

8.

'ആകാശമേ കേൾക്ക' എന്ന കഥയിലൂടെ, ഒരിക്കൽ താനോമനിച്ചു മാറോടു ചേർത്തണച്ച് നെഞ്ചിലെ ചൂട് നൽകി വളർത്തിയ മക്കൾ, ഒരു നോക്ക് കാണാൻപോലും വരാത്തതിലെ ദുഖവും നിരാശയും വ്യഥയും, വായനക്കാരന്റെ കണ്ണുകളെ കണിശമായും ഈറനണിയിക്കും.

സഹിക്കാൻ പറ്റുന്നതിലും ക്രൂരവും നിന്ദ്യവുമായ ഭാര്യയുടെ പെരുമാറ്റത്തിൽ സമനില തെറ്റിയപ്പോൾ, ആദ്യമായും അവസാനമായും അവളുടെ കവിളിൽ ഒന്നടിച്ചതിന്റെ പ്രത്യാഘാതത്തിൽ തകർന്നുപോയ ഒരു ഹതഭാഗ്യന്റെ ജീവിതഗന്ധിയായ കഥ ഹൃദയസ്പർശിയാണ്.

'ദൈവത്തിന്റെ പൊതിച്ചോർ' എന്ന കഥ, ഒരു നോവൽ പോലെ വിടർന്നു വന്നപ്പോഴേക്കും, പെട്ടെന്ന് ദുഃഖ പര്യവസാനിയായി കഥയെ മാറ്റി മറിച്ചപ്പോൾ ' ദൈവം ദാനമായി തന്ന പൊതിച്ചോർ തുറന്ന് അനുഭവിക്കുന്നതിനു മുമ്പേ വിധി തട്ടിത്തെറിപ്പിച്ചു' എന്ന് ചൊല്ലി മുഴുമിപ്പിച്ചു വായനക്കാരനെ ദുഖിപ്പിക്കണമായിരുന്നോ എന്ന ചോദ്യത്തിന് ഇനി പ്രസക്തിയില്ല.

'മൗനം മരണത്തെക്കാൾ ഭയാനകം എന്ന് തോന്നിക്കൊണ്ട്, ആരെങ്കിലും ഒന്ന് മിണ്ടിയിരുന്നെങ്കിൽ ''എന്നു കൊതിച്ചു പോകുന്ന അവസാന യാത്രയുടെ വിഫല നിമിഷങ്ങൾ വിവരിക്കുന്ന 'സ്വപ്ന ഭൂമിയിൽനിന്നും ഒരു മടക്കയാത്ര' ഒരു പ്രവാസിയുടെ രോദനം പോലെ മനസ്സിൽ പോറലുകൾ കോറിയിടുന്നു .

വിലാസമില്ലാത്ത സ്മാരകശിലകൾ

വയനാട്- ചെറുമല ദുരന്തത്തിന്റെ സങ്കടങ്ങളുടെ പെരുമഴക്കാലത്തിന് നടുവിൽ ഹതാശയായി നിൽക്കുന്നവരുടെ ചോരയിറ്റുന്ന സ്മരണ തന്നെയാണത്; ചിന്തകൾക്കതീതമായത്, ചിന്തിക്കുന്നവർക്ക് ഒരുപാട് പൊരുളുകളുള്ളതുമാണ്.


ദുരന്തം മാത്രമല്ല, കഥയുടെ പശ്ചാത്തലവും പരിസരവും വ്യക്തമാകുന്ന വിധത്തിൽ എഴുത്തുകാരൻ കഥ നടന്ന കാലത്തെയും ദേശത്തെയും കുറിച്ച് വ്യക്തമായ ധാരണ തരുന്നുണ്ട്. കഥ സുതാര്യമാക്കുന്നുന്നതിനൊപ്പം, പാവപ്പെട്ട മലയാളി ഗ്രാമീണർക്കു ജാതിയും മതവും വർണ്ണവും വേർതിരിവുകളുമില്ലെന്നു മണ്ണിനടിയിൽ പുണർന്നുകിടക്കുന്ന ഹതഭാഗ്യരായ ക്രിസ്ത്യാനിയും, ഹിന്ദുവും മുസൽമാനും ഒരുമിച്ചു വിളിച്ചോതുന്നത്, മലയാളിയുടെ മാനുഷികതയുടെ മുറവിളിയാണ്.

പ്രായോഗികമായ സാന്ദർഭിക വിവേകമാണ് രാജുവിന്റെ വാക്കുകൾക്ക് ശക്തി നൽകുന്നതെന്ന് നാം അടുത്ത കാലത്തു നടന്ന ഈ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയ കഥയിൽ കണ്ടറിയുന്നു.

തന്റെ സർഗജീവിതത്തിന്റെ ആരംഭദശയിൽ തൊട്ട്, സമകാലീന വിഷയങ്ങൾ തന്റെ സൃഷ്ടികളിൽ സംവേദിക്കാൻ തീവ്രമായി ആഗ്രഹിക്കുകയും, അത് വലിയൊരളവിൽ സാക്ഷാൽക്കരിക്കുകയും ചെയ്ത എഴുത്തുകാരനാണ് അദ്ദേഹം.

രാജു ചിറമണ്ണിൽ നിരവധി അവാർഡുകൾ നേടിയ കഥാകൃത്ത് തന്നെ. പുതുതലമുറയ്ക്ക് നിസ്സങ്കോചം ആധുനികം എന്ന് വിളിക്കാവുന്ന ഈ 'പ്രവാസികളുടെ സ്വന്തം എഴുത്തുകാരന്റെ' രചനകൾ, നവമാധ്യമങ്ങൾ പ്രതാപത്തോടെ വിലസുന്ന ഇക്കാലത്തും സർവസ്വീകാര്യമായിരിക്കുന്നതിന്റെ കാരണം അതല്ലാതെ മറ്റെന്ത്? കാലത്തിന്റെ മഹത്തായ രാജവീഥിയ്ക്കപ്പുറത്തുള്ള കല്ലടർന്ന കാൽനടപ്പാതയിലൂടെ പലവേഗത്തിൽ നടക്കുന്ന നൂറുകണക്കിന് ആളുകൾക്കിടയിൽ, ചുറ്റുപാടുകളെ കൂലങ്കഷമായി നിരീക്ഷിച്ചു നടന്നുനീങ്ങുന്ന രാജു എന്ന എഴുത്തുകാരൻ, കണ്ട കാമനകളെ നിറം ചാലിച്ച് തന്റെ സർഗ്ഗപ്രതിഭയുടെ കാൻവാസിൽ എങ്ങനെ ഒരു പുതുസൃഷ്ടിയാക്കാമെന്ന മോഹം ഗർഭം ധരിച്ചു മുന്നോട്ട് ചിന്താധീനനായി പതുക്കെ ചലിച്ചുകൊണ്ടിരിക്കുന്നു.

രാജു ചിറമണ്ണിൽ പ്രസിദ്ധീകരിക്കുന്ന ഈ കഥാസമാഹാരത്തിനും, പുതിയ സൃഷ്ടികൾക്കും എല്ലാ ആശംസകളും നേരുന്നു.


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# വരുമോരോ ദശ



കഥ)

ജോസഫ് എബ്രഹാം

ഉയർപ്പിന്റെ അറിയിപ്പുമായി പള്ളിയിൽ കതിനാ വെടിച്ചു.

പള്ളിമണി നാദം കെട്ടഴിച്ചുവിട്ട മാലപ്പടക്കങ്ങളുടെ ഒച്ചയിൽ മുങ്ങിപ്പോയിരുന്നു. പള്ളിമുറ്റത്തെ വേദിയിൽ ഇടിനാദത്തോടെ കല്ലറയുടെ അടപ്പ് കല്ല് ഉരുണ്ടുമാറി. ഉത്ഥിതനായ കർത്താവ് വിജചിഹ്നമായി രണ്ടുവിരലുകൾ ഉയർത്തി കല്ലറയിൽ നിന്നും ഉയർന്നു വരുന്നതു കണ്ടു ജനങ്ങൾ കൈയ്യടിച്ചു.

ഗായക സംഘം ഉത്ഥാനഗീതങ്ങൾ ഉറക്കെ ആലപിച്ചു.

കട്ടിലിൽ കണ്ണുതുറന്നു കിടന്നുകൊണ്ട് ആലീസ് അതെല്ലാം കേട്ടു.

ആദ്യമായിട്ടാണ് ആലീസ് ഉയിർപ്പ് കുർബാനയ്ക്ക് പോകാതെയിരിക്കുന്നത്. കുരിയാച്ചായൻ ഉള്ളപ്പോൾ മുതലുള്ള പതിവായിരുന്നു. വെളുപ്പിനു മൂന്നുമണിക്കുള്ള കുർബാനയും കഴിയുമ്പോൾ പരപരാ വെട്ടം വീണിട്ടുണ്ടാകും. നേരെ ഇറച്ചിവെട്ടുകാരൻ തോമയുടെ കശാപ്പുപീടികയിലേക്ക്. അപ്പോഴേക്കും അവിടെ ഒരു പെരുന്നാളിനുള്ള ആളുകൾ കൂടിട്ടുണ്ടാകും. ഒറ്റക്കായതിൽ പിന്നെ ആലീസിന്റെ തലവെട്ടം കാണുമ്പോഴേക്കും തോമാ അവൾക്കുള്ള ഇറച്ചിതൂക്കി പൊതിഞ്ഞുകെട്ടി കൊടുക്കും. വീട്ടിൽ വന്ന ഉടനെ തന്നെ ഇറച്ചി നുറുക്കി മസാല ചേർത്തു അടുപ്പേൽ കേറ്റും. അപ്പോഴേക്കും കള്ളപ്പത്തിന്റെ മാവു പുളിച്ചു കുമിളകൾ പൊന്തിയിട്ടുണ്ടാകും.

ദോശക്കല്ല് അടുപ്പേൽവച്ചു ചൂടാക്കി എണ്ണതേച്ചു പതംവരുത്തി ആദ്യം ഒരപ്പം ചുട്ടു ഉപ്പും പുളിയും കണക്കിനുണ്ടോന്നു നോക്കും. ഉപ്പു വേണേൽ ശകലം കൂടി ചേർത്തിളക്കി ഒരെണ്ണം കൂടി ചുട്ടെടുത്ത് ഒരു പാത്രത്തിലേക്ക് വയ്ക്കും. അടുപ്പേൽ കിടന്നു തിളയ്ക്കുന്ന ഇറച്ചിക്കറിയുടെ ചാർ ഒരു തവി അപ്പത്തിലേക്കു ഒഴിച്ച്, ഒരു ഗ്ലാസ് തേയിലവെള്ളവും കൂടി തിളപ്പിച്ചെടുത്തതു ഊതിക്കുടിച്ചു കഴിയുമ്പോഴേക്കും വെളുപ്പിനെ എഴുന്നേറ്റതു കൊണ്ടുണ്ടായ വയറ്റിലെ ആന്തൽ മാറിക്കിട്ടും.

പിന്നെ അടുക്കളയിൽ കിടന്നൊരു മെരുങ്ങലാണ്. മക്കളൊക്കെ രാവിലെ ആറു മണിയുടെ കുർബാനക്ക് പോയി തിരിച്ചുവരുമ്പോഴേക്കും അപ്പവും പോത്തിറച്ചിക്കറിയും പോർക്ക് പരളനും സള്ളാസും നെയ്യപ്പവും ഒക്കെ ചൂടോടെ തയ്യാറായിരിക്കും. അതിനൊപ്പം ഉച്ചക്കത്തെ തോരനുള്ള പച്ചക്കറി അരിഞ്ഞു തുടങ്ങിയിട്ടുണ്ടാകും. കോഴിപൊരിക്കാനായി മസാല തേച്ചുപിടിപ്പിച്ചു വച്ചിട്ടുണ്ടാകും. കാളനും കുടമ്പുളിയിട്ടുവെച്ച ആറ്റുവാളയും തലേന്നുമുതൽ ഉറിയിലിരുന്നു ഊഞ്ഞാലാടുന്നുണ്ടാവും.

വീടിനു മുൻപിലുള്ള വഴിയിലൂടെ പള്ളികഴിഞ്ഞു വരുന്ന ആളുകൾ സന്തോഷത്തോടെ വർത്താനം പറഞ്ഞുപോകുന്നത് ആലീസ് കേട്ടു. എല്ലാവീട്ടിലും ഉയിർപ്പ് പെരുന്നാൾ ദിവസം സന്തോഷത്തിൻറെ ദിനമാണ്. മക്കളും മരുമക്കളും പേരക്കുട്ടികളും ഒക്കെ ഒത്തുചേരുന്ന സന്തോഷം. അതുവരെക്കും ആ വീടുകളുടെ ഏകാന്തതയിൽ മരിച്ചു കിടന്ന സന്തോഷം ഉയിർത്തെഴുന്നേൽക്കുന്ന നാൾ.

''വല്യമ്മച്ചി ഈസ്റ്റർ എന്നാൽ എന്നതാ?''

നാലുവയസുള്ള കുരിയാച്ചൻ ഉറങ്ങാൻ കിടക്കുമ്പോൾ അലീസിനോട് ചോദിച്ചു

''അതോ ദുഃഖവെള്ളിയാഴ്ച ജൂതന്മാർ കുരിശിൽ തറച്ചുകൊന്ന ഈശോ ഉയർത്തെഴുന്നേറ്റ ദിവസം''

''അപ്പോൾ.. എൻറെ അപ്പയും ഉയർത്തെണീക്കുമോ ?''

''മോനെ..''

പേരക്കുട്ടിയോടു എന്തു പറയണമെന്നറിയാതെ അവൾ വിഷമിച്ചു.

ചങ്കിൽ ഒരു കുന്തമുന ഏറ്റപോലെ അവൾ പിടഞ്ഞു.

കുരിയാച്ചായൻറെ പേരുകാരനാണ് പേരമകൻ.

''എല്ലാവർക്കും ഒരുദിവസം ഉയർത്തെഴുന്നേൽക്കാതെ വയ്യല്ലോ മോനെ .''

അതുപറഞ്ഞിട്ടവൾ കുരിയാച്ചന്റെ മുഖത്തേക്കുനോക്കി. അവൻ അപ്പോഴേക്കും ഉറങ്ങിക്കഴിഞ്ഞിരുന്നു.

വല്യമ്മച്ചിയുടെ കൂടെയാണ് അവൻ എന്നും ഉറങ്ങുക. അവൻറെ അമ്മ മെറിൻ ചില ദിവസം കുരിയാച്ചൻ ഉറക്കം പിടിക്കുമ്പോൾ അവനെ എടുത്തു സ്വന്തം മുറിയിലേക്ക് കൊണ്ടുപോകും. കൊണ്ടുപോകണ്ടാന്നു എന്നെങ്ങിനെയാണ് മെറിനോട് പറയുക. ആ ദിവസങ്ങളിൽ ഉറക്കം കിട്ടാതെ ആലീസ് തിരിഞ്ഞും മറിഞ്ഞു കിടക്കും.

''മോളെ നീ ചെറുപ്പമാണ്. ജീവിതം ഇങ്ങനെമുരടിപ്പിച്ചു കളയേണ്ട. നിനക്ക് എപ്പോൾ വേണമെങ്കിലും ഇവിടേക്ക് വരാമല്ലോ. ഈ വീടും പറമ്പും എല്ലാം നിങ്ങൾക്കും കൂടിയുള്ളതാണല്ലോ '

അവൾ പോയാൽ പേരക്കുട്ടിയെയും തനിക്കു നഷ്ടമാകാൻ ഇടയുണ്ടെന്നു അറിയാമെങ്കിലും ആലീസ് മെറിനെ ഓർമ്മിപ്പിച്ചു.

നേരം നന്നായി വെളുത്തു.

ആലീസ് എഴുന്നേറ്റു അടുക്കളയിൽ ചെന്നു അടുപ്പിൽ തീ പിടിപ്പിച്ചു. ഈസ്റ്ററല്ലേ കുഞ്ഞുങ്ങൾക്ക് എന്തെങ്കിലും വായ്ക്കു രുചിയുള്ളതു തിന്നാനുള്ള കൊതികാണുവല്ലോ. എന്തെങ്കിലും ഉണ്ടാകണം. ജോയിമോന്റെ തനി പ്രകൃതവും സ്വഭാവുമാണ് കുരിയച്ചനും. രാവിലെ അമ്മച്ചി അപ്പം ചുടുമ്പോൾ അടുപ്പിൻ പാതകത്തിൽ കയറി തീകാഞ്ഞു കൂനിക്കൂടിയിരിക്കും. ചൂടോടെ അപ്പം പാത്രത്തിൽ ഇട്ടുകൊടുക്കണം. കറിയൊന്നും വേണമെന്നില്ല.

അടുപ്പിൽ തീകൂട്ടുമ്പോൾ ആലീസ് തൻറെ മകൻ ജോയിച്ചനെ ഓർത്ത് കരഞ്ഞു. അവൻ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ മുപ്പത്തിനാലു വയസാകുമായിരുന്നു.

''കർത്താവേ നിന്നെപ്പോലെ എൻറെ മോനും മുപ്പത്തിമൂന്നാമത്തെ വയസിൽ മരിച്ചു. അല്ല അവനെ കൊന്നുകളഞ്ഞു. യാതൊരു തെറ്റും ചെയ്യാത്ത നിന്നോടും എൻറെ മകനോടും അവർ ഒന്നുതന്നെയാണല്ലോ ചെയ്തത്.''

ആലീസ് കർത്താവിനോടു അവളുടെ സങ്കടങ്ങൾ എണ്ണിപ്പെറുക്കി കരഞ്ഞു.

ജോയിച്ചൻ ഒരു മെഡിക്കൽ കമ്പനി പ്രതിനിധിയായിരുന്നു. ധാരാളം ബിസിനസ് അയാൾ ചെയ്തിരുന്നു. ജോലിക്കാര്യങ്ങൾ എല്ലാം ടൌണിൽ ആയതിനാൽ കൂട്ടുകാർ ചേർന്നു എറണാകുളത്തെ ഒരു ഫ്ലാറ്റിലായിരുന്നു താമസിച്ചിരുന്നത്. എല്ലാ വെള്ളിയാഴ്ച വൈകുന്നേരവും വീട്ടിൽ വരും തിങ്കളാഴ്ച രാവിലെ പോവുകയും ചെയ്യും. ഉടനെ തന്നെ കമ്പനിയുടെ ഏരിയ സെയിൽസ് മനേജറായി സ്ഥാനക്കയറ്റം കിട്ടുമെന്ന പ്രതീക്ഷയിലായിരുന്നു അയാൾ. അങ്ങിനെ വന്നാൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ഫീൽഡിൽ പോയാൽ മതി ബാക്കിദിവസം വീട്ടിലിരുന്നു ജോലി ചെയ്താൽ മതിയാകുമെന്നായിരുന്നു അവൻ ആലീസിനോടു പറഞ്ഞിരുന്നത്.

എല്ലാ വെള്ളിയാഴ്ചയും വീട്ടിലേക്കു വരുന്നവഴി കുറച്ചുനേരം വീടിനടുത്തുള്ള ചെറിയ ടൌണിൽ കൂട്ടുകാരുമൊത്ത് വർത്താനം പറഞ്ഞു നിൽക്കുകയും ചായകുടിച്ചു പിരിയുകയും ചെയ്യുന്ന ശീലമുണ്ട് ജോയിച്ചനു.

''എന്നാ അമ്മച്ചി നമ്മുടെ നാട്ടിലെ പിള്ളേർക്ക് പറ്റിയത് നാടെല്ലാം ആകപ്പാടെ മറിയിരിക്കുന്നല്ലോ?''

ഒരു ദിവസം വൈകുന്നേരം ജോയിച്ചൻ ആലീസിനോടു ചോദിച്ചു

''എന്നാ പറ്റി മോനെ എന്തുണ്ടായി?''

''അല്ല ഒന്നുമുണ്ടായില്ല കുറച്ചു പ്രാവശ്യമായി ഞാൻ വരുമ്പോൾ ശ്രദ്ധിക്കാറുണ്ട്. മുൻപൊക്കെ സന്ധ്യക്ക് ചെറുപ്പക്കാർ സൊറപറയാൻ വായനശാല കോലായിലോ അല്ലെങ്കിൽ കവലയിലെ ചെറിയ മൈതാനത്തോ കൂട്ടംകൂടി നിൽക്കാറുള്ളത്. ഇപ്പോൾ അങ്ങിനെയല്ല''

'' ഇപ്പോൾ പിന്നെങ്ങിനെയാ ?''

''ഇപ്പോൾ ഓരോരുത്തരും ജാതിയും മതവും തിരിഞ്ഞു അവരവരുടെ കൂട്ടക്കാരുടെ ചായപ്പീടികയുടെയോ അനാദിക്കടയുടെ കോലായിലോ ഒക്കയായിട്ടാണ് നിപ്പ്. നമ്മളെയൊന്നും കണ്ടാൽ മുഖത്തു നോക്കുകയോ ചിരിക്കുകയോ ഒന്നുമില്ല''

''ആ ഒന്നും പറയേണ്ട ഇപ്പോളത്തെ പിള്ളേരൊക്കെ മൊത്തം തലതിരിഞ്ഞാ. വാർത്തയൊക്കെ കണ്ടാൽ പേടിയാകും''

അവരുടെ വർത്താനത്തിൽ ചേർന്നുകൊണ്ട് മെറിൻ പറഞ്ഞു.

തിളച്ചുകൊണ്ടിരുന്ന പാലിൽ ചായപ്പൊടി ഇടുന്നതിനിടയിൽ ആലീസ് പറഞ്ഞു.

''അവരായി അവരുടെ പാടായി. നമുക്കെന്നാ ചെയ്യാനാകും. മോൻ സന്ധ്യയാകും മുൻപേ ഇങ്ങു കരപറ്റിയേരേ''

കപ്പിൽ ഊറ്റിയ ചായ എടുത്തു ഊതി ചൂടാറ്റി കുടിക്കാൻ ഒരുങ്ങിയ ജോയിച്ചൻ കപ്പ് മേശമേൽ വെച്ചുകൊണ്ട് ഫോൺ തുറന്നു.

''അതല്ലമ്മച്ചി വലിയ രസം. ദേ..നോക്കിക്കേ.''

ഫേസ്ബുക്ക് തുറന്നു ജോയിച്ചൻ ആലീസിനെ കാണിച്ചു.

ഹിജാബ് ധരിച്ച ഒരുമ്മ, കയ്യിൽ ചരടും നെറ്റിയിൽ കുറിയുമുള്ള ഒരു പയ്യനെ ചേർത്തു പിടിച്ചു നിൽക്കുന്ന പടം.

''ദേ ഈ ഫോട്ടോ ഇപ്പോൾ അങ്ങുകേറി വൈറലായി. ഏതാണ്ടൊരു അപൂർവ്വ സംഭവം പോലെയാണ് ആളുകൾ ഈ പടത്തെ കണ്ടു ആശ്ചര്യപ്പെടുന്നത്''

ഒരു തിങ്കളാഴ്ച രാവിലെ പതിവുപോലെ ജോയിച്ചൻ യാത്രപറഞ്ഞു പോയതാണ്. വെള്ളിയാഴ്ചയാകാൻ ആലീസും മറ്റുള്ളവരും കാത്തിരുന്നു. പക്ഷെ ആ ദിനം തങ്ങളുടെ ജീവിതത്തിലെ ദുഖവെള്ളിയായി മാറുമെന്ന് അവരാരും കരുതിയിരുന്നില്ല. ജോയിച്ചന്റെ ബുള്ളറ്റിന്റെ ശബ്ദം കേൾക്കുന്നുണ്ടോന്നവർ കാതോർത്തിരുന്നു. വരേണ്ട സമയം കഴിഞ്ഞിട്ടും ജോയിച്ചനെ കാണാതെ വന്നപ്പോൾ ഫോണിൽ വിളിച്ചു നോക്കിയെങ്കിലും ഫോണെടുക്കുക ഉണ്ടായില്ല. അപ്പോഴാണ് അടുത്ത വീട്ടിലെ പയ്യൻ ഓടിക്കിതച്ചു വന്നു പറഞ്ഞത്

'' ആലിസ് അമ്മച്ചി, നമ്മുടെ ജോയിച്ചനെ.....''

വാക്കുകൾ പൂർത്തിയാക്കാനവാതെ അവൻ നിന്നു കിതച്ചു.

എല്ലാം ഇന്നലെയെന്നപോലെ ആലീസിനു തോന്നി. അടുപ്പിൽ തീപിടിപ്പിച്ചത് അണഞ്ഞുപോയി.

ഓർമ്മകളുടെ നൊമ്പരപിടച്ചലിൽ ആലീസ് കരഞ്ഞുകൊണ്ടിരുന്നു.

എന്തിനാണ് ജോയിച്ചനെ കൊന്നതെന്നൊ ആരാണതു ചെയ്തതെന്നോ ആലിസിനറിയില്ല.

പലരും പലതും പറയുന്നു.

ചിലർ പറയുന്നു ലഹരിയിൽ ലക്കുകെട്ട ഏതോ പിള്ളേർ ജോയിച്ചന്റെ ബുള്ളറ്റിനു വട്ടം ചാടിപോലും. അപകടം പറ്റാൻ പോയപ്പോൾ ജോയിച്ചൻ അവരെ വഴക്ക് പറഞ്ഞു അവർക്കു അതിഷ്ട്ടമായില്ല. കയ്യിൽലിരുന്ന വടിവാൾ കൊണ്ട് അവരിലാരോ ജോയിച്ചനെ വെട്ടി.

വേറെ ചിലർ പറയുന്നു മറ്റൊരാളെ വകവരുത്താൻ കൊട്ടേഷനെടുത്ത ഗുണ്ടകൾക്കു ആളുമാറി വെട്ടുകത്തികൊണ്ട് വെട്ടിയതാണെന്ന് .

'മൂർച്ചയുള്ള ഏതോ മാരകായുധംകൊണ്ട് ആഴത്തിലേറ്റ മുറിവാണ് മരണകാരണമെന്നാണ്'

ഇക്കാര്യത്തിൽ പോലീസ് നടത്തിയ ഏക കണ്ടെത്തൽ.

അടുപ്പിൽ തീ വീണ്ടും പിടിപ്പിച്ചു കാപ്പി തിളപ്പിക്കാനുള്ള പത്രം അടുപ്പിൽ വയ്ക്കുമ്പോഴും അവൾ അതെല്ലാം ഓർത്തു കരഞ്ഞുകൊണ്ടിരുന്നു.

അല്ലാതെ അവളെന്തു ചെയ്യാൻ?

''ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം;
വിരയുന്നു മനുഷ്യനേതിനോ.
തിരിയാ ലോകരഹസ്യമാർക്കുമേ''

തിളച്ച വെള്ളത്തിൽ കാപ്പിപ്പൊടിയിട്ടു വാങ്ങിയശേഷം അപ്പത്തിനായി മാവുകലക്കി വച്ചിരുന്ന കലത്തിലേക്ക് അവൾ നോക്കി. അതിലെ മാവ് പുളിച്ചുപൊന്തി ഒരു വിലാപംപോൽ പതഞ്ഞൊഴുകി തുടങ്ങിയിരുന്നു.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# എൻ. എസ്.എസ്. ഓഫ് ഹഡ്സൺവാലിയുടെ വിഷു ആഘോഷം പ്രൗഢഗംഭീരമായി



**റിപ്പോർട്ട്: ജയപ്രകാശ് നായർ**

ന്യൂയോർക്ക്: എൻ. എസ്.എസ്. ഓഫ് ഹഡ്സൺവാലിയുടെ വിഷു ആഘോഷം ഏപ്രിൽ 13 ഞായറാഴ്ച രാവിലെ 11 മണി മുതൽ 4 മണി വരെ ഓറഞ്ച്ബർഗിലുള്ള സിത്താർ പാലസ് റെസ്റ്റോറന്റിൽ വെച്ച് പ്രൗഢഗംഭീരമായി ആഘോഷിച്ചു.

ഗൃഹാതുരത്വമുണർത്തുന്ന വിഷുക്കണിയോടെ വിഷു ആഘോഷത്തിനു തുടക്കം കുറിച്ചു. സീനിയർ മെമ്പർ ഡോ. പി.ജി. നായർ എല്ലാവർക്കും വിഷുക്കൈനീട്ടം നൽകി. ട്രഷറർ കൃഷ്ണകുമാർ പ്രാർത്ഥനാഗാനം ആലപിച്ചു. പ്രഥമ വനിത ജഗദമ്മ നായർ, പ്രസിഡന്റ് ജി.കെ. നായർ, സെക്രട്ടറി പത്മാവതി നായർ, ട്രഷറർ കൃഷ്ണകുമാർ, വിശിഷ്ടാതിഥി ഡോ.പി.ജി. നായർ എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ചു.

സെക്രട്ടറി കാര്യപരിപാടികൾ വിശദീകരിക്കുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. പ്രസിഡന്റ് ജി.കെ. നായർ സംഘടനയുടെ വിവിധങ്ങളായ പ്രവർത്തനങ്ങളെക്കുറിച്ചും, സ്കോളർഷിപ്പ് വിതരണം, വയനാട് ദുരന്ത നിവാരണ സഹായം, താങ്ക്സ് ഗിവിംഗിനോടും ദീപാവലിയോടും അനുബന്ധിച്ചു നടത്തുന്ന ''ഫുഡ് ഡ്രൈവ്'' എന്നിവയുടെ ശ്ലാഘനീയമായ പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് വിഷു ആശംസകൾ നേർന്നു.

കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെ എച്ച് എൻ എ) ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ ഗോപിനാഥക്കുറുപ്പ് വിഷു സന്ദേശം നൽകി. അമേരിക്കയിലും വേലിപ്പടർപ്പുകളിൽ കർണികാരം പൂത്തുലഞ്ഞതു പോലുള്ള മഞ്ഞപ്പൂക്കൾ പ്രപഞ്ചത്തിലാകമാനം വരുന്ന മാറ്റങ്ങളുടെയും വിഷുവിന്റെയും ആമോദം ആഗോളതലത്തിൽ ''ലോകാഃ സമസ്താഃ സുഖിനോ ഭവന്തു'' എന്ന സമഭാവനയുടെ തുടക്കമാവട്ടെയെന്ന് ആശംസിച്ചു. ഡോ. പി.ജി. നായർ, മന്ത്രനിയുക്ത പ്രസിഡന്റ് കൃഷ്ണരാജ് മോഹൻ, എൻ.ബി.എ. മുൻ പ്രസിഡന്റ് അപ്പുക്കുട്ടൻ നായർ എന്നിവർ വിഷു ആശംസകൾ നേർന്ന് സംസാരിച്ചു.

ജയകുമാർ-രജനി ദമ്പതികളുടെ മക്കൾ ദേവ് നായരും ധീരജ് നായരും മധുരമനോജ്ഞമായി വിഷുഗീതങ്ങൾ ആലപിച്ചു. മുരളീധര പണിക്കർ വിഷുവിന്റെ

ഗതകാല സ്മരണകൾ ഉണർത്തുന്ന ആകർഷകമായ ഗാനം ആലപിച്ചു. തുടർന്ന് ജനുവരി മുതൽ മാർച്ചു വരെ ജന്മനക്ഷത്രം വരുന്ന അംഗങ്ങളുടെയും കുട്ടികളുടെയും ബർത്ത് ഡേ കേക്കു മുറിച്ച് ആഘോഷിച്ചു. അതിൽ സീനിയർ മെമ്പറായ ഡോ. പി.ജി.നായരും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ആയുരാരോഗ്യത്തിനുവേണ്ടി അംഗങ്ങൾ പ്രത്യേക ആശീർവാദവും പ്രാർത്ഥനാഗാനങ്ങളും കൊണ്ട് ഒരു കുടുംബാന്തരീക്ഷം സൃഷ്ടിച്ചു.

സിത്താർ പാലസ് പ്രത്യേകം തയ്യാറാക്കിയ സ്വാദിഷ്ടമായ വിഷു സദ്യയോടെയും വിവിധ കലാപരിപാടികളോടെയും വിഷു ആഘോഷം വർണ്ണപ്പൊലിമയോടെ സമാപിച്ചു. സെക്രട്ടറി പത്മാവതി നായർ നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഈ കൂട്ടായ്മയുടെ ആനുകാലിക പ്രസക്തിയും അതുകൊണ്ട് ഭാവിതലമുറയ്ക്ക് പകർന്നു നൽകുന്ന സാംസ്കാരിക പാരമ്പര്യവും കുട്ടികൾ കാണിക്കുന്ന ഔത്സുക്യത്തെയും പ്രശംസിച്ചു.









# തീപാറും മേയർ തിരഞ്ഞെടുപ്പ് പോരാട്ടത്തിനൊരുങ്ങി സിറ്റി ഓഫ് ഗാർലാൻഡ്







ഡാളസ്: ടെക്സാസ് സംസ്ഥാനത്തെ അമേരിക്കൻ പൗരന്മാർ

തങ്ങളുടെ ജന പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ ഏപ്രിൽ മാസം ഇരുപത്തിരണ്ടാം തീയതി മുതൽ പോളിംഗ് ബൂത്തിലേക്ക്. സമ്മതിദാനവകാശം രേഖപ്പെടുത്തുവാൻ ഉള്ള അവസാനദിവസം മെയ് മാസം മൂന്നാം തിയ്യതി ആറുമണിവരെയാണ്.

എന്നാൽ ഡാളസ് കൗണ്ടിയിലെ പഴയ പട്ടണങ്ങളിലൊന്നായ സിറ്റി ഓഫ് ഗാർലാൻഡ്‌ലെ മലയാളി ജനസമൂഹം ഒന്നടങ്കം മെയ് മാസം മൂന്നാം തീയതി ആറുമണിക്ക് ശേഷം നടക്കുന്ന ഫലപ്രഖ്യാപനത്തിനു വേണ്ടി നെഞ്ചിടിപ്പോടെയാണ് കാത്തിരിക്കുന്നത്.

അതിനുകാരണം നാല് മേയർ സ്ഥാനാർത്ഥികളിൽ രണ്ടുപേർ മലയാളികളും, സമൂഹത്തിന് ഏറ്റവും പ്രിയപ്പെട്ടവരും, ജനങ്ങളിൽ വളരെ സ്വാധീനം ഉള്ളവരും എന്നുള്ളതാണ്.

ചരിത്രത്തിലാദ്യമായാണ് സിറ്റി ഓഫ് ഗാർലാൻഡ് ഇപ്രകാരം ഒരു തിരഞ്ഞെടുപ്പ് ചരിത്രമുഹൂർത്തത്തിന് സാക്ഷ്യം വഹിക്കുന്നത്. സാമൂഹിക, ആത്മീയ, കായിക, പൊതുരംഗത്ത് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള രണ്ടു മലയാളികൾ തമ്മിൽ തിരഞ്ഞെടുപ്പിൽ മാറ്റുരയ്ക്കുപ്പോൾ ഈ വർഷത്തെ സിറ്റി ഓഫ് ഗാർലാൻഡ് തെരഞ്ഞെടുപ്പിന് ആവേശം കൂടുന്നു.

ഡോ. ഷിബു ശാമുവേൽ, ആറു വർഷത്തിൽപ്പരം സിറ്റി ഓഫ് ഗാർലാൻഡ് വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ചിട്ടുള്ള പരിചയസമ്പത്തും കൊണ്ടാണ് മേയർ മത്സര രംഗത്തേക്ക് കടന്നു വരുന്നത്. ഗാർലൻഡ് പട്ടണത്തിന്റെ സുരക്ഷിതത്വം, മനോഹരമായ തെരുവുകൾ, അനേകം തൊഴിലവസരങ്ങൾ, നിലവാരമുള്ള റോഡുകൾ, വളർന്നു വരുന്ന കായിക പ്രതിഭകൾക്കായുള്ള മൈതാനങ്ങൾ, തുടങ്ങിയുവ ഡോ. ഷിബു ശാമുവേൽ തൻറെ തിരഞ്ഞെടുപ്പ് പ്രസംഗങ്ങളിൽ ഉയർത്തിക്കാട്ടിയ വാഗ്ദാനങ്ങളാണ്. അമേരിക്കയിലും മറ്റു രാജ്യങ്ങളിലുമായി വളർന്നുകൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ സിഇഒ ആയി ഡോ. ഷിബു ശാമുവേൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 30 വർഷത്തിൽപ്പരമായി എഴുത്തുകാരൻ, കൗൺസിലർ, കൺവെൻഷൻ പ്രാസംഗികൻ, എന്നീ നിലകളിലും ഡോ. ഷിബു ശാമുവേൽ തൻറെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ആഗോള മലയാളി കൂട്ടായ്മയായ ലോക മലയാളി കൗൺസിലിൻറെ റീജിയണൽ ചെയർമാൻ ആയി അദ്ദേഹം പ്രവർത്തിച്ചുവരുന്നു. അതേ സംഘടനയുടെ ജോയിന്റ് ട്രഷററായും ദീർഘകാലം ഡോ. ഷിബു ശാമുവേൽ പ്രവർത്തിച്ചിട്ടുണ്ട് .

ശ്രീ: പി സി മാത്യു, രണ്ടുതവണ സിറ്റി ഓഫ് ഗാർലാൻഡ് കൗൺസിൽ മെമ്പറായി പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുള്ള അനുഭവസമ്പത്തും, പത്തു വർഷത്തിൽപ്പരം സിറ്റിയുടെ വ്യത്യസ്തങ്ങളായ കമ്മറ്റികളിൽ പ്രവർത്തിച്ചിട്ടുള്ള പരിചയസമ്പത്തും ആകുന്നു ശ്രീ പി സി മാത്യുവിന് മേയർ മത്സര രംഗത്തേക്ക് ശ്രദ്ധേയനാക്കുന്നത്. കലാലയ രാഷ്ട്രീയത്തിലൂടെ വളർന്നുവന്ന ശ്രീ പി സി മാത്യു കഴിവുറ്റ രാഷ്ട്രീയ പ്രവർത്തകനും, ജനങ്ങൾക്കിടയിൽ സ്വാധീനമുള്ള നേതാവുമാണ്. കൂടുതൽ സംരംഭകരെ പട്ടണത്തിലേക്ക് ആകർഷിപ്പിച്ച് സിറ്റിയുടെ മുഖച്ഛായ മാറ്റുവാനും, ജനങ്ങൾക്ക് കുടംബങ്ങളായി സുരക്ഷിതരായി ജീവിക്കുവാനുള്ള കർമ്മ പരിപാടികൾക്ക് നേതൃത്വം നൽകുമെന്ന് ശ്രീ പി സി മാത്യു തൻറെ പ്രചാരണവേളയിൽ ഉറപ്പുനൽകി.

ജനങ്ങളുടെ സുരക്ഷിതത്വത്തിനു വേണ്ടി അഹോരാത്രം പ്രവർത്തിക്കുന്ന പോലീസ് ഡിപ്പാർട്ട്മെൻറ്, ഫയർ ഡിപ്പാർട്ട്മെൻറ്, മെഡിക്കൽ ഡിപ്പാർട്ട്മെൻറ് , തുടങ്ങിയവയ്ക്കു വേണ്ട പ്രത്യേക ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയും താൻ പ്രവർത്തിക്കുമെന്ന് ശ്രീ. പി സി മാത്യു വാഗ്ദാനം ചെയ്തു.

തിരഞ്ഞെടുപ്പ് പ്രചാരണവേളയിൽ രണ്ടു സ്ഥാനാർഥികളും തിരഞ്ഞെടുപ്പിൽ വിജയിക്കുന്ന പക്ഷം സിറ്റി കൗൺസിൽ മെമ്പേഴ്സ്നോട് ചേർന്നു പട്ടണത്തിലെ ജനങ്ങളുടെ സുരക്ഷയ്ക്കും, പട്ടണത്തിന്റ അഭിവൃദ്ധിക്കുവേണ്ടിയും പ്രവർത്തിക്കുമെന്ന് ജനങ്ങൾക്ക് ഉറപ്പുനൽകി. രാജ്യസ്നേഹികളായ എല്ലാ മലയാളി വോട്ടർമാരോടും ഏപ്രിൽ 22 മുതൽ ആരംഭിക്കുന്ന ഏർലി വോട്ടിംഗിൽ തങ്ങളുടെ സമ്മതിദാനവകാശം രേഖപ്പെടുത്തണമെന്ന് ഡോ. ഷിബു ശാമുവേലും, ശ്രീ. പി സി മാത്യുവും അഭ്യർത്ഥിച്ചു.

# Got into an accident?

# NEVER TO WORRY




CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!


MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event


LAWSON
travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies

# ഇന്ത്യ എന്ന മോഹം ബാക്കിയാക്കി സിസ്റ്റർ മേരി ഹാമിൽട്ടൺ യാത്രയായി



വിൻസന്റ് ഇമ്മാനുവൽ

ഫിലാഡൽഫിയ: നാല് പതിറ്റാണ്ടോളം ഇന്ത്യയിൽ ആതുരസേവനം നടത്തിയ അമേരിക്കൻ നഴ്സിംഗ് അധ്യാപിക  സിസ്റ്റർ മേരി ഹാമിൽട്ടൺ (സിസ്റ്റർ മേരി അക്വിനാസ് എംഎംഎസ്) ഫിലാഡൽഫിയയിൽ ഞായറാഴ്ച അന്തരിച്ചു. ഒരിക്കൽ കൂടി ഇന്ത്യയിൽ വരണമെന്നുള്ള മോഹം ബാക്കിയാക്കിയാണ് സിസ്റ്റർ മേരി ഹാമിൽട്ടൺ മടങ്ങിയത്.

1950-കളുടെ തുടക്കത്തിൽ മിഷനറി പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്ത്യയിലെത്തിയ സിസ്റ്റർ മേരി അക്വയിനസ് ഹാമിൽട്ടൺ 43 വർഷത്തോളം കേരളത്തിലെ ഭരണങ്ങാനം, തമിഴ്നാട്ടിലെ കൊടൈക്കനാൽ, ഡൽഹി, ബീഹാർ എന്നിവിടങ്ങളിൽ ആതുരസേവനം നടത്തി. ആയിരക്കണക്കിന് ഇന്ത്യൻ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് പാശ്ചാത്യ നഴ്സിംഗ് രീതികളിൽ വിദഗ്ധ പരിശീലനം നൽകിയ അവർക്ക് മലയാളി നഴ്സുമാരോട് പ്രത്യേക ഇഷ്ടമായിരുന്നു. അവരുടെ ജോലിയിലെ മികവും അർപ്പണബോധവും സിസ്റ്റർ മേരിയെ ഏറെ ആകർഷിച്ചു.

പിയാനോ നേതാവ് ബ്രിഡ്ജറ്റ് വിൻസന്റ് ഉൾപ്പടെ അവരുടെ  നിരവധി വിദ്യാർത്ഥികൾ അമേരിക്കയിലുണ്ട്. ഹോളി ഫാമിലി മെഡിക്കൽ  മിഷൻ ഇൻ ഇന്ത്യ (HFMMIA) അലുമ്നായി പ്രസിഡന്റ് ആഗ്നസ് മാത്യു (ഷിക്കാഗോ) അവരുടെ വേർപാടിൽ അനുശോചിച്ചു. മറ്റൊരു പൂർവ വിദ്യാർത്ഥി മേരിക്കുട്ടി കുര്യാക്കോസ് ആണ് ചരമവാർത്ത അറിയിച്ചത്.

ഇന്ത്യ സമ്മാനിച്ച നല്ല ഓർമ്മകളാണ്



അവരുടെ വിശ്രമ ജീവിതത്തിന് ഊർജ്ജം പകർന്നത്. അവർക്കൊപ്പം ഇന്ത്യയിൽ സേവനമനുഷ്ഠിച്ച സിസ്റ്റർ കാരൾ ഹസ് ഇപ്പോൾ ഫിലഡൽഫിയയിൽ വിശ്രമജീവിതം നയിക്കുന്നു. ന്യൂഡൽഹിയിലെ ഹോളി ഫാമിലി മെഡിക്കൽ മിഷൻ ഇൻ ഇന്ത്യ (HFM-MIA) ഉൾപ്പെടെ ഇന്ത്യയിലെ വിവിധ മെഡിക്കൽ മിഷൻ ഹോസ്പിറ്റലുകളിൽ ഇരുവരും ഒരേ സമയം നഴ്സിംഗ് അധ്യാപകരായിരുന്നു.

ലോകത്തിലെ പ്രമുഖ ആശുപത്രികളും ആരോഗ്യ ഗവേഷണ കേന്ദ്രങ്ങളുമുള്ള ഫിലഡൽഫിയയിലെ സാമൂഹിക രംഗത്ത് സജീവമായി ഇടപഴകുമ്പോഴും ഇവരുടെ ഓർമ്മകൾ നിറയെ ഇന്ത്യയും കേരളവുമായിരുന്നു .

38 വർഷം ഇന്ത്യയിൽ ജീവിച്ച സിസ്റ്റർ കാരൾ ഹസ്സിനും ഇന്ത്യയെയും കേരളത്തെയും കുറിച്ചുള്ള ഓർമ്മകൾ മധുരതരമാണ്. ഒരിക്കൽ കൂടി കേരളത്തിൽ എത്തണമെന്ന് അവരും ആഗ്രഹിക്കുന്നു. ഇന്ത്യ നൽകിയ നല്ല ഓർമ്മകൾ ഹൃദയത്തിൽ സൂക്ഷിക്കുന്ന ഈ അധ്യാപിക ആ സ്വപ്നം യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷ കൈവിട്ടിട്ടില്ല.

സംസ്കാര ശുശ്രുഷ

2025 ഏപ്രിൽ 22-ന് ചൊവ്വാഴ്ച ഫിലാഡൽഫിയയിലെ 8400 പൈൻ റോഡിലുള്ള മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് ചാപ്പലിൽ സിസ്റ്റർ അകിനാസിന്റെ സംസ്കാര ശുശ്രൂഷ നടക്കും. സിസ്റ്റർ മേരി അകിനാസിന്റെ ഭൗതിക ശരീരം 8:45-ന് ചാപ്പലിൽ കൊണ്ടുവരും. അനുസ്മരണ പ്രാർത്ഥന കൃത്യം 9:00-ന് ആരംഭിക്കും. 10:30 AMന് സംസ്കാര ദിവ്യബലി നടക്കും. റവ. ബർണാർഡ് ഫാർലിയുടെ കാർമികത്വത്തിൽ ആയിരിക്കും ചടങ്ങുകൾ നടക്കുക.

Edited: രഞ്ജിനി രാമചന്ദ്രൻ



# ഹ്യൂസ്റ്റനിൽ സീനിയേഴ്സിനായി ഏകദിന കൂട്ടായ്മ


ബിബി തെക്കനാട്ട്


ഹ്യൂസ്റ്റൺ: സൈന്റ്റ് മേരീസ് ക്നാനായ കാതോലിക്ക ദൈവാലയത്തിൽ സീനിയോഴ്സിനായി ഏകദിന കൂട്ടായ്മ നടത്തപ്പെട്ടു.

മുതിർന്നവർക്കായി എല്ലാ ആഴ്ചയിലും നടക്കുന്ന ഏകദിന സംഗമം നടക്കുകയുണ്ടായി. ഇടവകയിലെ സീനിയേഴ്സ് എല്ലാ ബുധനാഴ്ചകളിലും ഒരുമിച്ചു കൂടുകയും വിശുദ്ധ കുർബാന, ആരാധന,വചന സന്ദേശം,വിവിധ എക്സർസൈസുകളും, ഗെയിമുകളും , നടത്തപ്പെടുന്നു.

വികാരി.ഫാ.എബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ്. വികാരി.ഫാ.ജോഷി വലിയവീട്ടിൽ, എന്നിവർ വിശുദ്ധ.കുർബാനയും, ആരാധനയും, നയിച്ചു.

പ്രശസ്ത വചന പ്രഘോഷകനായ ബ്രദർ. സന്തോഷ് കരുമത്ര ഷേക്കിന ടെലിവിഷൻ ഈ ആഴ്ചയിലെ ക്ലാസ്സുകൾക്കും, സന്ദേശങ്ങൾക്കും നേതൃത്വം നൽകി. വളരെ വിഞ്ജാനപ്രദവും, മാനസിക ഉന്മേഷം നൽകുന്നതുമായ സെഷനുകളായിരുന്നു എന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

മുതിർന്നവർ ഒരുമിച്ചു കൂടുകയും പരസ്പരം സംസാരിക്കുകയും, അറിവുകൾ പങ്കു വെയ്ക്കുകയും, അതിനു ശേഷം എല്ലാവരും ചേർന്നുള്ള സ്നേഹവിരുന്നും പങ്കെടുത്തവർക്ക് വളരെ സന്തോഷപ്രദവും ഹൃദ്യവുമായിരുന്നുവെന്നു എല്ലാവരും അഭിപ്രായപ്പെട്ടു.

സിസ്റ്റർ.റെജി എസ്.ജെ.സി.,സൈമൺ ആനാലിപ്പാറയിൽ,ബിബി തെക്കനാട്ട്.എന്നിവർ പരിപാടികൾ ക്രമീകരിക്കുവാൻ നേതൃത്വം നൽകി










USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോയുടെ സ്വപ്നം സഫലമാക്കാൻ എബ്രഹാം വർക്കി



എ.എസ് ശ്രീകുമാർ

ഷിക്കാഗോയിലും പരിസര പ്രദേശങ്ങളിലും വസിക്കുന്ന മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യാനിൾക്ക് ഒരു ചിരകാല സ്വപ്നമുണ്ടെന്നും അത് സാക്ഷാത്കരിക്കാൻ വേണ്ടിയാണ് മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോ (എം.ഒ.സി.എസ്) നിലകൊള്ളുന്നതെന്നും സംഘടനയുടെ വൈസ് പ്രസിഡന്റ് എബ്രഹാം വർക്കി പറഞ്ഞു. അടുത്ത മാസം ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെടുന്ന എം.ഒ.സി.എസ് തങ്ങളുടെ കുടുംബാംഗങ്ങളെയെല്ലാം വിശ്വാസത്തോടൊപ്പം സാമൂഹികവും സാംസ്കാരികമായും ഒരുമിപ്പിക്കുന്ന വേദിയായിരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ആത്മീയ കാര്യങ്ങളിൽ നിന്ന് ഒട്ടും അകന്നുപോകാതെ പുതുതലമുറയെ നെഞ്ചോട് ചേർത്ത് പിടിക്കുന്ന ഈ സൊസൈറ്റി 'മലങ്കര ഓർത്തഡോക്സ് കോൺഗ്രസ്' എന്ന നിലയിൽ നോർത്ത് അമേരിക്കയിലെമ്പാടും വ്യാപിക്കുന്ന കാലം വിദൂരമല്ലെന്നും എബ്രഹാം വർക്കി പ്രത്യാശ പ്രകടിപ്പിക്കുന്നു. നാട്ടിലായിരിക്കുമ്പോഴും കർമഭൂമിയായ അമേരിക്കയിലെത്തിയ ശേഷവും പള്ളിയുമായി എപ്പോഴും ഇടപഴകി തന്റെ വിശ്വാസ ജീവിതത്തിന് കരുത്തേകുന്ന എബ്രഹാം വർക്കി സ്തുത്യർഹമായ സേവനത്തിന് ശേഷമാണ് ഔദ്യോഗിക രംഗത്തുനിന്നും വിരമിച്ചത്.

കോട്ടയം ജില്ലയിലെ ചിങ്ങവനത്തിനടുത്തുള്ള കുഴിമറ്റം ചാലുവേലിൽ പരേതരായ എം.കെ വർക്കിയുടെയും മറിയാമ്മ വർക്കിയുടെയും ഇളയ മകനാണ് അനിമോൻ എന്ന എബ്രഹാം വർക്കി. ബിസിനസുകാരനായിരുന്നു പിതാവെങ്കിൽ മാതാവ്, 'മലങ്കര സഭാ ഭാസുരൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയുടെ (വട്ടശ്ശേരിൽ തിരുമേനി) മല്ലപ്പള്ളിയിലെ കുടുംബത്തിൽപ്പെട്ട വ്യക്തിയാണ്. അതിനാൽ ത്തന്നെ തീർത്തും വിശ്വാസത്തിൽ അധിഷ്ഠിതമായ കൂടുംബാന്തരീക്ഷത്തിൽ നിന്നാണ് കുഴിമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ എബ്രഹാം വർക്കി കടന്നു വന്നിട്ടുള്ളത്.

ബാലജനസഖ്യത്തിലൂടെ സാമൂഹ്യ പ്രവർത്തനം ആരംഭിച്ച എബ്രഹാം, കുഴിമറ്റം സന്തോഷ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ രൂപീകരണത്തിനും വൈ. എം.സി.എ യുടെ പ്രവർത്തനങ്ങളിലും നാട്ടിലെ രാഷ്ട്രീയ പ്രവർത്തനങ്ങളിലും എല്ലാം തെളിഞ്ഞ വ്യക്തിത്വമായിരുന്നു. കോട്ടയം ബസേലിയോസ് കോളേജിൽ നിന്നും ബി.സ്.സി പഠനം കഴിഞ്ഞ് ഇരുപതാം വയസ്സിൽ ചിക്കാഗോയിലെത്തിയ എബ്രഹാം വർക്കി ജോലിയോടൊപ്പം പഠനവും തുടർന്നു. നോർത്ത് വെസ്റ്റൺ ബിസിനസ് കോളേജിൽ അക്കൗണ്ടിംഗ് പഠനത്തിനിടയിൽ ചിക്കാഗോ ട്രാൻസിറ്റ് അതോറിറ്റിയുടെ റെയിൽവേ വിഭാഗത്തിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു.

ജോലിയിലിരിക്കെ സഭാപ്രവർത്തനങ്ങളിലും മുഴുകിയ എബ്രഹാം വർക്കി ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ അംഗമായി. 10 വർഷം സഭാ അസംബ്ലി മെമ്പറായും 2017 മുതൽ 2022 വരെ സൗത്ത് വെസ്റ്റ് ഭദ്രാസന കൗൺസിലറായും പ്രവർത്തിച്ചു. ചിക്കാഗോ ട്രാൻസിറ്റ് അതോറിറ്റിയിലെ ഇരുപത്തേഴു വർഷത്തെ സുസ്ത്യർഹമായ സേവനത്തിനു ശേഷം ഏർലി റിട്ടയർമെന്റ് എടുത്ത എബ്രഹാം വർക്കി എ.ആർ ഡെവലപ്പേഴ്സ് എന്ന സ്വന്തം റിയൽ എസ്റ്റേറ്റ് നിർമാണ കമ്പനിയുടെ പ്രവർത്തനങ്ങളിലും സാമൂഹിക പ്രവത്തങ്ങളിലും ശ്രദ്ധ കേന്ദ്രികരിക്കുന്നു. മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സഭയുടെ വിശ്വാസ ധാരയിൽ ചേർന്നുപോരുന്ന ഷിക്കാഗോയിലെ നാലു പള്ളികളിലും ഉൾപ്പെടുന്ന കുടുംബാംഗങ്ങളെ സാമൂഹിക സാംസാകാരിക വേദിയിൽ അണിനിരത്തി സൗഹൃദം ഊട്ടിയുറപ്പിച്ച് എം.ഒ.സി.എസിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പുറപ്പാടിലാണ് ഇദ്ദേഹം.

എം.ഒ.സി.എസ് എന്ന സാമൂഹിക കൂട്ടായ്മയുടെ ഔപചാരികമായ ഉദ്ഘാടനവും ഫാമിലി നൈറ്റും വരുന്ന മെയ് 10-ാം തീയതി ശനിയാഴ്ച വൈകുന്നേരം ഓക് ബ്രൂക്കിലെ ഷിക്കാഗോ മാരിയറ്റ് ഓക് ബ്രൂക്ക് ഹോട്ടലിൽ നടക്കും. ബെൽവുഡിലുള്ള സെന്റ് ഗ്രിഗോറിയോസ് കത്തീഡ്രൽ ചർച്ച് അംഗമെന്ന നിലയിൽ എം.ഒ.സി.എസിന്റെ ചുക്കാൻ പിടിക്കുന്നവരിൽ പ്രധാനിയായ എബ്രഹാം വർക്കി സംഘടനയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് സരളമായ അഭിമുഖ സംഭാഷണത്തിലൂടെ വിശദീകരിക്കുന്നു.

? മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ

സൊസൈറ്റി ഓഫ് ഷിക്കാഗോയുടെ രൂപീകരണത്തിലേയ്ക്ക് നയിച്ച സാഹചര്യം എന്തായിരുന്നു...

* ഷിക്കാഗോയിൽ ഞങ്ങൾക്ക് നാല് പള്ളികൾ ഉണ്ട്. ആ ഇടവകകളിലെ കുടുംബാംഗങ്ങളെ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള വേദി എന്ന നിലയിലാണ് എം.ഒ.സി.എസ് രൂപീകരിച്ചത്. പുതിയ തലമുറയ്ക്കും യുവജനങ്ങൾക്കും അവർക്കിഷ്ടപ്പെട്ട വിനോദങ്ങളിലും മറ്റും ഏർപ്പെടാൻ സൗകര്യമൊരുക്കുന്നതാണ്. ആദ്യത്തെ തലമുറയിൽ പെട്ട സീനിയേഴ്സിന്റെ മക്കളൊക്കെ കുടുംബസമേതം പലയിടങ്ങളിലേക്കും താമസം മാറിപ്പോയിട്ടുണ്ട്. അതോടെ വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വൃദ്ധരായ മാതാപിതാക്കൾക്കെല്ലാം ഒന്നിച്ചു ചേർന്ന് അവരുടേതായ ഒരു ലോകത്തിൽ വ്യാപരിക്കാൻ പൊതുവായ ഒരു സ്ഥലവും അന്തരീക്ഷവും സംജാതമാക്കുക എന്നതും ഈ സൊസൈറ്റിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

? ഈ ആലോചന പെട്ടെന്നൊരു സാഹചര്യത്തിൽ ഉണ്ടായതാണോ...

* അല്ല. കുറച്ചു നാളുകളായി ഞങ്ങൾ പരസ്പരം ഷെയർ ചെയ്തുകൊണ്ടിരിക്കുന്ന ഒരു ആശയമാണിത്. മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സഭയിൽ ഇങ്ങനെയൊരു സംവിധാനം തീർച്ചയായും വേണമെന്ന ഒരു ചിന്ത നേരത്തെ മുതൽ ഉണ്ടായിരുന്നു. അമേരിക്കയിൽ ആദ്യമായി ഷിക്കാഗോയിലാണ് ഇത്തരമൊരു കൂട്ടായ്മയ്ക്ക് തുടക്കമിടുന്നത്. ചിക്കാഗോയിലെ നാലു മലങ്കര (ഇന്ത്യൻ) ഓർത്തഡോക്സ് പള്ളികളിലും ചേർന്നുവരുന്ന പുരോഗമന ചിന്താഗതിക്കാരായ ഏതാനും ചിലർ കൂടിയാലോചിച്ചു രൂപംകൊടുത്ത ഒരു പ്രസ്ഥാനമാണ് മലങ്കര ഓർത്തഡോക്ൾസ് ക്രിസ്ത്യൻ സൊസൈറ്റി ഓഫ് ചിക്കാഗോ (മോക്സ് ചിക്കാഗോ).

? എന്തുകൊണ്ടാണ് മോക്സ് എന്ന പേര് സ്വീകരിച്ചത്...

* മലങ്കര ഓർത്തഡോക്ൾസ് സഭയ്ക്കോ സഭയിലെ ഏതെങ്കിലും ഒരു പള്ളിക്കോ സഭയിലെ ആത്മീയ നേതൃത്വത്തിനോ എതിരായി പ്രവർത്തിക്കുവാൻ ഈ പ്രസ്ഥാനത്തിന് യാതൊരു ലക്ഷ്യവുമില്ല. അങ്ങനെ ആരെങ്കിലും പ്രചരിപ്പിക്കുന്നുവെങ്കിൽ അത് ഒരു മിഥ്യാധാരണയായി തള്ളിക്കളയുക. കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന പ. കാതോലിക്കേറ്റിനോടും അതിൽ വാണരുളുന്ന പ. ബസേലിയോസ് മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ തിരുമേനിയോടും പ. സുന്നഹദോസിനോടും ഈ പ്രസ്ഥാനത്തിലെ ഓരോരുത്തർക്കുമുള്ള ഭക്തിയും കൂറും അടിവരയിട്ടു പ്രഖ്യാപിക്കുന്നു. എന്നാൽ സഭയുമായി ഈ പ്രസ്ഥാനത്തിന് യാതൊരു ബന്ധവുമില്ലായെന്നും ക്രിസ്ത്യാനിറ്റിയിൽ നമ്മൾക്കുള്ള ഐഡന്റിറ്റി മലങ്കര ഓർത്തഡോക്ൾസ് ക്രിസ്ത്യൻ എന്നതിനാലുമാണ് മലങ്കര ഓർത്തഡോക്ൾസ് ക്രിസ്ത്യൻ സൊസൈറ്റി എന്ന പേര് നൽകിയിരിക്കുന്നത്.



? എന്തുകൊണ്ടാണ് ഇങ്ങനെയൊരു സൊസൈറ്റി...

* 2009-ലാണ് നോർത്ത് അമേരിക്കയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ രണ്ടാമത്തെ ഭദ്രാസനമായ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം ആരംഭിക്കുന്നത്. 2012 മുതൽ പത്തുവർഷത്തോളം സൗത്ത് അമേരിക്കൻ ഭദ്രാസന അസംബ്ലി മെമ്പറായും കൗൺസിൽ മെമ്പറായും പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. ഈ അവസരത്തിൽ അമേരിക്കയിലെ വിവിധ പള്ളികൾ സന്ദർശിക്കുകയും ജനങ്ങളോട് സംവാദിക്കുകയും ചെയ്തു. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് നോർത്ത് അമേരിക്കയിൽ കുറച്ചു പള്ളികൾ അല്ലാതെ മറ്റ് യാതൊരു സ്ഥാപനങ്ങളും കെട്ടിപ്പടുക്കുവാൻ സാധിച്ചിട്ടില്ല എന്നത് ഖേദകരമാണ്. മലങ്കര ഓർത്തഡോക്സ് സഭയിലെ ചിക്കാഗോയിലുള്ള എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ പൊതുവായ ഒരു സ്ഥാപനം എന്ന നിലയിലാണ് ഒരു കമ്മ്യൂണിറ്റി സെന്റർ നിർമ്മിക്കുക എന്ന ആശയം ഉടലെടുക്കുന്നത്.

? എം.ഒ.സി.എസിന്റെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെ...

* ജന്മനാട്ടിൽ നിന്ന് നമുക്ക് പൈതൃകമായി ലഭിച്ച ഓർത്തഡോക്സ് സംസ്കാരം ഒട്ടും ചോർന്നു പോകാതെ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുക, അവരെ നമുക്കാവും വിധത്തിൽ മലയാള ഭാഷ പഠിപ്പിച്ച് നമ്മുടെ സംസ്കൃതിയിൽ വളർന്നു വരാനുള്ള സാഹചര്യം സൃഷ്ടിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ സൊസൈറ്റിയുടെ പരമപ്രധാനമായ ലക്ഷ്യങ്ങളാണ്. ചില കുട്ടികളും യുവജനങ്ങളും ആത്മീയതയിൽ നിന്ന് വിട്ടു പോകുന്ന ഒരു പ്രവണത കണ്ടു തുടങ്ങിയിട്ടുണ്ട്. അതിനൊക്കെയുള്ള പ്രതിവിധിയെന്നോണം മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ കമ്മ്യൂണ്റ്റിയെ കൂടുതൽ കെട്ടുറപ്പുള്ളതാക്കി മാറ്റുക എന്ന ആത്യന്തിക ലക്ഷ്യവും എം.ഒ.സി.എസിന്റെ രൂപീകരണത്തിനു പിന്നിലുണ്ട്.

? വിശ്വാസത്തിൽ നിന്നും പള്ളിയിൽ നിന്നും അകന്ന് നിൽക്കുന്നവരുടെ താത്പര്യങ്ങൾ എന്തെല്ലാമാണ്...

* സ്പിരിച്ചൽ ലൈഫിനെ അപേക്ഷിച്ച് സോഷ്യൽ ആക്ടിവിറ്റികളിലാണ് അവർക്കേറെ താത്പര്യം എന്നാണ് മനസ്സിലാക്കേണ്ടത്. ആത്മീയമായ പ്രവർത്തനങ്ങൾക്കൊപ്പം സാമൂഹിക കാഴ്ചപ്പാടോടെയായിരിക്കും എം.ഒ.സി.എസ് പ്രവർത്തിക്കുക. കലാ-കായിക മത്സരങ്ങൾ, ഫാഷൻ ഷോകൾ തുടങ്ങിയ പരിപാടികൾ വേദിയിൽ അവതരിപ്പിക്കാൻ അവസരം നൽകി കുട്ടികളും കൗമാരപ്രായക്കാരുമൊക്കെ ഉൾപ്പെടുന്ന തലമുറയെ നമ്മളിലേക്ക് ആകർഷിക്കുവാനുള്ള വിവിധ പദ്ധതികളാണ് കാലോചിതമായി എം.ഒ.സി.എസ് ആവിഷ്ക്കരിക്കുക. വിനോദയാത്രകൾ നടത്താനും ഉദ്ദേശിക്കുന്നു. ഓർത്തഡോക്സ് സഭ എപ്പോഴും അതിന്റെ അച്ചടക്കം അനുസരിച്ചാണ് മുന്നോട്ടു പോകുന്നത്. എന്നാൽ ചിലർ അതിനപ്പുറമായി സ്പിരിച്ചൽ ഫെലോഷിപ്പുകളിലേക്ക് പോകുന്നുണ്ട്. അങ്ങനെയുള്ളവരെയും ഈ സൊസൈറ്റിയിൽ ഉൾപ്പെടുത്തുന്നതാണ്.

? സഭയിൽ നിന്ന് മാറി ചിന്തിച്ചു പോകുന്നവരുടെ എണ്ണം കൂടുന്നതായി തോന്നിയിട്ടുണ്ടോ...

* അങ്ങനെ പ്രകടമായ ഒരു ഒഴുക്ക് ഉണ്ടെന്നു തോന്നുന്നില്ല. അതേസമയം, അമേരിക്കയിൽ ആദ്യം കുടിയേറി പാർത്തവരുടെ മക്കളായിട്ടുള്ളവർ അതായത് സെക്കന്റ് ജനറേഷനിലെ ഒത്തിരി യുവാക്കൾ സഭയിൽ നിന്നും വിട്ട് മറ്റ് പള്ളികളിൽ ചേർന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

? ഇങ്ങനെയൊരു കൊഴിഞ്ഞു പോക്കിന്റെ കാരണമെന്താണെന്ന് വിചിന്തനം ചെയ്തിട്ടുണ്ടോ...

* നമുക്കെല്ലാം വലിയ പരിമിതികളുണ്ട്. ആദ്യത്തെ ജനറേഷനിൽ എത്തിയവർക്ക് ഇവിടെയൊരു സ്വസ്ഥമായ ജീവിതം കെട്ടിപ്പടുക്കുവാനുള്ള ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അക്കാലത്ത് തിരക്കു പിടിച്ച ജീവിത സാഹചര്യങ്ങൾ മൂലം മാതാപിതാക്കൾക്ക് ഇവിടുത്തെ സോഷ്യൽ ആക്ടിവിറ്റികളിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. കുട്ടികൾ സ്കൂളുകളിലൊക്കെ പഠിച്ച് വേറൊരു സംസ്കാരത്തിൽ ആകൃഷ്ടരായി എന്നും പറയാം. അതിനൊരു മാറ്റം ആവശ്യമാണ്.

? നോർത്ത് അമേരിക്കയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ ശക്തി എത്രത്തോളമുണ്ട്...

* എഴുപതുകളിലായിരിക്കണം മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രവർത്തനങ്ങൾ ഇവിടെ തുടങ്ങുന്നത്. ഏതാനും അച്ചന്മാരും കുറച്ച് വിശ്വാസികളുമൊക്കെ കൂടിച്ചേർന്ന് ചെറിയ കൂട്ടായ്മകളായി വീടുകളിലൊക്കെ കുർബാന നടത്തിയാണ് വളരെ എളിയ തോതിൽ പ്രവർത്തനം ആരംഭിക്കുന്നത്. ഇപ്പോൾ മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സഭയ്ക്ക് രണ്ട് ഭദ്രാസനങ്ങളാണുള്ളത്. ന്യൂയോർക്ക് കേന്ദ്രമാക്കിയുള്ള നോർത്ത് ഈസ്റ്റ് ഭദ്രാസനവും ഹൂസ്റ്റൺ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സൗത്ത് വെസ്റ്റ് ഭദ്രാസനവും. ഈ രണ്ട് ഭദ്രാസനങ്ങളിലുമായി 130-ഓളം പള്ളികളുണ്ട്. കൂടാതെ അമേരിക്കൻ ഭദ്രാസനത്തിന്റെ ഭാഗമായിരുന്ന കാനഡയിൽ പുതിയ ഭദ്രാസനം യാഥാർത്ഥ്യമായിട്ടുണ്ട്. അങ്ങനെ നോർത്ത് അമേരിക്കയിൽ മൊത്തം മൂന്ന് ഭദ്രാസനങ്ങളുണ്ട്. കാനഡയിലെ പള്ളികൾ കൂടി കണക്കിലെടുത്താൽ മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സഭയിൽ 150-ഓളം പള്ളികൾ ഉണ്ട്.

? നിലവിൽ സഭാംഗങ്ങൾക്കെല്ലാം ഒത്തുകൂടുവാനുള്ള സാഹചര്യം ഇല്ലെന്നാണോ...

* അങ്ങനെയല്ല, മൂന്നു വർഷം കൂടുമ്പോൾ സഭയുടേതായി ഫാമിലി കോൺഫറൻസ് ഉൾപ്പെടെയുള്ള കൂട്ടായ്മകൾ നടത്താറുണ്ട്. അതേസമയം, എല്ലാ ഞായറാഴ്ചയും പള്ളിയിൽ വരാതെ വല്ലപ്പോഴും ഒക്കെ എത്തുന്ന വിശ്വാസികളും നമ്മുടെ ഇടയിലുണ്ട്. അവരെയും ഒപ്പം ചേർത്ത് സഭാപരമായ കെട്ടുറപ്പോടു കൂടി പ്രവർത്തിക്കുവാനാണ് എം.ഒ.സി.എസ് പ്ലാൻ ചെയ്യുന്നത്.

? ഷിക്കാഗോയ്ക്ക് പുറത്ത് എം.ഒ.സി.എസിന്റെ ഘടകങ്ങൾ രൂപീകരിക്കപ്പെടാനുള്ള സാധ്യത...

* എം.ഒ.സി.എസിന്റെ രൂപീകരണത്തെ പറ്റി അറിഞ്ഞ വിശ്വാസികൾ ന്യൂയോർക്ക്, ഡാളസ്, കാലിഫോർണിയ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും നമ്മളെ ബന്ധപ്പെടുന്നുണ്ട്. തങ്ങളുടെ സ്ഥലങ്ങളിലും ഇതുപോലെ സൊസൈറ്റികൾ രൂപീകരിക്കാനുള്ള ആഗ്രഹം അവർ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവരെയെല്ലാം എം.ഒ.സി.എസ് അകമഴിഞ്ഞ് പിന്തുണയ്ക്കും. നോർത്ത് അമേരിക്കയെ മൊത്തത്തിൽ പ്രതിനിധാനം ചെയ്യുന്ന 'ഓർത്തഡോക്സ് കോൺഗ്രസ്' എന്ന ഒരു കേന്ദ്ര സംഘടന ഭാവിയിൽ രൂപീകരിക്കപ്പെടാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

? എം.ഒ.സി.എസിനെ ഷിക്കാഗോയിലെ വിശ്വാസി സമൂഹം എപ്രകാരമാണ് സ്വീകരിക്കുന്നത്...

* എല്ലാ പ്രായത്തിൽ പെട്ടവരുടെയും സഹകരണവും സാന്നിധ്യവുമുണ്ട്. മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ ഏവരുടെയും ആത്മാർത്ഥമായ പിന്തുണയുമുണ്ട്. സഭയുടെ അഭിവൃദ്ധിക്കു വേണ്ടിയാണ് എം.ഒ.സി.എസ് നിലകൊള്ളുന്നതെന്ന് വിശ്വാസികൾക്കെല്ലാം ബോധ്യം വന്നിട്ടുമുണ്ട്.

? എങ്ങിനെയാണ് വിവിധ പ്രായത്തിലുള്ളവരെ അഭിസംബോധന ചെയ്യുന്നത്...

* എല്ലാ പ്രായത്തിലുമുള്ളവരുടെ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടായിരിക്കും സൊസൈറ്റി പ്രവർത്തിക്കുന്നത്. സീനിയേഴ്സ് ഫോറം, യൂത്ത് ഫോറം, വിമൻസ് ഫോറം, ചിൽഡ്രൻസ് ഫോറം തുടങ്ങിയ കമ്മറ്റികൾ രൂപീകരിക്കുകയും അതിന്റെയൊക്കെ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ തലങ്ങളിലും പുതിയ ഭാരവാഹികൾ വന്നുകൊണ്ടിരിക്കും.

? കമ്മ്യൂണിറ്റി സെന്ററിന്റെ രൂപീകരണത്തെ പറ്റി...

* നമ്മുടെയൊരു വലിയ സ്വപ്നമാണ് കമ്മ്യൂണിറ്റി സെന്റർ. ഒരു സ്പോർട്സ് അരീന ഉൾപ്പെടെ എല്ലാ പ്രായക്കാർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിലുള്ള അത്യാധുനിക സംവിധാനങ്ങൾ കമ്മ്യൂണിറ്റി സെന്ററിൽ ഉണ്ടായിരിക്കും. മൂന്നു വർഷത്തിനുള്ളിൽ ഇത് പ്രവർത്തന ക്ഷമമാക്കാനാണ് ആഗ്രഹിക്കുന്നത്. കമ്മ്യൂണിറ്റി സെന്റർ നിർമിക്കാൻ പലതരം എന്റർടെയ്ൻമെന്റ് പ്രോഗ്രാമുകൾ നടത്തിയും സ്പോൺസർഷിപ്പു വഴിയും പണം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. ചിക്കാഗോയിലുള്ള ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ സാമൂഹികവും ഭൗതീകവുമായ ഉന്നമനമാണ് സൊസൈറ്റിയിലൂടെ ലക്ഷ്യമിടുന്നത്. ജോലിയിൽനിന്നു വിരമിച്ചു വീട്ടിൽ കഴിയുന്നവർക്കും, യുവജനതക്കും, കുട്ടികൾക്കും വിവിധ സ്പോർട്സ്, കല, സാംസ്കാരിക പരിപാടികളിൽ ചേർന്ന് പ്രവർത്തിക്കാൻ കഴിയുന്നതിനുള്ള ഒരു കമ്മ്യൂണിറ്റി സെന്റർ നിർമ്മിക്കുവാനും അതിന്റെ പ്രവർത്തനങ്ങളിലൂടെ ഈ കമ്മ്യൂണിറ്റിക്കുവേണ്ട സേവനങ്ങൾ ലഭ്യമാക്കുവാനും ഈ പ്രസ്ഥാനം പ്രതിജ്ഞാബദ്ധമായിരിക്കും.

? വൈസ് പ്രസിഡന്റ് എന്ന നിലയിൽ സൊസൈറ്റിയെ പറ്റി എന്താണ് പറയുവാനുള്ളത്...

* ഷിക്കാഗോ ലാൻഡിലുള്ള എല്ലാ മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ വിശ്വാസികളും എം.ഒ.സി.എസിൽ അംഗങ്ങളായി തങ്ങളുടെ കമ്മ്യൂണിറ്റിയോടുള്ള പ്രതിബദ്ധതയും സ്നേഹവും തുറന്ന് പ്രകടിപ്പിക്കേണ്ടതുണ്ട്. വാസ്തവത്തിൽ ഈ സൊസൈറ്റി നമ്മുടെ പുതിയ തലമുറയ്ക്കാണ് ഏറെ പ്രയോജനം ചെയ്യുക. ഇപ്പോഴത്തെ കുട്ടികളെല്ലാം ഒരു വേദിയിൽ ഒത്തു ചേർന്ന് പരസ്പരം ആശയങ്ങൾ പങ്കു വയ്ക്കുകയും സുഹൃദ്ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ ആരോഗ്യകരമായ ഒരു ജീവിതത്തിലേയ്ക്കായിരിക്കും അവർ പ്രവേശിക്കുക. ജീവിത പങ്കാളിയെ കണ്ടെത്താനും സ്വന്തം കഴിവുകൾ പ്രകടിപ്പിക്കുവാനും അച്ചടക്കമുള്ള ഓർത്തഡോക്സ് സഭാമക്കളായി വളർന്ന് നമ്മുടെ അഭിമാനഭാജനങ്ങളായി തീരുവാനും എം.ഒ.സി.എസ് ഇവിടെ വഴി തുറക്കുകയാണ്.

***

എബ്രഹാം വർക്കിയുടെ ഭാര്യ ഡോ. റീന വർക്കി യു.എസ് ഡിപ്പാർട്ട്മെന്റ് ഓഫ് വെറ്ററൻസ് അഫയേഴ്സിന്റെ ഷിക്കാഗോ വി.എ ഹോസ്പിറ്റലിൽ ചീഫ് നേഴ്സ് മാനേജരായി ജോലി ചെയ്യുന്നു. മൂത്ത മകൻ ആൽബിൻ എബ്രഹാം ബാങ്ക് ഓഫ് അമേരിക്കയിൽ കമ്പ്യൂട്ടർ എഞ്ചിനിയറാണ്. ഇളയ മകൻ റൂബിൻ എബ്രഹാം ഇലക്ട്രിക്കൽ എഞ്ചിനീയറായി പ്രവർത്തിക്കുന്നു.

റിയൽ എസ്റ്റേറ്റ് രംഗത്തെ തിരക്കുപിടിച്ച ജീവിത വ്യാപാരത്തിനിടയിലും തന്റെ കുടുംബത്തിനൊപ്പം സ്വന്തം സഭയോടും സഭാകുടുംബാംഗങ്ങളോടുമുള്ള പ്രതിബദ്ധത കാത്തുസൂക്ഷിക്കുന്ന വ്യക്തിയാണ് എബ്രഹാം വർക്കി. മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സൊസൈറ്റി ഓഫ് ഷിക്കാഗോയെ ആത്മീയതയിൽ അടിയുറച്ച് സാമൂഹിക മുന്നേറ്റത്തിനായി പ്രവർത്തിക്കുന്ന വലിയൊരു പ്രസ്ഥാനമായി വളർത്തിക്കൊണ്ടുവരാൻ അദ്ദേഹം നടത്തുന്ന ഊർജസ്വലമായ പ്രവർത്തനങ്ങളെല്ലാം വിജയപ്രദമാവട്ടെയെന്ന് ഹൃദയപൂർവം ആശംസിക്കുന്നു.





# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C SPRJ55189


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ പ്രധാന തിരുനാളിന്റെ ഒരുക്കങ്ങൾക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചു



**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ഓഗസ്റ്റ് 3 മുതൽ 11 വരെ നടത്തപെടുന്ന പരിശുദ്ധ ദൈവമാതാവിന്റെ ദർശനത്തിരുനാളിന്റെ ഒരുക്കങ്ങൾക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചു. ഇടവകയിലെ എല്ലാ പുരുഷന്മാരും പ്രസുദേന്തിമാരാകുന്ന തിരുനാളിന് നേതൃത്വം നൽകുന്ന മെൻ മിനിസ്ട്രിയുടെ നേതൃത്വത്തിലാണ് ഓശാന ഞായറാഴ്ചയിലെ വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം തിരുനാൾ കിക്ക് ഓഫ് സംഘടിപ്പിച്ചത്. മുൻവർഷങ്ങളിൽ യൂത്ത് മിനിസ്ട്രി അംഗങ്ങൾ, വിമൻ മിനിസ്ട്രി അംഗങ്ങൾ എന്നിവർ തിരുനാൾ പ്രസുദേന്തിമാരായി തിരുനാളിന് നേതൃത്വം നല്കിയതുപോലെ, ഇടവകയിലെ എല്ലാ പുരുഷന്മാരും പ്രധാന തിരുനാളിന്റെ നടത്തിപ്പിനായി മുന്നോട്ട് വരുമ്പോൾ, അത് ഇടവകയിലെ കുടുംബങ്ങളുടെ സജീവമായ പങ്കാളിത്വത്തിന്റെയും, കുടുംബങ്ങളിലേക്ക് പരിശുദ്ധ ദൈവമാതാവിന്റെ അനുഗ്രഹങ്ങൾ ചൊരിയുന്നതിന്റെയും സൂചനയാണ് എന്ന് ഇടവക വികാരി ഫാ. സിജു മുടക്കോടിയിൽ ഓർമിപ്പിച്ചു. ഫാ. ബിബിൻ കണ്ടോത്ത്, ഇടവക സെക്രട്ടറി സിസ്റ്റർ ശാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ മെൻ മിനിസ്ട്രി കോർഡിനേറ്റർ പോൾസൺ കുളങ്ങര, സിബി കൈതക്കത്തൊട്ടിയിൽ, സ്റ്റീഫൻ ചൊള്ളമ്പേൽ എന്നിവരോടൊപ്പം കിക്ക് ഓഫിന് ചുക്കാൻ പിടിച്ചു.










MALABAR
GOLD & DIAMONDS
Celebrate with Savings!
Pay 10%
Advance & Get
Gold Rate Protection
Advance valid until
30th April, 2025
Get a FREE
Diamond Gift Voucher
worth USD 50
On first booking until
13th April, 2025
*T&C Apply

# താമ്പ അയ്യപ്പക്ഷേത്രത്തിലെ പൈങ്കിനി ഉത്ര മഹോത്സവം ആറാട്ടോടെ കൊടിയിറങ്ങി

**സാജ് കാവിന്റെ അരികത്ത്**

താമ്പ, ഫ്ലോറിഡ: 10 ദിവസമായി തുടരുന്ന താമ്പ അയ്യപ്പക്ഷത്തിലെ പൈങ്കിനി ഉത്ര മഹോത്സവത്തിന് ഏപ്രിൽ 12ന് പരിസമാപ്തിയായി. ഇത് ആദ്യമായാണ് ഇവിടെ കൊമ്പനാന പുറത്ത് തിടമ്പേറ്റി ആറാട്ട് നടത്തുന്നത്.

പൂർണ്ണചന്ദ്രപ്രഭയിൽ ഗജവീരന്റെ പുറത്തെത്തിയ അയ്യപ്പ വിഗ്രഹം, ഒപ്പം ദ്രാവിഡകുലജാതർ ആനയുടെ പാപ്പാന്മാരും ആയി അവതരിപ്പിച്ചപ്പോൾ, സാക്ഷാൽ ശ്രീ ശബരിമലയിൽ എന്നപോലെ, താമ്പ അയ്യപ്പക്ഷേത്രത്തിലും അത് ഒരു ദേശീയ അഖണ്ഡതയുടെ പ്രതീകമായി മാറി.

ഒരു സാധാരണക്കാരന് ഉപാസനയിലൂടെ സാധനയിലേക്കും തുടർന്നും നിലകൊള്ളുവാൻ തത്വജ്ഞാനം ഇല്ലാതെയും സാധിക്കും എന്ന് തെളിയിക്കുന്ന ഒരു സൃഷ്ടിയായിരുന്നു അവിടെ ആവിഷ്കരിക്കപ്പെട്ടത്.

ഇവിടെ ബിംബം ദൈവത്തിൻറെ പ്രതിബിംബം ആകുമ്പോൾ, റോബോട്ടിക് ആന പ്രാചീനതയുടെ എസൻസ് നഷ്ടപ്പെടുത്താതെ അത് വഹിക്കാനുള്ള വാഹനമായി മാറുന്നു!

സങ്കൽപ്പത്തിനും യാഥാർത്ഥ്യത്തിനും ഒരേ ഫീലിംഗ് നൽകാം എന്നിരിക്കെ, അമേരിക്കയിലെ തിരക്കുപിടിച്ച ഔപചാരികതകൾക്കിടയിൽ, ഇത് ഭക്തർക്ക് ഒരു അനിർവചനീയമായ അനുഭവമായി മാറുന്നു. ഒരുപക്ഷേ വ്യക്തിയെ സംബന്ധിച്ചിടത്തോളം തികച്ചും സ്വകാര്യം എന്ന് തോന്നിയേക്കാവുന്ന ഒരു സന്തോഷം, മറ്റൊരു തരത്തിൽ പറഞ്ഞാൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മലയാളി ഹിന്ദു ആചാരങ്ങളിൽ നിന്ന് അടിസ്ഥാനമായി വ്യതിചലിക്കാതെ അതിനൊരു പുതിയ മുഖം. ഇത് രണ്ടും കൂടിച്ചേരുമ്പോൾ, അയ്യപ്പസ്വാമിയുടെ 'മനുഷ്യനൊന്നാണെന്ന് തത്വം' ബോധ്യപ്പെടുത്താനുള്ള ഒരു ഉപാസനയുടെ കാഹളമായി ഇത് മാറുന്നു.

അമേരിക്കയിലെ കൊച്ചു കേരളം എന്നറിയപ്പെടുന്ന ഫ്ലോറിഡയിൽ സ്ഥിതി ചെയ്യുന്ന താമ്പ അയ്യപ്പ ക്ഷേത്രം, അനുഷ്ഠാനങ്ങൾ ഒട്ടും തെറ്റിക്കാതെ ആചാരങ്ങൾക്ക് ഒരു പുതിയ മുഖം നൽകുകയാണ്. മണ്ഡലകാലത്ത് 41 ദിവസത്തെ വ്രതം എടുത്ത്,






നാനാദിക്കുകളിൽ നിന്നും കാൽനടയായും, റോഡ് വഴിയും ആകാശമാർഗ്ഗവും കൂട്ടമായും അല്ലാതെയും ഒട്ടേറെ അയ്യപ്പഭക്തർ ഇവിടെ എത്തിച്ചേരുന്നു.

താമ്പാവാസന്റെ സന്നിധിയിൽ വന്ന് 18 പടികൾ കയറി ഭക്തിയിൽ ലയിച്ചു ചേരുന്ന ഇവർക്ക്, വ്രതശുദ്ധിയിലൂടെ തത്വമസിയുടെ നിർവചനം സ്വയം കണ്ടെത്തുവാനുള്ള അനുകൂല സാഹചര്യം, സാമ്പ്രദായികതക്ക് ഒട്ടും കോട്ടം തട്ടാതെ ഒരുക്കിയിരിക്കുകയാണ് ക്ഷേത്രം ഭാരവാഹികൾ.

സമാനതകളില്ലാത്ത പ്രവർത്തനങ്ങളുമായി പ്രസിഡണ്ട് ശ്രീ വിജയനാരായണ സ്വാമി ഇതിനെ മുന്നിൽ നിന്ന് നയിക്കുമ്പോൾ, തത്വത്തിന്റെ അർത്ഥം തിരയുന്ന മലയാളികൾ, പ്രത്യേകിച്ചും മണ്ഡലകാല വ്രതത്തിലൂടെ തത്വമസിയുടെ ഈ മാർഗ്ഗം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ചെയർമാൻ ഡോക്ടർ ശ്രീകുമാർ ചെല്ലപ്പൻ അഭിപ്രായപ്പെട്ടു.












eM The Weekly
emalayalee.com

# പ്രകാശം പരത്തുന്ന പൂർണ്ണിമ



രാജു മൈലപ്രാ



അപ്പോൾ സംഭവം നിങ്ങളറിഞ്ഞില്ലേ?. എന്നാൽ ഞാൻ പറയാം. ആരും ഞെട്ടരുത്. പൂർണിമ എന്ന് പേരുള്ള അരുമയായ ഒരു പെൺകൊച്ച് രണ്ടും കൽപിച്ച് അമേരിക്ക കാണുവാനായി പുറപ്പെട്ടു. ഇവർ ഒരു 'യൂട്യൂബർ' ആണത്രേ. ഇതിനോടകം തന്നെ ഉഗാണ്ട, കൊറിയ, ക്യൂബ, ആഫ്രിക്ക, മലയാഴപുഴ അങ്ങനെ ഈ ദുനിയാവിലെ ഒട്ടുമിക്ക സ്ഥലങ്ങളും സന്ദർശിച്ച് അവിടത്തെ വിശേഷങ്ങൾ മാലോകർക്ക് കാട്ടിക്കൊടുത്തു.

'വീണിടം വിഷ്ണു ലോകം' അതാണ് പൂർണിമയുടെ പോളിസി. എവിടെച്ചെന്നാലും ഓസിനു താമസിക്കുന്നതാണ് ശീലം. യാത്രക്ക് ഏത് മാർഗവും സ്വീകരിക്കും, ആരെങ്കിലും നിർത്തികൊടുക്കുന്ന വാഹനത്തിൽ കയറും. മോട്ടോർസൈക്കിൾ, ഓട്ടോറിക്ഷ, ആന, കുതിര, ഒട്ടകം, എന്നുവേണ്ട ഒരിക്കൽ ഒരു മസിൽമാന്റെ തോളിലിരുന്നു യാത്ര ചെയ്യാനുള്ള ഭാഗ്യവും ഈ യുവതിക്ക് ലഭിച്ചു .

യാത്രക്കിടയിൽ ലിഫ്റ്റ് കൊടുക്കുന്നവരുമായി പരിചയപ്പെടും. അവരെ ചിരിച്ചു മയക്കി മണിയടിച്ചു അവരുടെ കുടിലിലോ കൊട്ടാരത്തിലോ കയറിപറ്റും. കിട്ടുന്നതെല്ലാം കഴിക്കും. പട്ടി, പൂച്ച, പാമ്പ്, എലി ഇവയുടെയെല്ലാം ഇറച്ചി പൂർണിമക്ക് അമൃതാണ്. കുളിക്കുവാൻ കുളിമുറി വേണമെന്നില്ല. ആള് വളരെ ഓപ്പൺ ആണ്. വസ്ത്രധാരണമൊന്നും വലിയ വിഷയമല്ല. നഗ്നത മറയ്ക്കുവാൻ ഒരു 'ബാൻഡ് എയ്ഡ്' കിട്ടിയാലും ഹാപ്പിയാണ്. വല്ലഭനു പുല്ലും ആയുധം.

ഇടപഴകുന്ന കാര്യത്തിൽ ആൺ പെൺ വേർതിരിവൊന്നുമില്ല. പൂവനായാലും പിടയായാലും ഒരുപോലെ എന്ന് ഒരു ഇന്റർവ്യൂവിൽ പറയുന്നത് കേട്ടു. അതൊക്കെ അവരുടെ അഭിരുചി. അങ്ങനെ ഉലകം ചുറ്റി പൂർണിമ ന്യൂയോർക്കിൽ പറന്നിറങ്ങി. കഴിഞ്ഞ കുറേക്കാലമായി സോഷ്യൽ മീഡിയയിൽ കൂടി പരിചയപ്പെട്ട പരോപകാരിയായ പാപ്പച്ചൻ ചേട്ടനാണ് ന്യൂയോർക്കിലെ രക്ഷകൻ.

കെന്നഡി എയർപോർട്ടിൽ നിന്നും പൂർണിമയെ ഹാരാർപ്പണം ചെയ്ത് സ്വീകരിച്ച് അവരുമായി ന്യൂയോർക്ക് നഗരമാകെ ഒന്ന് ചുറ്റിയടിച്ചു. കറക്കത്തിന്റെ ഇടയിൽ പൂർണിമ പട്ടണത്തിന്റെ ദൃശ്യങ്ങൾ പകർത്തി. അതാണല്ലോ അവരുടെ തൊഴിൽ. സന്ധ്യ മയങ്ങും നേരത്ത് മരം കോച്ചുന്ന തണുപ്പത്ത് ചേട്ടായി തന്റെ വാസസ്ഥലത്തെത്തി. ആ വീട്ടിൽ പാപ്പച്ചൻ അങ്കിളിന്റെ സഹധർമിണിയുമുണ്ട്. ആ സാധു സ്ത്രീയെ സമ്മതിക്കണം. ഇതുപോലെ ഒരു പരിചയവുമില്ലാത്ത ചന്ദ്ര ബിംബം നെഞ്ചിലേറ്റും പുള്ളിമാനെ പോലെയുള്ള ഒരു പെൺകുട്ടിയുമായി എന്റെ വീട്ടിലേക്ക് ഞാൻ വന്നാലുള്ള അവസ്ഥ ഞാൻ വെറുതെ ഒന്നാലോചിച്ചു നോക്കി. പിന്നെ എപ്പോഴാണ് ഞാൻ കിടക്കുന്ന വെന്റിലേഷന്റെ പ്ലഗ് ഊരുന്നതെന്നു നോക്കിയാൽ മതി.

ഈ പൂർണിമാദേവിക്ക് ആ വീട്ടിൽ വച്ച് എന്തെങ്കിലുമൊരു വീഴ്ച സംഭവിച്ചിരുന്നെങ്കിൽ എന്തെല്ലാം ഭവിഷ്യത്തുകൾ ഉണ്ടായേനെ. ഇനിയാണ് ട്വിസ്റ്റ്. പൂർണിമ ഒരു യൂട്യൂബർ ആണല്ലോ മാക്സിമം റീച് കിട്ടണം. അതേപ്പറ്റി ചിന്തിച്ചു. ചിന്തിക്കണമല്ലോ ആ കൂരിരുട്ടിൽ പൂർണിമയുടെ കുരുട്ടുബുദ്ധിയിൽ പൂർണചന്ദ്രനെ പോലെ ഒരു ഐഡിയ വെളിച്ചം വിതറി. പുറത്തു മഞ്ഞുകലർന്ന മഴ. തണുത്ത കാറ്റ് വീശിയടിക്കുന്നുണ്ട്. അങ്ങ് ദൂരെ എവിടെയോ ഒരു പട്ടി ഓലിയിടുന്നു. നാഗത്താന്മാരെ പോലെ കാർമേഘങ്ങളെ കീറിമുറിച്ചു കൊണ്ട് മിന്നല്പിണരുകൾ പാറി തെളിയുന്നു. നല്ല രംഗസജ്ജീകരണം .

ആരുമറിയാതെ, ക്യാമറയുമായി, ഒച്ചയുണ്ടാക്കാതെ, പൂർണിമ ഒച്ചയുണ്ടാക്കാതെ പുറത്തിറങ്ങി. അയ്യോ നാട്ടുകാരെ ഓടി കൂടുവിൻ പാപ്പച്ചായൻ ഈ പാതിരാത്രിയിൽ എന്നെ പെരുവഴിയിൽ ഇറക്കിവിട്ടേ, അമേരിക്കൻ മലയാളികൾ ഇത്ര നാറികളാണോ?. ഇതാണോ അവരുടെ സംസ്കാരം?.

കരഞ്ഞു വിളിച്ചുകൊണ്ട് പൂർണിമ ഒരു ഭ്രാന്തിയെപ്പോലെ ലക്ഷ്യമേതുമറിയാതെ പെരുവഴിയിൽ അലഞ്ഞു നടന്നു.

'ഉദിഷ്ഠ കാര്യത്തിന് ഉപകാര സ്മരണ' ഉദ്ദേശിച്ച കാര്യം ഉദ്ദേശിച്ചതിനുമപ്പുറം കടന്നു. 'മനോരമ' ഉൾപ്പെടെയുള്ള മാധ്യമങ്ങൾ ഈ കദനകഥ റിപ്പോർട്ടു ചെയ്തു. എൺപതുലക്ഷത്തിലധികം ആളുകൾ ഇതിനോടകം ഈ വീഡിയോ കണ്ടു കഴിഞ്ഞു. പൂർണിമയുടെ കരളലിയിക്കുന്ന കഥയറിഞ്ഞ മഹാമനസ്കരായ അമേരിക്കൻ മലയാളികളുടെ മനസ്സലിഞ്ഞു. നല്ലവരായ അമേരിക്കൻ മലയാളികൾ പൂർണിമക്ക് ഇപ്പോൾ നാടാകെ സ്വീകരണം നൽകുകയാണ് . പല മലയാളി സമാജങ്ങളും അവരുടെ സമ്മേളനങ്ങളിലേക്ക് വിശിഷ്ടാതിഥിയായ് പൂർണിമയെ ക്ഷണിച്ചുകഴിഞ്ഞു .

ഒമ്പതുമാസം ബഹിരാകാശത്തു കഴിയേണ്ടിവന്ന സുനിത വില്യംസിനു കിട്ടിയതിനേക്കാൾ വലിയ വരവേൽപ്പാണ് പൂർണിമക്കിപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. മലയാളികളുടെ ദേശീയ സംഘടനകൾ പൂർണിമയുടെ ഇനിയുള്ള യാത്ര ചിലവുകൾ ഏറ്റടുക്കും എന്നാണറിയുന്നത്. പൂർണിമ തിരിച്ചു കേരളത്തിലെത്തുന്നതിനു മുൻപായി തന്നെ അവർക്കൊരു ഭവനവും നിർമ്മിച്ച് നൽകുവാൻ ആലോചനയുണ്ട്. അതാണല്ലോ അതിന്റെയൊരു രീതി.

നിയമപരമായ മുന്നറിയിപ്പ് :

അമേരിക്കയിൽ വന്ന് ഈ രാജ്യത്തെ ലോകത്തിനു മുന്നിൽ അവഹേളിക്കുന്നവർക്ക് കയ്യിലും കാലിലും അണിയുവാനുള്ള ആഭരണങ്ങളുമായി ഒരാൾ കാത്തിരിക്കുന്നുണ്ട്. 'അറിയാത്തപിള്ള ചൊറിയുമ്പോൾ അറിയും'.



Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907



HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Discover a New You at
TOTAL MEDICAL 360 LLC.
Uncover a new version of yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends advanced medical practices to reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590


KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# കെ എച് എൻ എ ഗോപിനാഥകുറുപ്പിനെ ട്രസ്റ്റീ ചെയർമാൻ ആയി പ്രഖ്യാപിച്ചു

## നേതൃനിരയിൽ അഴിച്ചുപണികൾ നടത്തി ഡയക്ടർ ബോർഡ്



അനിൽ ആറന്മുള

ന്യൂ യോർക്ക്: ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കാനൊരുന്ന കെ എച് എൻ എ യുടെ ട്രസ്റ്റീ ബോർഡിൽ സമൂല മാറ്റങ്ങൾ വരുത്തി ഡയറക്ടർ ബോർഡ്. സംഘടനയുടെ ട്രസ്റ്റീ ബോർഡിൽ അടുത്തകാലത്തായി നില നിന്നിരുന്ന പ്രശനങ്ങൾക്കു ശാശ്വത പരിഹാരം നിർദേശിച്ചതും തീരുമാനങ്ങൾ എടുത്തതും ഡയറക്ടർ ബോർഡ് ഐക്യകണ്ഠേന തന്നെ. അടുത്തകാലത്തായി സംഘടനയുടെ യശസ്സിന് കളങ്കമുണ്ടാക്കുന്ന ചില നീക്കങ്ങൾ നടക്കുന്നതായി ബോധ്യപ്പെട്ടതിനെ തുടർന്നാണ് ദൈനംദിന പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്ന ഡയറക്ടർ ബോർഡ് അംഗങ്ങൾ അടിയന്തിരമായി ഇടപെട്ടത് എന്ന് ഡോ നിഷ പിള്ള പറഞ്ഞു.



ഇക്കഴിഞ്ഞ മാർച്ച് എട്ടാംതീയതി ന്യൂയോർക്കിൽ നടന്ന ഇടക്കാല പൊതുയോഗത്തിൽ സംഘടനയെ ശക്തിപ്പെടുത്താനായി ഭരണഘടനയിൽ കാതലായ മാറ്റങ്ങൾ വരുത്തിയിരുന്നു. ഇതിന്റെ വെളിച്ചത്തിൽ തർക്കം നിലനിന്നിരുന്ന ട്രസ്റ്റീ ബോർഡ് ചെയർമാൻ സ്ഥാനത്തേക്ക് ശ്രീ ഗോപിനാഥക്കുറുപ്പിനെ മൂന്നിൽരണ്ടു ഭൂരിപക്ഷത്തോടെ അംഗീകരിക്കുകയായിരുന്നു. ഇന്നത്തെ ഡയറക്റ്റർ ബോർഡ് യോഗത്തിൽ ഈ തീരുമാനം ശരിവച്ചു.

സനാതന ധർമത്തിൽ അടിയുറച്ച സംഘടനയാണ് കെ എച് എൻ എ എന്നും അതിന്റെ ചട്ടക്കൂടിൽ നിന്ന് പ്രവർത്തിക്കാൻ എല്ലാ അംഗങ്ങളും ബാധ്യസ്ഥരാണെന്നും ഡയറക്ടർ ബോർഡ് വിലയിരുത്തി.

ഡയറക്ടർ ബോർഡ് തീരുമാനങ്ങളുടെ വെളിച്ചത്തിൽ സംഘടനക്ക് അപകീർത്തികരവും അടിസ്ഥാനരഹിതവുമായ വാർത്തകൾ പ്രചരിപ്പിച്ചവർക്കെതിരെ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്ന് ഉടനടി നീക്കം ചെയ്യാൻ ഡയറക്റ്റർ ബോർഡ് ഐക്യകണ്ഠേന തീരുമാനിച്ചു. സിൽവർജൂബിലി കൺവെൻഷൻ ഒരുക്കങ്ങൾ ദ്രുതഗതയിൽ മുന്നേറുമ്പോൾ ഈ മഹത്തായ സംഘടനയെ തളർത്താനുള്ള ഏതു ശ്രമത്തെയും ഒറ്റക്കെട്ടായി ചെറുക്കൻ ഡയറക്ടർ ബോർഡ് അംഗങ്ങൾ തീരുമാനിച്ചു. വ്യാജ വാർത്തകളും അനധികൃത പ്രവർത്തനങ്ങളും നടത്തുന്നവർക്കെതിരെ ശക്തമായ നടപടികളെടുത്തു മഹത്തായ ഈ സംഘടനയെ മുന്നോട്ടു നയിക്കാൻ ഇതിന്റെ ഭാരവാഹികൾ പ്രതിജ്ഞാബദ്ധരാണെന്നും അവർ അറിയിച്ചു.

ഇന്നലെ വൈകുന്നേരം കൂടിയ ട്രസ്റ്റീ ബോർഡിന്റെ അടിയന്തിര മീറ്റിംഗിൽ ട്രസ്റ്റീ ചെയർമാൻ ഗോപിനാഥക്കുറുപ്പും ട്രസ്റ്റീ ബോർഡ് അംഗങ്ങളും തീരുമാനങ്ങൾ അംഗീകരിച്ചതോടെ മേല്പറഞ്ഞ തീരുമാനങ്ങൾ ഉടൻ നടപ്പിലാകും.

അറ്റ്ലാന്റിക് സിറ്റിയിൽ ഓഗസ്റ്റിൽ നടക്കുന്ന കൺവെൻഷൻ വൻ വിജയമാക്കാനുള്ള എല്ലാ ഒരുക്കങ്ങളും ദ്രുതഗതിയിൽ നടന്നുവരുന്നതായി ഡോ നിഷ പിള്ള അറിയിച്ചു. ഇപ്പോൾത്തന്നെ മുന്നൂറിലധികം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതായും അവർ അറിയിച്ചു.

CELEBRATING 30 Yrs Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
- Key Employee Insurance
- Business Overhead Insurance
- Disability Buyouts
- Buy-Sell Arrangements

### Retirement Planning
- 401K Plans
- 403b Plans
- Simplified Employee Pensions (SEPs)
- Simple IRAs

### Employee Benefits Products
- Short-term and Long-term Disability Insurance
- Health Insurance*

### Group Health insurance
- Group Whole Life (Without Medicals)
- Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
- Managed Investment Accounts
- Mutual Funds
- Exchange Traded Funds
- Fixed, Variable and Index Annuities
- Traditional and Roth IRAs
- Education Funding Strategies
- Retirement Planning

### Family Protection
- Long-Term Care Insurance
- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Medicare Supplement & Advantage Plans*
- Medicare Part D*
- Home Owner's Insurance*
- Auto Insurance*
- Estate Conservation
- Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ആഷ്ബേൺ സെയിന്റ് മേരീസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് കാമ്പയിൻ ആരംഭിച്ചു




ഉമ്മൻ കാപ്പിൽ

ആഷ്ബേൺ, വിർജീനിയ  മാർച്ച് 23, 2025: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് കാമ്പയിൻ നോർത്തേൺ വിർജീനിയയിലെ ആഷ്ബേൺ സെയിന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ആരംഭിച്ചു.

കോൺഫറൻസ് ടീമിനെ പ്രതിനിധീകരിച്ച് സുവനീർ എഡിറ്റർ ജെയ്സി ജോൺ, മീഡിയ കമ്മിറ്റി അംഗം ഐറിൻ ജോർജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഭദ്രാസനത്തിലുടനീളമുള്ള കുടുംബങ്ങളിലും യുവാക്കളിലും വിശ്വാസം, കൂട്ടായ്മ, ആത്മീയ നവീകരണം എന്നിവ വളർത്തുന്നതിൽ കോൺഫറൻസിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന നിരവധി ആകർഷകമായ ഘടകങ്ങൾ പ്രതിപാദിക്കപ്പെട്ടു.


വികാരി ഫാ. സജി തറയിൽ മുൻ കോൺഫറൻസുകളിൽ നിന്നുള്ള ഹൃദയംഗമമായ ചിന്തകൾ പങ്കുവെച്ചുകൊണ്ട് ഭദ്രാസനത്തിന്റെ ഈ സുപ്രധാന ശുശ്രൂഷയെ സജീവമായി പിന്തുണയ്ക്കാൻ ഇടവകാംഗങ്ങളെ പ്രേരിപ്പിച്ചു.

ഐറിൻ ജോർജ് കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും കോൺഫറൻസിനെക്കുറിച്ചുള്ള അവശ്യ വിവരങ്ങൾ, അതിന്റെ തീയതി, വേദി, സെഷനുകൾ നയിക്കാൻ നിശ്ചയിച്ചിരിക്കുന്ന പ്രശസ്ത പ്രഭാഷകരുടെ നിര എന്നിവ വിവരിക്കുകയും ചെയ്തു. കോൺഫറൻസിന്റെ ദൗത്യത്തെ പിന്തുണയ്ക്കാൻ താൽപ്പര്യമുള്ള വ്യക്തികൾക്കും ബിസിനസുകൾക്കും ലഭ്യമായ സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചും ഐറിൻ ചർച്ച ചെയ്തു.

ജെയ്സി ജോൺ രജിസ്ട്രേഷൻ പ്രക്രിയയെക്കുറിച്ച് വിശദീകരിക്കുകയും കോൺഫറൻസ് സുവനീറിനെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെക്കുകയും ചെയ്തു. സുവനീറിലേക്ക് പരസ്യങ്ങളും വ്യക്തിഗത ആശംസകളും നൽകാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിച്ചു. തുടർന്ന് ഐറിൻ ജോർജ് കോൺഫറൻസിന്റെ ഭാഗമായി സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും ഒരു അവിസ്മരണീയ സായാഹ്നം വാഗ്ദാനം ചെയ്യുന്ന എന്റർടൈൻമെന്റ് നൈറ്റിൽ പങ്കാളികളാകാനും അഭ്യർത്ഥിച്ചു.

ഫാമിലി കോൺഫറൻസ് സുവനീറിന്

ഇടവകയുടെ സംഭാവന ഭാരവാഹികൾ കോൺഫറൻസ് ടീമിന് കൈമാറി.



രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ്, സുവനീർ പരസ്യങ്ങൾ എന്നിവയിലൂടെ നിരവധി അംഗങ്ങൾ കോൺഫറൻസിന് പിന്തുണ അറിയിച്ചു.

ആവേശവും പ്രതീക്ഷയും നിറഞ്ഞുനിൽക്കുന്ന 2025 ലെ ഫാമിലി & യൂത്ത് കോൺഫറൻസ്, ആത്മീയ വളർച്ചയെ പരിപോഷിപ്പിക്കുകയും, ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും, ഐക്യത്തിന്റെയും ലക്ഷ്യത്തിന്റെയും ശക്തമായ പ്രകടനത്തിൽ വിശ്വാസികളെ ഒരുമിച്ച് കൊണ്ടുവരികയും ചെയ്യുന്ന ഒരു പരിവർത്തനാനുഭവമാകാൻ ഒരുങ്ങിയിരിക്കുന്നു.

2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ. ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദിക സംഘം ജനറൽ സെക്രട്ടറി, റവ. ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ) വർഗീസ്, (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമീഡോ- നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യ പ്രാസംഗികർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെനിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു''(ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.




രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ: 914-806-4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917.612.8832), ജോൺ താമരവേലിൽ, കോൺഫറൻസ് ട്രഷറർ) (ഫോൺ: 917.533.3566) എന്നിവരുമായി ബന്ധപ്പെടുക.













Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy



Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home
& Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# പ്രീസിങ്ക്ട് 3 കോൺസ്റ്റബിൾ അലി ഷെയ്ഖാനി: സാമൂഹ്യ സേവനത്തിന്റെ നിലക്കാത്ത ഉറവ



അനിൽ ആറന്മുള

ഷുഗർലാൻഡ്, ടെക്സാസ് : ഒരു പോലീസ് ഉദ്യോഗസ്ഥൻ തന്റെ ശമ്പള തുക മുഴുവൻ സാമൂഹ്യ സംഘടനകൾക്ക് ദാനം നൽകുന്നു. തിരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ അദ്ദേഹം വോട്ടർമാരോട് പറഞ്ഞ കാര്യമാണ് 'പണമല്ല സേവനം മാത്രമാണ് എന്റെ ലക്ഷ്യം' എന്ന്. പറഞ്ഞാൽ അത് പ്രവർത്തിക്കുമെന്ന് അദ്ദേഹം തെളിയിച്ചത് വിളിച്ചു കൂട്ടിയ മാധ്യമപ്രവർത്തകരുടെ മുൻപിലും.

മറ്റു പോലീസ് ഉദ്യോഗസ്ഥർക്കൊപ്പം പ്രീസിങ്ക്ട് 3 ക്യാപ്റ്റൻ മനോജ് പൂപ്പാറയിലും (മനു പി) അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

വൻപിച്ച ഭൂരിപക്ഷത്തോടെ ഫോർട്ട് ബെൻഡ് കൗണ്ടി പ്രീസിങ്ക്ട് മൂന്ന് കോൺസ്റ്റബിളായി തിരഞ്ഞെടുക്കപ്പെട്ട അലി ഷെയ്ഖാനി തന്റെ മൂന്നു മാസത്തെ ഭരണ നേട്ടങ്ങൾ വിവരിക്കാനായി വിളിച്ചു കൂട്ടിയ പത്രസമ്മേളനത്തിലാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.




കഴിഞ്ഞ മൂന്നു മാസമായി അദ്ദേഹത്തിന് ലഭിച്ച ആറു പേ ചെക്കുകൾ ഓരോന്നും ആറു സംഘടനകൾക്ക് നൽകി മാതൃകയായി. ഓരോ ചെക്കും 4125 ഡോളർമുതൽ 4387 ഡോളർ വരെ തുകയുള്ളവയായിരുന്നു. ഫോർട്ബെൻഡ് കൗണ്ടിയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളായ ചൈൽഡ് അഡ്വക്കേറ്റ്സ് ഓഫ്

ഫോർട്ട് ബെൻഡ്, ദി ആർക്ക് ഫൌണ്ടേഷൻ, ഫോർട്ട് ബെൻഡ് പാവ്സ് (Paws), അമേരിക്കൻ ലിജിയൻ വെറ്ററൻസ് പോസ്റ്റ് 942, ഹിസ്പാനിക് ഹെറിറ്റേജ് അലയൻസ്, ഫാമിലി ലൈഫ് ആൻഡ് കമ്മ്യൂണിറ്റി റിസോർസ് സെന്റർ എന്നീവയുടെ പ്രതിനിധികൾ ചെക്കുകൾ ഏറ്റുവാങ്ങി.

തങ്ങളുടെ വരുമാനത്തിൽ നിന്ന് ഒരു തുക നീക്കിവച്ചു ആവശ്യക്കാരെ സഹായിച്ചു പോന്നിരുന്ന അമ്മയാണ് തൻറെ മാർഗ്ഗദീപം എന്നും മാതാവിന്റെ പേരിൽ ഒരു ചാരിറ്റി പ്രസ്ഥാനം നടത്തിവരുന്നതായും മാധ്യമപ്രവർത്തകന്റെ ചോദ്യത്തിനുത്തരമായി അലി പറഞ്ഞു. പോലീസുകാർ സാധാരണ ടിക്കറ്റ് ആണ് കൊടുക്കാറുള്ളതെന്നും ആദ്യമായാണ് ചെക്ക് കൊടുക്കുന്ന പോലീസിനെ കാണുന്നത് എന്നും 'നേർകാഴ്ച' ചീഫ് എഡിറ്റർ സൈമൺ വാളച്ചേരിൽ പറഞ്ഞപ്പോൾ തന്റെ ഓഫീസർമാർ ടിക്കറ്റ് എഴുതുന്നതും കുറച്ചിട്ടുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. തന്റെ സേനയിലെ ക്യാപ്റ്റൻ മനോജിന്റെ നേതൃത്വത്തിൽ ജനുവരി മുതൽ മാർച്ച് മുപ്പത്തിഒന്നുവരെ മൂവായിരത്തിലധികം നിയമലംഘനങ്ങളിൽ വെറും 83 ട്രാഫിക് ടിക്കറ്റുകളാണ് നൽകിയത് എന്ന് അദ്ദേഹം പറഞ്ഞു. ബാക്കിയുള്ളവരെ കാര്യങ്ങൾ ബോദ്ധ്യപെടുത്തി പറഞ്ഞയക്കുകയാണ് ചെയ്തത്. പോലീസ് ഫോഴ്സിന്റെ മാതൃകാപരമായ ഇടപെടലുകൾക്ക് നേതൃത്വം നൽകുന്ന മനോജിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കാൻ അദ്ദേഹം മറന്നില്ല. പോലീസ് എന്നത് ഭയപ്പെടുത്താനല്ല പകരം സൗഹൃദത്തിലൂടെ ബോധവൽക്കരിക്കാനാണ് ശമിക്കുന്നതു എന്ന് ക്യാപ്റ്റൻ മനോജ് പറഞ്ഞു.

പെട്രോളിങ്ങിലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂട്ടിയിട്ടുണ്ടെന്നും സമൂഹവുമായി ചേർന്ന് കൂടുതൽ സുരക്ഷാ ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ തുടരുമെന്നും അലി പറഞ്ഞു. തങ്ങളുടെ പ്രവർത്തന പരിധിക്കുള്ളിലുള്ള ആർക്കും ഏതു സമയത്തും തന്റെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണെന്നു അലി ഷെഖാനി അറിയിച്ചു.








# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**


Now baking
4 exciting
flavors
Plum
Cakes
Freshly
Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with
Finest Organic
& Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing
Professionals from all 50 states
NOW
ACCEPTING
BULK
PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727


The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# ട്വൻറി ട്വൻറി ഫ്രണ്ട്സ് ഓഫ് ഡാളസ് ക്രിക്കറ്റ് ലീഗ് മത്സരങ്ങൾക്ക് തുടക്കം കുറിച്ചു




ബബു പി സൈമൺ

ഡാളസ്: നാലാമത് ട്വൻറി 20 ക്രിക്കറ്റ് ലീഗ് മത്സരങ്ങൾ ഏപ്രിൽ 13 ഞായറാഴ്ച മുതൽ ആരംഭിച്ചു. ഞായറാഴ്ച നാലുമണിക്ക് നടത്തപ്പെട്ട ആദ്യമത്സരം സിറ്റി ഓഫ് ഗാർലാൻഡ് മേയർ സ്ഥാനത്തേക്ക് മത്സരിക്കുന്ന മലയാളി സ്ഥാനാർത്ഥി ഷിബു സാമുവൽ ഉദ്ഘാടനം ചെയ്തു.

പകലും രാത്രിയുമായി നടന്ന മത്സരത്തിൽ ലയൺസ് ടീം ജേതാക്കളായി. മത്സരത്തിൽ ഡാളസ് ലയൺസ് ടീം ക്ലബ്ബിൻറെ ക്യാപ്റ്റൻ ജോയൽ ഗിൽഗാൽ 8 ബൗണ്ടറികളും 4 സിസ്റുകളും ഉൾപ്പെടെ 80 റൺസ് അടിച്ചെടുത്തു കൊണ്ട് മാൻ ഓഫ് ദി മാച്ച് ആയി തെരഞ്ഞെടുക്കപ്പെട്ടു. ടോസ് നേടി ആദ്യം ബാറ്റിങ്ങിനിറങ്ങിയ ലയൺസ് ടീം നാല് വിക്കറ്റ് നഷ്ടത്തിൽ 233 റൺസെടുത്തു. എന്നാൽ രണ്ടാമത് ബാറ്റിംഗിനിറങ്ങിയ ബ്ലാസ്റ്റേഴ്സ് ടീമിന് 20 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 184 റൺസെടുക്കാനെ സാധിച്ചുള്ളു. നാലാം സീസണിൽ ജോയൽ ഗിൽഗാൽ നയിക്കുന്ന ഡാളസ് ലയൺസ്, അജു മാത്യു നയിക്കുന്ന ഡാളസ് ബ്ലാസ്റ്റേഴ്സ്, മാത്യു (മാറ്റ്) സെബാസ്റ്റ്യൻ നയിക്കുന്ന ഡാളസ് വാരിയേഴ്സ്, അലൻ ജയിംസ് നയിക്കുന്ന ഡാളസ് ചാർജേഴ്സ്, എന്നീ ടീമുകളാണ് മാറ്റുരയ്ക്കുന്നത്. ഒരു മാസത്തോളം നീണ്ടു നിൽക്കുകയും, രാത്രിയും പകലുമായി നടത്തപ്പെടുന്ന എല്ലാ മത്സരങ്ങളും, ഗാർലാൻഡ് സിറ്റിയിൽ സ്ഥിതിചെയ്യുന്ന ഓട്സ് ഡ്രൈവിലുള്ള ക്രിക്കറ്റ് മൈതാനത്തിൽ വച്ചാണ് നടത്തപ്പെടുന്നത്. ക്രിക്കറ്റ് പ്രേമികൾക്ക് മത്സരങ്ങൾ കണ്ട് ആസ്വദിക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക ക്രമീകരണങ്ങളും, ഇരിപ്പിടങ്ങളും തയ്യാറാക്കിയിട്ടുണ്ട് എന്നും, ക്രിക്കറ്റ് പ്രേമികളുടെ അഭ്യർത്ഥന മാനിച്ച് മത്സരങ്ങൾ കാണുവാനുള്ള പ്രവേശനം സൗജന്യമായിരിക്കും എന്നും സംഘാടകർ അറിയിച്ചു.

ഡാളസ് ഫോർട്ട് വർത്ത സിറ്റികളിൽ വളർന്നുവരുന്ന ക്രിക്കറ്റ് പ്രതിഭകളെ കണ്ടെത്തി, അവർക്ക് വേണ്ടുന്ന പരിശീലനം നൽകുന്നതിന് ഫ്രണ്ട്സ് ഓഫ് ഡാളസ് ക്രിക്കറ്റ് ടീം കാണിക്കുന്ന താല്പര്യങ്ങൾക്ക് ടീമിനെ പ്രത്യേകം അഭിനന്ദിക്കുകയും, സിറ്റി ഓഫ് ഗാർലണ്ടിൽ ക്രിക്കറ്റ് പ്രചാരത്തിനായി കൂടുതൽ മൈതാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രത്യേക കർമപരിപാടികൾക്ക് നേതൃത്വം നൽകുവാൻ താൻ പരിശ്രമിക്കുമെന്ന് ഉദ്ഘാടനവേളയിൽ മേയർ സ്ഥാനത്തേക്ക് മത്സരിക്കുന്ന ശ്രീ. ഷിബു സാമുവൽ അറിയിച്ചു.


മത്സരങ്ങളുടെ മെഗാ സ്പോൺസറായി ജസ്റ്റിൻ വർഗീസ് (ജസ്റ്റിൻ വര്ഗീസ് റീയൽറ്റി), മറ്റു സ്പോൺസർമാർ ബിജു തോമസ് (എയ്ഞ്ചൽവാലി ഹോസ്പിസ്), വിൻസെന്റ് ജോൺകുട്ടി (റെഡ് ചില്ലീസ് റസ്റ്റോറൻറ്) എന്നീ ബിസിനസ് സ്ഥാപനങ്ങൾ ടൂർണമെൻറ് വിജയത്തിനുവേണ്ടി കമ്മിറ്റിയോടൊപ്പം ചേർന്ന് പ്രവർത്തിച്ചു വരുന്നു എന്ന് സംഘാടകർ അറിയിച്ചു.


STARS


ST PAUL
FRIENDS OF DALLAS


FRIENDS OF DALLAS




In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680



MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**ആനിയമ്മ ജോൺ**

മിസ്സിസാഗാ, കാനഡ: പ്രശസ്ത സാഹിത്യകാരൻ ജോൺ ഇളമതയുടെ പത്നി ആനിയമ്മ ജോൺ ഇളമത യിൽ (79)അന്തരിച്ചു. ജർമ്മനിയിലും കാനഡയിലുമായി 40 വർഷത്തിലേറെയായി നഴ്സായി ജോലി ചെയ്തു. ജോലിയിലെ സമർപ്പണവും ബന്ധുമിത്രാദികളോടുള്ള കരുതലും അവരുടെ ജീവിതത്തിന്റെ മുഖമുദ്രയായി. ഭർത്താവിന്റെ സാഹിത്യ പ്രവർത്തനങ്ങൾക്കും തുണയായി നിന്നു. എടത്വയിലെ പാണ്ടങ്കരിയിലെ കൊച്ചുപുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: ജിനോ, ജിക്കു. മരുമകൾ: കെറി മിച്ചൽ. കൊച്ചുമകൾ: ഹാന മറിയ. സഹോദരർ: ലീലമ്മ, പരേതയായ കന്യാസ്ത്രി തങ്കമ്മ, വത്സമ്മ, പരേതയായ റോസക്കുട്ടി, ലൈസാമ്മ, മോഡിച്ചൻ, ജർമ്മനിയിലുള്ള ത്രേസ്യാമ്മ കണ്ടത്തിൽ .



**ഏലിക്കുട്ടി**

ഷിക്കാഗോ: ഏലിക്കുട്ടി പത്തികുളങ്ങര (95) ഷിക്കാഗോയിൽ അന്തരിച്ചു. പരേതയായ വർഗീസ് പത്തികുളങ്ങരയുടെ ഭാര്യയാണ്. മക്കൾ : യാക്കോബ്, റോസിലി, മേരി, ബേബി, ജോസ്, ലിസ്സി, ജോണി (എല്ലാവരും ഷിക്കാഗോയിൽ). മരുമക്കൾ: റോസി, ദേവസ്സി, ജോണി, ആനി, ജിൻസി, സാജു, സിന്ധു(എല്ലാവരും ഷിക്കാഗോയിൽ). കൊച്ചുമക്കൾ: ജോജി ജിസോ ജിനോ, ഷാനു ഷിനു, ലൂസി ലെറ്റി ലിജോ, അഞ്ജലി ആദർശ്, ആൻമേരി, അജേഷ് കെവിൻ, ജെറിൻ ജോയൽ. പേരക്കുട്ടികൾ: ആഞ്ജലീന എൽവിൻ, അന്ന അമല ആരാധന, അഗസ്റ്റിൻ, റോസ്മേരി റയാൻ.

**പ്രകാശ് മാത്യു**

പാമ്പാടി:ചേന്നംപള്ളി വിളയിൽ വടക്കേതിൽ പ്രകാശ് മാത്യു (68) അന്തരിച്ചു.



**അച്ചാമ്മ മാത്യു**

റോയ്സ് സിറ്റി (ഡാളസ്): അച്ചാമ്മ മാത്യു (80) ടെക്സസ്സിലെ റോയ്സ് സിറ്റിയിൽ ഏപ്രിൽ 15-ന് അന്തരിച്ചു. രാമമംഗലത്ത് മൂത്തേടത്ത് വീട്ടിൽ കുര്യൻ ഉലഹന്നാൻ, അന്നമ്മ കുര്യൻ ദമ്പതികളുടെ മകളാണ്.1975-ൽ അമേരിക്കയിലെ ന്യൂജേഴ്സിയിൽ എത്തിച്ചേർന്ന ഇവർ 45വർഷക്കാലം നഴ്സായി ജോലി ചെയ്തു. ഭർ ത്താവ്: ഷെവലിയർ എബ്രഹാം മാത്യു (തങ്കച്ചൻ) മക്കൾ: ജേസൺ, ജസ്റ്റിൻ. സഹോദരങ്ങൾ (ജോൺ, ഉലഹന്നാൻ, ആനി, കുര്യൻ (പരേതൻ), കുരുവിള.

**ജി.സി.മാത്യൂസ്**

മെർക്കാറ (കൂർഗ്):മാൽദാരെ വള്ളിമല എസ്റ്റേറ്റ് ജി.സി.മാത്യൂസ് (ഐജു63) അന്തരിച്ചു. ഭാര്യ: കാനം വെട്ടുവേലി അനിത. മക്കൾ: മാമ്മൻ മാത്യു, ചാണ്ടി മാത്യു, ഫിലിപ്പ് മാത്യു.




**കുഞ്ചെറിയ**

ഡാളസ്: കൈനിക്കര കുഞ്ചെറിയ ഡാളസിലെ സണ്ണിവെയ്‌ലിൽ അന്തരിച്ചു. ഡാളസ് സെന്റ് തോമസ് സീറോ മലബാർ കാത്തലിക് ഫൊറോനാചർച്ച് സ്ഥാപക അംഗങ്ങളിൽ ഒരാളായിരുന്നു. രണ്ടുതവണ ട്രസ്റ്റിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൈനിക്കര ജോർജ് (സിജു) സഹോദരനാണ്ഭാര്യ: മറിയാമ്മ കുഞ്ചെറിയ.മക്കൾ: ജോൺസൺ കുഞ്ചെറിയ (കാലിഫോർണിയ), വിൽസൺ കുഞ്ചെറിയ (ഡാളസ്).മരുമക്കൾ: പ്രിയ ജോൺസൺ, ബ്ലെസി വിൽസൺ.കൊച്ചുമക്കൾ: ഡിലൻ, ദിയ, നവോമി.

**കെ.ഇ.മാത്തുള്ള**

തിരുവല്ല:തിരുവല്ലയിലെ ആദ്യകാല കേറ്ററിങ് ഗ്രൂപ്പായ കറ്റോട് പ്രൈവ്റ്റ് കേറ്ററിങ് ഉടമ ആഞ്ഞിലിമൂട്ടിൽ കണ്ടത്തിൽ കെ.ഇ.മാത്തുള്ള (കുഞ്ഞ്78) അന്തരിച്ചു.



**എബ്രഹാം പി. ചാക്കോ**

ടാമ്പാ,ഫ്ളോറിഡ: മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡ (എംഎസിഎഫ്) മുൻ പ്രസിഡണ്ടും (2004) ഫൊക്കാന ആർ.വി.പി.യും (2008 2010) ആയിരുന്ന എബ്രഹാം പി. ചാക്കോ അന്തരിച്ചു. ബ്രാൻഡൻ കുഞ്ഞുമോൻ എന്നറിയപ്പെടുന്ന അദ്ദേഹം, ടാമ്പാ മലയാളി സമൂഹത്തിലെ പ്രിയപ്പെട്ട അംഗമായിരുന്നു, ഏറെ ആദരിക്കപ്പെട്ട വ്യക്തിത്വം. എണ്ണമറ്റ വ്യക്തികളുടെ ജീവിതത്തെ സമ്പന്നമാക്കിയ അദ്ദേഹം തന്റെ സമയവും ഊർജ്ജവും സംഘടനകളുടെ വളർച്ചക്കും പുരോഗതിക്കും വേണ്ടി വിനിയോഗിക്കുകയും ചെയ്തു. ടാമ്പയിലെ സെന്റ് മാർക്ക്സ് പള്ളിയുടെ സ്ഥാപക അംഗമായിരുന്നു. നിരവധി വർഷങ്ങളായി അതിന്റെ വിവിധ പദവികളിൽ സേവനമനുഷ്ഠിച്ചു.



**സി. മാക്സിമിൻ എസ്.വി.എം**

കോട്ടയം: വിസിറ്റേഷൻ സന്ന്യാസിനീ സമൂഹാംഗമായ സി. മാക്സിമിൻ എസ്.വി.എം (80) അന്തരിച്ചു. മള്ളൂശ്ശേരി ഇടവക ഇടയാഞ്ഞിലിൽ പരേതരായ പുന്നൻ അന്നമ്മ എന്നിവരുടെ മകളാണ്. കുഞ്ഞുമോൻ, പരേതരായ ചാക്കോ, ബേബി, പുന്നൻ, ജോയി, അമ്മിണി, മോളി, ത്രേസ്യാമ്മ എന്നിവർ സഹോദരങ്ങളാണ്. കട്ടച്ചിറ, മാഞ്ഞൂർ, പുന്നത്തുറ, മാലക്കല്ല്, മ്രാല, മടമ്പം, ഉഴവൂർ, കുമരകം, കിഴക്കേ നട്ടാശ്ശേരി, ഒളശ്ശ, പാച്ചിറ, പാലത്തുരുത്ത്, എന്നിവിടങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്.

**റോസമ്മ മത്തായി**

കൂത്രപ്പള്ളി:പാലംപറമ്പിൽ പരേതനായ മത്തായിയുടെ ഭാര്യ റോസമ്മ മത്തായി (81) അന്തരിച്ചു. ചെത്തിപ്പുഴ കുടുംബാംഗമാണ്.



**അന്നമ്മ ഫിലിപ്പ്**

മാഞ്ഞൂർ സൗത്ത്: കുന്നത്തറയ്ക്കൽ ഫിലിപ്പിന്റെ ഭാര്യ അന്നമ്മ ഫിലിപ്പ് (84) അന്തരിച്ചു. പരേത കട്ടച്ചിറ ഇടവക കോട്ടൂർ കുടുംബാംഗമാണ്. മക്കൾ: കെ.പി. അലക്സാണ്ടർ, ആൻസി, ലിസി, ഡെയ്സി, മേഴ്സി. മരുമക്കൾ: റോസിലി(ഒളശ്ശ), ഷാജി(കിടങ്ങൂർ), ജോഷി(ചാമക്കാല), ബേസിൽ(കിടങ്ങൂർ), ഷാജി(കല്ലറ). മിഷൻ ലീഗ് കോട്ടയം അതിരൂപത ഡയറക്ടറും ചേർപ്പുങ്കൽ പള്ളി വികാർ ഇൻ ചാർജുമായ ഫാ.ഷെറിൻ കുരിക്കിലേട്ട് കൊച്ചുമകനാണ്.

**വി.ജെ.പൗലോസ്**

വാകത്താനം:വടക്കേത്തര വി.ജെ.പൗലോസ് (ജോയ് ,61) അന്തരിച്ചു. ഭാര്യ: മാലം കുഴിനാഗനിലത്തിൽ ബിനി ജോയ്. മകൻ: അമൽ പി. ജോൺസൺ (പുരക്കൽ ഹോണ്ട കോട്ടയം).



**ഏലിയാമ്മ ഫിലിപ്പ്**

കൈപ്പുഴ: അഴകേടത്ത് പരേതനായ ഫിലിപ്പിന്റെ ഭാര്യ ഏലിയാമ്മ ഫിലിപ്പ് (83) അന്തരിച്ചു. പരേത നീണ്ടൂർ പറമല കുടുംബാംഗം. മക്കൾ: സി.ആലീസ് (യുകെ), സാലി, സാബു (യുകെ), സജി (ഡൽഹി). മരുമക്കൾ: സിബി വള്ളിക്കാട്ട് ഏറ്റുമാനൂർ, ഷിബി (കാവനാൽ കരിങ്കുന്നം), ഷീന (മുരിങ്ങോത്ത് വാകത്താനം).

**സിസ്റ്റർ ആലീസ് തോമസ്**

കങ്ങഴ:സന്യാസി സമൂഹം ചങ്ങനാശേരി സെന്റ് മാത്യൂസ് പ്രോവിൻസ് മുടിയൂർക്കര എസ് എച്ച് ജ്യോതിസ് മഠാംഗമായ സിസ്റ്റർ ആലീസ് തോമസ് (72) അന്തരിച്ചു.

**കെ.ടി.ചാക്കോ**

നീലംപേരൂർ:കോലത്ത് തൈത്തറ കെ.ടി.ചാക്കോ (കുഞ്ഞ്,87) അന്തരിച്ചു.



**കെ.സി ജോസഫ്**

കൈപ്പുഴ: ഗോവ പോർട്ട്സ് റിട്ട.ക്യാപ്റ്റൻ കണ്ടത്തിൽ കെ.സി ജോസഫ് (72) അന്തരിച്ചു. ഭാര്യ: എൽസിയാമ്മ സംക്രാന്തി പൂഴിക്കുന്നേൽ കുടുംബാംഗം. മക്കൾ: അജെയ് ജെയിംസ് ജോസഫ് (മസ്കറ്റ്), പരേതയായ അനീഷ ജോസഫ്.



**അലക്സാണ്ടർ തോമസ്**

ന്യൂയോർക്ക്: പന്തളം തോന്നല്ലൂർ മണ്ണിൽ മനോരമ ഭവനിൽ അലക്സാണ്ടർ തോമസ് (64) അന്തരിച്ചു.



**തോമസ് കെ. തോമസ്**

ഹൂസ്റ്റൺ: തോമസ് കെ. തോമസ് (ബാബു, 77 വയസ്സ്) ഹൂസ്റ്റണിൽ അന്തരിച്ചു. ചെങ്ങന്നൂർ കൊല്ലരയ്യം പീടികയിൽ പരേതരായ കെ.റ്റി. തോമസിന്റേയും, സാറാമ്മയുടേയും മകനാണ്.ഭാര്യ പരേതയായ സാറാമ്മ (ബാബ) മൂഴിക്കാല കൊച്ചുമലയിൽ കുടുംബാംഗമായിരുന്നു.മക്കൾ: ബോബി, ബിബീ, ബറ്റ്സി.മരുമക്കൾ:സ്മിതാ, കവിത, ഫിനു.

**സി.പി.വർഗീസ്**

കൊല്ലാട്:കോയമ്പത്തൂർ റൂബി റബേഴ്സ് മുൻ ഡിപ്പോ മാനേജർ ചിലമ്പത്ത് സി.പി. വർഗീസ് (സണ്ണി,86) അന്തരിച്ചു. ഭാര്യ: പരേതയായ സരസു വർഗീസ്. മക്കൾ: ലാല്ജി ഫിലിപ്പ് (ദുബായ്), മോളി ജോർജ്. മരുമക്കൾ: സുഷ ഫിലിപ്പ് കുരുടാമണ്ണിൽ (റാന്നി),മനോജ് കെ. ജോർജ് (കൊല്ലാട്).


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News